# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 10 ലക്കം - 2 മകരം - 1192 ഫെബ്രുവരി 2017






എറണാകുളം ചിൻമയ മിഷന്റെ ആഭിമുഖ്യത്തിൽ ആഗോള ചിൻമയ മിഷൻ മേധാവി സ്വാമി സ്വരൂപാനന്ദയ്ക്ക് ടിഡിഎം ഹാളിൽ നൽകിയ സ്വീകരണചടങ്ങിൽ നിന്ന്......





2017 ജനുവരി 10 ന് ടി ഡി എം ഹാളിൽ നടന്ന തിരുവാതിര ആഘോഷം.





എറണാകുളം കരയോഗത്തിൻെറ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഉറിയംപെട്ടി കുട്ടമ്പുഴ ആദിവാസി കോളനിയിലെ അന്തേവാസികൾക്ക് മരുന്ന്, പുതപ്പ്, എന്നിവ വിതരണം ചെയ് തു. ആലപ്പാട്ട് മുരളീധരൻ, ഡോ. എ.പാർവ്വതി, കെ.ടി.മോഹനൻ, കെ. ജനാർദ്ദനൻ, എസ്. ശ്രീകുമാർ തുടങ്ങിയവർ സമീപം.



എറണാകുളം ശിവക്ഷേത്രോത്സവത്തോടനുബന്ധിച്ച് ടിഡിഎം ഹാൾ ദീപാലങ്കാരപ്രഭയിൽ

# ഉള്ളടക്കം

വാല്യം 10 | ലക്കം 2 | ഫെബ്രുവരി 2017


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 15 |
| ഞാൻ കണ്ട യൂറോപ്പ് | 19 |
| പാതഞ്ജലയോഗദർശനം | 22 |
| വീണ വടവൃക്ഷം | 24 |
| സങ്കടങ്ങൾ (കവിത) | 32 |
| തിരുവാതിര | 33 |
| കാതങ്ങൾ കടന്നുവന്ന കാലൊച്ച | 35 |
| ബുധൻ : സൂര്യന്റെ അടുപ്പക്കാരൻ | 38 |
| ഹെൽത്ത് ടിപ്സ് | 40 |
| ഉപനിഷത്തുകളിലൂടെ | 41 |
| കുഞ്ഞുണ്ണിമാസ്റ്റർ | 43 |
| സത്യത്തിന്റെ സ്വരം | 47 |
| മലയാള സാഹിത്യവും വനിതകളും | 48 |
| എറണാകുളം കരയോഗം പി.എസ്. ഗോപിനാഥൻ നായർ അവാർഡ് | 50 |
| എറണാകുളം കരയോഗത്തിന്റെ സേവനപാതയിലൂടെ വേറിട്ട ചരിത്രം | 51 |
| മാസഫലം | 54 |
| മാട്രിമോണിയൽ | 55-65 |


## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**


## എഡിറ്റോറിയൽ

# സ്വാഗതാർഹം ഈ കോടതി വിധി

കഴിഞ്ഞ കുറെ കാലങ്ങളായി നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരുന്ന തിരഞ്ഞെടുപ്പുകൾ, ജാതി, മത, വർഗ്ഗ ഭാഷ എന്നിത്യാദി മതേതരത്വത്തിനും, ജനാധിപത്യത്തിനും ഭീഷണി ഉയർത്തുന്ന ചിന്താഗതികൾ പ്രചരിപ്പിച്ച് അതിലൂടെ അധികാരത്തിലേറാൻ വഴി തുറക്കുന്ന പ്രക്രിയകൾ മാത്രമായി അധപ്പതിച്ചിരുന്നു. സംഘടിത അവർ ഈ അവസരം ശരിക്കും മുതലാക്കി, അവരുടെതായ വോട്ടുബാങ്കുകൾ സൃഷ്ടിച്ച് വിലപേശൽ നടത്തി ഭരണം അവരുടെ ചൊൽപ്പടിയിൽ നിർത്തുന്ന കാഴ്ചയാണ് നാം കണ്ടു കൊണ്ടിരുന്നത്. സംഘടിത മതവിഭാഗങ്ങൾ കൊട്ടുന്ന താളത്തിനനുസരിച്ച് തുള്ളുകയായിരുന്നു മിക്ക രാഷ്ട്രീയ പാർട്ടികളും. സംഘടിത മതവിഭാഗങ്ങളുടെ വോട്ടുകൾ മൊത്തമായി നേടിയെടുക്കുന്നതിനുവേണ്ടി അവർക്ക് ആനുകൂല്യങ്ങൾ വാരിക്കോരി നല്കുന്നതിൽ മത്സരിക്കുകയായിരുന്നു ഈ രാഷ്ട്രീയക്കാർ. കേരളമാണ് ഈ വിപത്തിന്റെ വേദന ഏറ്റവും കൂടുതൽ ഏറ്റു വാങ്ങിയത്. ഒരു പ്രത്യേക മതത്തെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടിയെ കൂടെ നിർത്തുന്നതിനുവേണ്ടി ഒരു മുന്നണി എല്ലാവിധ സീമകളേയും ലംഘിച്ചുകൊണ്ട് പ്രീണന നയം നടപ്പാക്കിയപ്പോൾ, അവരെ കളം മാറ്റി ചവിട്ടിക്കുവാനും, ആ വിഭാഗത്തിന്റെ വോട്ടുകൾ അപ്പാടെ നേടിയെടുക്കുന്നതിനായി മത്സരബുദ്ധിയോടെ മറ്റെ മുന്നണിയും ആനുകൂല്യങ്ങൾ ലോഭമന്യേ എത്തിക്കുകയായിരുന്നു. സാംസ്കാരിക വിദ്യാഭ്യാസ മേഖലയാണ് ഏറ്റവും കൂടുതൽ ഇതിനായി ഉപയോഗിച്ചിട്ടുള്ളതും. വിദ്യാർത്ഥികൾക്കുള്ള സഹായങ്ങൾ മുതൽ കലോത്സവങ്ങൾ വരെ ഈ പ്രീണനംകൊണ്ട് മലീമസപ്പെട്ടിരിക്കുകയാണിന്ന്. ഇനിയും അതിനൊരു മാറ്റവും വന്നിട്ടില്ല. സർക്കാർ ഖജനാവിലെ പണം ചില പ്രത്യേക വിഭാഗങ്ങൾക്കു മാത്രമായി വഴി മാറ്റപ്പെടുമ്പോൾ മറ്റുള്ളവർക്ക് ന്യായമായും ലഭിക്കേണ്ട വിഹിതം നഷ്ടമാകുകയാണല്ലോ? പഴയകാലത്ത് ഹിന്ദുക്കളുടെ മുകളിൽ ചുമത്തിയിരുന്ന ജസിയ പോലുള്ള

കരിനിയമങ്ങൾക്കു തുല്യമായിരുന്നില്ലെ ഈ തരം താഴ്ത്തൽ?

എല്ലാത്തിനും, ഒരവസാനമുണ്ട്. കാലം, അല്ലെങ്കിൽ ഈശ്വരൻ ആ പ്രക്രിയ അവസരം വരുമ്പോൾ ചെയ്തു കൊള്ളും. ഭാരതത്തിന്റെ പരമോന്നത നീതി പീഠം വിധി പുറപ്പെടുവിച്ചിരിക്കുന്നു, ജാതി, മത, വർഗ്ഗ പ്രീണനങ്ങൾക്കെതിരെ മതത്തിന്റെയും ജാതിയുടെയും, വംശത്തിന്റെയും , ഭാഷയുടെയും പേരിൽ വോട്ട് ചോദിക്കുന്നതും, അതിന്റെ അടിസ്ഥാനത്തിൽ പ്രചരണം നടത്തുന്നതും നിയമവിരുദ്ധമാണെന്ന് സുപ്രിം കോടതി ചീഫ് ജസ്റ്റീസ് അദ്ധ്യക്ഷനായ ഏഴംഗ ഭരണഘടനാബഞ്ചാണ് വിധി പുറപ്പെടുവിച്ചിരിക്കുന്നത്. മാത്രവുമല്ല, എതിർസ്ഥാനാർത്ഥികളുടെയോ, ഏതെങ്കിലും സമ്മതിദായകന്റെയോ ജാതി, മതം, വംശം, ഭാഷ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ അവരിൽ പോരായ്മകൾ ആരോപിച്ച് പ്രചരണം നടത്തിയാൽ അത് തിരഞ്ഞെടുപ്പ് അഴിമതിയായി കരുതേണ്ടതാണെന്നും, ഭരണഘടനാവിരുദ്ധമാണെന്നും ഈ വിധിന്യായത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

നമ്മുടെ ജനാധിപത്യം കാത്തുസൂക്ഷിക്കുന്നതിന് ഏറെ മുതൽകൂട്ടാകുന്നതാണ് ഈ വിധി. വർഗ്ഗീയാധിക്ഷേപത്തിനും, വർഗ്ഗീയ പ്രീണനത്തിനും, ഈ വിധി തീർച്ചയായും അന്ത്യം കുറിക്കും. എല്ലാവർക്കും തുല്യനീതിയും, തുല്യന്യായവും ലഭിക്കണമെന്ന അടിസ്ഥാന ജനാധിപത്യ തത്വസംഹിതപോലും നടപ്പാക്കാത്ത രാഷ്ട്രീയ പാർട്ടികൾക്ക്, ഭരണകർത്താക്കൾക്ക് ഹിതകരമാവില്ല ഈ വിധി. അത് ചിലർ പ്രകടിപ്പിക്കുകയും ചെയ്തു കഴിഞ്ഞു. എന്നാൽ ഈ നാട്ടിൽ മതേതരജനാധിപത്യം നിലനില്ക്കണമെന്നും, എല്ലാവിധ വിഭാഗീയ ചിന്തകളും പ്രവർത്തനങ്ങളും അവസാനിച്ച് ഒരേ ചരടിൽ കോർത്തപുഷ്പങ്ങളെപ്പോലെ എല്ലാവരും ഒന്നായി, ഭാരതാംബയുടെ ശ്രേയസ്സിനുവേണ്ടി പ്രവർത്തിക്കുന്ന ദേശസ്നേഹികളാകുന്ന കാലത്തെ സ്വപ്നം കാണുന്ന സാധാരണ ജനം ഈ വിധിയെ സർവ്വാത്മനാ സ്വാഗതം ചെയ്യും. വിവേചനരഹിതമായ ഭരണസംവിധാനത്തെ കാംക്ഷിക്കുന്ന നമുക്കും ഈ വിധിയെ സ്വാഗതം ചെയ്യാം ദേശീയ ഐക്യത്തിന് ഉതകുന്നശ്രേയസ്സ്കരമായ ഇമ്മാതിരി ഈടുറ്റ വിധികൾ ഇനിയും പ്രതീക്ഷിച്ചുകൊണ്ട്.........

ഇനി മറ്റൊന്ന്

കേന്ദ്രസർക്കാരിന്റെ നോട്ട് അസാധുവാക്കൽ നടപടിയെ ഒരു നല്ല നാളെ വരുമെന്ന പ്രതീക്ഷയോടുകൂടിയാണ് സാധാരണ ജനം സർവ്വാത്മനാ സ്വീകരിച്ചതും, അതിനുവേണ്ടി ഒരുപാട് ബാദ്ധിമുട്ടുകൾ സഹിച്ചതും. പ്രധാനമന്ത്രിയുടെ പ്രഖ്യാപനം അനുസരിച്ച് 2016 ഡിസംബർ 31ന് ശേഷം എല്ലാ ബുദ്ധിമുട്ടുകളും ഇല്ലാതാകുമെന്നും പണത്തിന്റെ ലഭ്യതയും സാധനങ്ങളുടെ വിലനിലവാരവും ഒക്കെ പഴയതുപോലെ ആകുമെന്നും ജനങ്ങൾ വിശ്വസിച്ചു. പണത്തിന്റെ ലഭ്യതയുടെ കാര്യത്തിൽ ഏതാണ്ട് ആശ്വാസം ആയിട്ടുണ്ടെങ്കിലും നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവ് നിത്യേനയെന്നോണം വളർന്നുകൊണ്ടിരിക്കുകയാണ് ഇതിൽ ഏറ്റവും അസഹനീയം ഇന്ധന വില വർദ്ധനയാണ്. ഇന്ധന വിലവർദ്ധന ജീവിതത്തിന്റെ സമസ്ഥ മേഖലകളേയും പ്രതികൂലമായി ബാധിക്കും എന്നുള്ളത് അറിയാത്തവരായി ആരുമില്ല. ഇന്ധന വിലയിൽ കേന്ദ്ര/കേരളസർക്കാരുകൾ മത്സരിച്ച നികുതി കൂട്ടുകയാണ്. വിലവർദ്ധനവിന്റെ ഹേതുവായി കാണപ്പെടുന്നത് സർക്കാരുകൾക്ക് പണമുണ്ടാക്കാനുള്ള പ്രധാനമാർഗ്ഗമായാണ് ഈ നികുതി വർദ്ധന നടപ്പാക്കുന്നത്. പക്ഷേ ഒരു ഉപഭോഗസംസ്ഥാനമായ കേരളത്തിൽ ഉപ്പ്തൊട്ട് കർപ്പൂരം വരെ സകലതിനും വില വർദ്ധിക്കുമെന്നും ജനജീവിതം ദുരിതപൂർണ്ണമാകുമെന്നും അറിയാമായിരുന്നിട്ടും തുടരെ തുടരെ നികുതി വർദ്ധിപ്പിക്കുന്ന കേരള/കേന്ദ്രസർക്കാരുകളുടെ നടപടിയെ അപലപിക്കാതിരിക്കുവാൻ കഴിയില്ല.

2014 ൽ ഉണ്ടായിരുന്ന നികുതിനിരക്കും 2016 ലെ നിരക്കും ചുവടെ ചേർക്കുന്നു

| **എക്സൈസ് ഡ്യൂട്ടി** | **2014** | **2016** |
|---|---|---|
| പെട്രോൾ | 9.20 / Ltr | 21 48 / Ltr |
| ഡീസൽ | 3.46 / Ltr | 17.33 / Ltr |
| **വാറ്റ്** | | |
| പെട്രോൾ | 20% | 27% |
| ഡീസൽ | 12.5% | 16.75% |

കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വന്ന അമിതമായ ഈ നികുതി വർദ്ധനവിനെക്കുറിച്ച് കേന്ദ്രത്തിലെയും കേരളത്തിലെയും സർക്കാരുകൾ ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പാക്കിയാലും നിത്യജീവിതത്തിന് ബുദ്ധിമുട്ടുമ്പോൾ ജനം മാറി ചിന്തിക്കുമെന്ന സത്യത്തെ സർക്കാരുകൾ പ്രത്യേകിച്ച് കേന്ദ്രസർക്കാർ ഉൾക്കൊണ്ടാൽ നന്ന്. ഇന്ധനവില നിയന്ത്രണാധികാരം കമ്പനികൾക്ക് വിട്ടുകൊടുക്കാത്തത് തെറ്റായ നടപടിയാണെന്ന് തെളിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്രം ആ അധികാരം തിരിച്ചു പിടിക്കുകയും കഴിയുന്നത്ര നികുതിഭാരം കുറയ്ക്കുകയും ചെയ്താൽ അത് ജനത്തിനാശ്വാസകരവും അങ്ങനെ ഭരണത്തിൽ ജനങ്ങൾക്ക് സംതൃപ്തിയും ഉളവാകും. കേന്ദ്രസർക്കാരിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു●

# ജനറൽ സെക്രട്ടറിയുടെ പംക്തി

കരയോഗത്തിൻെറ സാമൂഹ്യ സേവന പദ്ധതികൾ പൂർവ്വാധികം ഭംഗിയായി മുന്നോട്ടു കൊണ്ടു പോകുവാൻ കഴിയുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളിലും മറ്റു സേവന പ്രവർത്തനങ്ങളിലും കരയോഗത്തെ സഹായിക്കുന്നവർക്കെല്ലാം നന്ദി. കരയോഗം നിയമാവലിയ്ക്ക് വിധേയമായി കരയോഗാംഗങ്ങളെല്ലാം അവർ സ്ഥിരമായി താമസിക്കുന്ന യഥാർത്ഥ മേൽവിലാസം കരയോഗത്തെ അറിയിക്കേണ്ടതാണ്. മേൽവിലാസം മാറുന്നതുകൊണ്ട് കരയോഗാംഗത്വം നഷ്ടപ്പെടുന്നതല്ല. അതേ സമയം തെറ്റായ സ്ഥിര താമസ മേൽവിലാസം തരുന്നത് നിയമാവലിയ്ക്ക് വിരുദ്ധമാണെന്നും ശ്രദ്ധയിൽപ്പെടുത്തട്ടെ. കരയോഗാംഗങ്ങൾ അവരുടെ അംഗങ്ങളായ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും മേൽവിലാസത്തിലുണ്ടാവുന്ന മാറ്റം യഥാസമയം കരയോഗത്തെ അറിയിക്കണമെന്ന് ഓർമ്മപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നു. നിലവിലുള്ള ധാരാളം അംഗങ്ങളുടെ സ്ഥിരമായി താമസിക്കുന്ന മേൽവിലാസം, ഓഫീസ് അഡ്രസ്സോ,കാർപാർക്കിങ്ങോ, മറ്റു സ്ഥാപനങ്ങളുടെയോ ആയി കാണുന്നു. അവർക്കെല്ലാം യഥാർത്ഥ മേൽവിലാസം തിരുത്തി നൽകുവാൻ ഒരവസരം നൽകികൊണ്ട് രജിസ്റ്റേർഡ് കത്ത് അയക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കരയോഗത്തിൻെറ അംഗങ്ങളുടെ അഡ്രസ്സ് രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. ദയവ് ചെയ്ത് ഇതൊരറിയിപ്പായി കണക്കാക്കി സ്ഥിരമായ താമസ മേൽവിലാസം കരയോഗത്തിൽ നിശ്ചിത ഫോറത്തിൽ നൽകേണ്ടതാണ്.

ടി.ഡി.എം.ഹാൾ 'ഗ്രീൻ പ്രോട്ടോക്കോൾ' എന്ന നിലയിൽ ഫെബ്രുവരി ഒന്നാം തീയതി മുതൽ പ്രവർത്തിക്കും. എറണാകുളം ജില്ലാ ഭരണകൂടത്തിൻെറ തീരുമാനപ്രകാരം പ്ലാസ്റ്റിക്, ഡിസ്പോസിബിൾസ് എന്നിവ ഓഡിറ്റോറിയങ്ങളിൽ ഉപയോഗിക്കുന്നത് ജില്ലാ കളക്ടർ കർശനമായി വിലക്കിയിട്ടുണ്ട്. ആയതുകൊണ്ട് ഇനി മുതൽ ടിഡിഎം ഹാളിൽ നടക്കുന്ന സൽക്കാരങ്ങളും മറ്റു പരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും നടത്തുക എന്ന് എല്ലാവരെയും ഇതിനാൽ അറിയിക്കുന്നു.

കരയോഗത്തിൻെറ 30-ാമത് ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം 2017 ഫെബ്രുവരി 26 ഞായർ മുതൽ മാർച്ച് 5 ഞായർ വരെ രാവിലെ 6.30 മുതൽ വൈകുന്നേരം 6.30 മണിവരെ ടിഡിഎം ഹാളിൽ നടത്തുന്നു. യജ്ഞാചാര്യൻ ബ്രഹ്മശ്രീ ചെറുവറ്റ ശ്രീരാജ് നമ്പൂതിരിയാണ്. കരയോഗത്തിൻെറ അദ്ധ്യാത്മിക പ്രവർത്തനത്തിൻെറ ഭാഗമായി നടത്തുന്ന ഇത്തരം യജ്ഞപരമ്പരകളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുകയും അതുവഴി നമ്മുടെ ഹൈന്ദവസംസ്ക്കാരത്തിൻെറ പാരമ്പര്യവും ആത്മീയ ചിന്തകളും നിലനിർത്തുകയും ചെയ്യുക എന്നതാണ് കരയോഗം പോലുള്ള പ്രസ്ഥാനങ്ങൾക്ക് പൊതുജന നൻമയ്ക്കായി ചെയ്യാനുള്ളത്. ശ്രീമദ് ഭാഗവത സപ്താഹയജ്ഞത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നതോടൊപ്പം സപ്താഹത്തോടനുബന്ധിച്ച് ഫെബ്രുവരി 26ാം തീയതി, ഞായറാഴ്ച, രാവിലെ 8 മണി മുതൽ നടത്തുന്ന സമ്പൂർണ്ണ നാരായണീയ പാരായണത്തിലും സർവൈശ്വര്യ വിളക്കുപൂജയിലും പങ്കെടുക്കാൻ പ്രത്യേകം ക്ഷണിക്കുന്നു.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന ഫെബ്രുവരി മാസ പരിപാടിയിൽ കണ്ണൂർ സംഘചേതനയുടെ നാടകം 'അടിയത്തമ്പുരാട്ടി' ടിഡിഎം ഗംഗാ ഹാളിൽ, വൈകുന്നേരം 6.30ന് അവതരിപ്പിക്കും. കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസ പരിപാടിയിൽ നരകാസുരവധം കഥകളി ഫെബ്രുവരി 28-ാം തീയതി വൈകുന്നേരം 6.30ന് ഗംഗാ ഹാളിൽ നടത്തും.

തുടർന്നുള്ള എല്ലാപ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

ജനറൽ സെക്രട്ടറി

**എറണാകുളം കരയോഗത്തിൻെറ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാക്ലിനിക് 2017 ഫെബ്രുവരി മാസം 12-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ കരയോഗം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

# എറണാകുളം കരയോഗം

## 16.02.2017 മുതൽ 15.03.2017 വരെയുള്ള ഫെബ്രുവരി മാസ പരിപാടികൾ

| | | | |
|---|---|---|---|
| 15.02.2017 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 16.02.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 18.02.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 21.02.2017 | ചൊവ്വ | 6.30 p.m. | ബീം പ്രതിമാസ പരിപാടി ; നാടകം(കണ്ണൂർ ചേതന) : അടിയത്തമ്പുരാട്ടി |
| 22.02.2017 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 23.02.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 25.02.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 26.02.2017 | ഞായർ | 8.00 a.m. | നാരായണീയ സർവ്വൈശ്വര്യ പൂജ |
| | | 4.00 p.m. | 30-ാമത് കരയോഗം ശ്രീമദ് ഭാഗവത സപ്താഹയജ്ഞം ആരംഭം |
| 27.02.2017 | തിങ്കൾ | 6.30 a.m. | ശ്രീമദ് ഭാഗവത സപ്താഹം രണ്ടാം ദിവസം |
| 28.02.2017 | ചൊവ്വ | 6.30 a.m. | ശ്രീമദ് ഭാഗവത സപ്താഹം മൂന്നാം ദിവസം |
| | | 6.30 p.m. | എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ കഥകളി |
| 01.03.2017 | ബുധൻ | 6.30 a.m. | ശ്രീമദ് ഭാഗവത സപ്താഹം നാലാം ദിവസം. |
| 02.03.2017 | വ്യാഴം | 6.30 a.m. | ശ്രീമദ് ഭാഗവത സപ്താഹം അഞ്ചാം ദിവസം. |
| 03.03.2017 | വെള്ളി | 6.30 a.m. | ശ്രീമദ് ഭാഗവത സപ്താഹം ആറാം ദിവസം. |
| 04.03.2017 | ശനി | 6.30 a.m. | ശ്രീമദ് ഭാഗവത സപ്താഹം ഏഴാം ദിവസം. |
| 05.03.2017 | ഞായർ | 6.30 a.m. | ശ്രീമദ് ഭാഗവത സപ്താഹം എട്ടാം ദിവസം. |
| 08.03.2017 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 09.03.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 11.03.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 12.03.2017 | ഞായർ | 10.00 a.m. | പാർക്കിൻസൺസ് രോഗചികിത്സാക്ലിനിക് |
| 15.03.2017 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |



**എറണാകുളം കരയോഗം-ചെറായി തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രം**

## പ്രതിഷ്ഠാദിനം

2017 മാർച്ച് 24, വെള്ളിയാഴ്ച രാവിലെ വിശേഷാൽ പൂജ

**9.00 മണി മുതൽ : നവകം, പഞ്ചഗവ്യം**

**ഉച്ചയ്ക്ക് 1.00 മണിക്ക് : അന്നദാനം**

**വൈകുന്നേരം 6 മണി മുതൽ വിവിധ കലാപരിപാടികൾ**

**2017 മാർച്ച് 23, വ്യാഴാഴ്ച രാവിലെ ക്ഷേത്രം തന്ത്രി പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ ശുദ്ധിയും കലശവും**

# ബാല ലോകം



ലക്ഷ്മിദേവി നായർ

പ്രിയപ്പെട്ട കൂട്ടുകാരെ,

പുതുവർഷപ്പുലരിയിൽ നിങ്ങൾ എല്ലാവരും കൂടുതൽ ഉത്സാഹഭരിതരായിരിക്കുമല്ലോ. പോയ വർഷത്തെ പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം ഡയറിയിൽ കുറിച്ചിട്ടുണ്ടാവുമെന്നു കരുതട്ടെ. അതിൽ ഏറ്റവും പ്രധാനമാണ് നമ്മുടെ രൂപയ്ക്ക് വന്ന മാറ്റങ്ങൾ എന്ന് കൂട്ടുകാർക്കും അറിയുമല്ലോ?

അടുത്ത കുറെ കാലങ്ങളായി പണം അധികമായി ചെലവഴിക്കാനുള്ള ത്വര മനുഷ്യരിൽ കൂടുതലായിരുന്നു. കുട്ടികളായ നിങ്ങൾക്കും ആവശ്യങ്ങൾ ഏറെ ആയിരുന്നിരിക്കാം. ഏതു കളിപ്പാട്ടങ്ങൾ കിട്ടിയാലും പുതിയതും വിലകൂടിയതുമായവ സ്വന്തമാക്കാൻ നിങ്ങളിൽ പലരും അച്ഛനമ്മമാരെ പ്രേരിപ്പിച്ചിട്ടുണ്ടാവാം.

പക്ഷെ ഒന്നോർക്കണേ കൂട്ടുകാരെ. പണത്തിന്റെ മൂല്യം പഴയകാലത്ത് എല്ലാറ്റിനും ഒരു നിയന്ത്രണം ഉണ്ടായിരുന്നു. ഒരു നാണയത്തുട്ടുപോലും താഴെ വീണുപോയാൽ അതെടുത്തു ഇരു കണ്ണിലും തൊടുവിച്ചശേഷം മാത്രമേ ഉപയോഗിക്കൂ. അതിനു കാരണമുണ്ട്. ദൈവാനുഗ്രഹമില്ലാതെ ഒരു പൈസപോലും ലഭിക്കില്ല. അതുകൊണ്ടു തന്നെ ഈശ്വരനോട് എപ്പോഴും നന്ദി ഉള്ളവരായിരിക്കണം കേട്ടോ.

ആവശ്യമില്ലാത്ത കുറെ സാധനങ്ങൾ കൂട്ടുകാരുടെ പക്കലും ഉണ്ടാവാം. ഇതിൽ ഒരു ഭാഗം പാവപ്പെട്ട കുട്ടികൾക്ക് കൊടുക്കണം. അതിൽ നിന്ന് കിട്ടുന്ന സന്തോഷം കൂട്ടുകാർക്ക് അനുഭവിച്ചു തന്നെ അറിയാം.

എപ്പോഴും വിദ്യയോടൊപ്പം ഇത്തരം ശീലങ്ങളും നിങ്ങൾ സ്വായത്തമാക്കണം. ജീവിതവിജയത്തിന് ഇതൊക്കെ ആവശ്യമാണ് കേട്ടോ. എളിമയോടെയുള്ള ജീവിതമാണ് കൂട്ടുകാർ ശീലമാക്കേണ്ടത്.

ഒരിക്കൽ ഒരു ഗുരു ശിഷ്യനോടു പറഞ്ഞു, ജീവിതമെന്ന യാത്രയിൽ ഏറെ എളിമ ഉണ്ടാവണം. അഹങ്കാരവും മിഥ്യാഭിമാനവും ഇതിനു തടസ്സമാവാം. വിനയം ഇല്ലാത്തവന് വിദ്യ അഭ്യസിക്കാനാവില്ല. ശിഷ്യൻ പറഞ്ഞു അങ്ങയുടെ ഈ വാക്കുകൾ എന്നും ഞാൻ ഓർക്കും ഗുരോ.

കൂട്ടുകാരും ഇതൊക്കെ ഓർക്കണേ

അതുപോലെ ഒരിക്കൽ ഒരു സന്യാസി നമ്മുടെ മഹാത്മജിയുടെ ആശ്രമത്തിൽ ചെന്നു. അദ്ദേഹം പറഞ്ഞുവത്രേ, മറ്റുള്ളവരിൽ നിന്ന് എത്രയോ വ്യത്യസ്ഥനായിരുന്നു ഗാന്ധിജി. സദാ നേരവും മറ്റുള്ളവർക്കു വേണ്ടി പ്രവർത്തിക്കുന്ന ഒരു മഹാത്മാവ് അദ്ദേഹത്തിന് ആരോടും വിദ്വേഷമില്ല സ്നേഹിക്കാനുള്ള മനുഷ്യന്റെ കഴിവ് എത്രത്തോളം വളർത്തിക്കൊണ്ടു വരാം എന്നായിരുന്നുവത്രെ. അദ്ദേഹത്തിന്റെ ഈ പരീക്ഷണം. സ്വരക്ഷക്കുവേണ്ടിയല്ല അദ്ദേഹം ജീവിച്ചത്. തന്റെ ആദർശവും അഹിംസയും സ്നേഹവും പാലിക്കാൻ ഏറെ നിഷ്കർഷ അദ്ദേഹം പുലർത്തിയിരുന്നു. ഇതൊക്കെ ജീവിതത്തിൽ അല്പമെങ്കിലും വളർത്തിയെടുക്കാൻ കൂട്ടുകാർ ശ്രദ്ധിക്കണേ.

ഈ പുതുവർഷത്തിൽ ജീവിതത്തെ കൂടുതൽ പഠിക്കാനും നമ്മുടെ പ്രകൃതിയെ പഠിക്കാനും അവസരങ്ങൾ ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു. ഇനി ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലെ ഏതാനും വരികൾ സ്വായത്തമാക്കൂ.

ജഗദുദയവിനാശകാരണൻ നീ
ജനപരിപാലനശീലനായതും നീ
അജനമലനനന്തനായതും നീ
സുരജന ചിത്രചരിത്രനായതും നീ
സഗുണനഗുണനായതും നീ
സകലചരാചര ജീവനായതും നീ
പൃഥു തരമൊരു മത്സ്യമായതും നീ
പ്രഥിതമഹാബല കൂർമ്മമായതും നീ
കഠിനതര വരാഹമായതും നീ
കടുത്തരഘോര നൃസിംഹമായതും നീ
പുനരൊടു വടുവേഷനായതും നീ
മനുജവരാത്മക രാമനായതും നീ
ദശമുഖ രിപു രാമനായതും നീ
വിശദമഹോ കരുണാനിധേ നമസ്തേ●

രാഗപരിചയം

# കേദാരം



ഡോ. ജയലക്ഷ്മി നന്ദകുമാർ

29-ാമത്തെ മേളകർത്താ രാഗമായ ശങ്കരാഭരണത്തിന്റെ ജന്യരാഗമാണ് കേദാരം. വളരെ മംഗളകരമായ രാഗമായതിനാൽ സംഗീതക്കച്ചേരികളോ മറ്റു സംഗീതപരിപാടികളോ ആരംഭിക്കുന്നതിനു അനുയോജ്യമായ രാഗമാണിത്. ദ്വിതീയഘനപഞ്ചകരാഗങ്ങളായ നാരായണഗൗള, രീതിഗൗള, സാരംഗനാട്ട, ബൗളി, കേദാരം എന്നിവയിൽ പെടുന്ന രാഗം കൂടിയാണിത്.

ആരോഹണം ഃ സ മ ഗ മ പ നി സ

അവരോഹണം ഃ സ നി പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, ചതുഃശ്രുതി രിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, കാകളി നിഷാദം.

ധൈവതം ഈ രാഗത്തിൽ ഇല്ല. ആരോഹണത്തിൽ വക്രമായി അഞ്ചു സ്വരങ്ങളും അവരോഹണത്തിൽ ആറു സ്വരങ്ങളും വരുന്നതിനാൽ വക്ര ഔഡവ ഷാഡവ രാഗമാണ് കേദാരം. അന്യസ്വരങ്ങൾ വരാത്തതിനാൽ ഇത് ഒരു ഉപാംഗ രാഗമാണ്. മൂന്നു സ്ഥായികളിലും ആലാപനസാദ്ധ്യത ഉള്ള ത്രിസ്ഥായി രാഗം. പ്രഭാത സമയമാണ് കേദാരരാഗം ആലപിക്കുന്നതിനു അനുയോജ്യമായ സമയം.

ഒരു മൈനർ രാഗമായ കേദാരം, വീരരസത്തെ ഉളവാക്കുന്നു. അതോടൊപ്പം ശ്രോതാവിൽ സന്തോഷം, ആത്മവിശ്വാസം എന്നീ വികാരങ്ങൾ ഉണ്ടാക്കുന്നു. മദ്ധ്യമകാലത്തിൽ ആലപിക്കുമ്പോൾ കൂടുതൽ ശോഭിക്കുന്നു. ഹിന്ദുസ്ഥാനി സംഗീതത്തിലെ കേദാർ എന്ന രാഗം കല്ല്യാൺ ഥാട്ടിൽ ഉൾപ്പെടുന്നതും കർണ്ണാടക സംഗീതത്തിലെ കേദാരത്തിൽ നിന്നും വ്യത്യസ്തവുമാകുന്നു. നട്ബിഹാക് എന്ന ഹിന്ദുസ്ഥാനി രാഗം കേദാരത്തോടു സാമ്യത പുലർത്തുന്നതായി കാണാം.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | രാമാ നീ പൈ | ആദി | ത്യാഗരാജസ്വാമി |
| 2. | ആനന്ദ നടന പ്രകാശം | മിശ്ര ഏക | മുത്തുസ്വാമി ദീക്ഷിതർ |
| 3. | സമയമിതേ | രൂപകം പട്ടണം | സുബ്രഹ്മണ്യ അയ്യർ |
| 4. | സരസീരുഹനാഭം | മിശ്രചാപ്പ് | സ്വാതിതിരുനാൾ |
| 5. | ചിദംബര നടരാജം | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 6. | രമ്യനായൊരു (പദം) | ആദി | സ്വാതിതിരുനാൾ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | മൈനാക പൊൻമുടിയിൽ | മഴവിൽക്കാവടി |
| 2. | ഓമനേ | ബോയ് ഫ്രണ്ട് |
| 3. | പൂ വിടരും | തിളക്കം |
| 4. | പൊൻമാലൈ പൊഴ്ത് | നിഴൽകൾ (തമിഴ്) |
| 5. | സുന്ദരി നീയും സുന്ദരൻ ഞാനും | മൈക്കിൾ മദന കാമരാജൻ (തമിഴ്) |
| 6. | ഏനോ ഇദയം | തൽ സമയം ഒരു പെൺകുട്ടി • |

### വുമൺസ് ഫോറം 2017 ഫെബ്രുവരി മാസത്തെ പരിപാടി

| തീയതി | വിഷയം | സമയം | അവതാരക |
|---|---|---|---|
| 15.02.2017 | Successful Ageing | 4 pm | Dr. A. Parvathy |

വാസ്തു

# വാസ്തുശാസ്ത്രം ചെറിയ വലിയകാര്യങ്ങൾ



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദ്ഗദ്ധൻ

തുളസി പലതരം ഉണ്ടെങ്കിലും അതിൽ ഓരോന്നിനും ,വൈദ്യ ശാസ്ത്രമായി പലതരത്തിലുള്ള ഗുണങ്ങളും ഉണ്ട്. പണ്ട് പണ്ട് ജാതി മത ഭേദമില്ലാതെ തുളസി വീടുകളിൽ വളർത്തിയിരുന്നു. മുത്തശ്ശിവൈദ്യത്തിൽ തുളസി വളരെയധികം പ്രാധാന്യം കല്പിച്ചിട്ടുള്ള ഇലകളും , വേരും ഔഷധഗുണം നൽകുന്നതാണ്. അങ്ങനെയുള്ള തുളസിയെ ഈ ചെടി വളർത്തുമ്പോൾ വളരെയധികം കാര്യങ്ങൾ ശ്രദ്ധിക്കണം. ചില വീടുകളിൽ ഏകാദശി കഴിഞ്ഞാൽ പിറ്റേ ദിവസം രാവിലെ വെറും വയറ്റിൽ തുളസി തീർത്ഥം കഴിച്ചതിന് ശേഷം മാത്രമാണ് ഭക്ഷണം കഴിക്കാറ് . തുളസിക്ക് തറ കെട്ടുമ്പോൾ വീടിന്റെ തെക്കും പടിഞ്ഞാറും ആണെങ്കിൽ വീടിന്റെ തറയുടെ ഉയരത്തേക്കാൾ കൂടിയിരിക്കണം. കിഴക്കും വടക്കും ആണെങ്കിൽ വീടിന്റെ തറയേക്കാൾ താഴ്ന്നിരിക്കണം. വടക്ക് കിഴക്ക് മൂലയിൽ തറകെട്ടി തുളസി വളർത്തരുത്. തുളസിത്തറ വീടിനോടൊ, മതിലിനോടൊ, മുട്ടിനിൽക്കരുത്. തുളസിത്തറയ്ക്കു ചുറ്റും നടന്നുവേണം തുളസി നനക്കാൻ അതുകൊണ്ട് തുളസിത്തറക്കും ചുറ്റും നടക്കാനുള്ള സ്ഥലം വേണം.

താമസിക്കുന്ന പറമ്പിൽ ഏത് മരങ്ങൾ നടേണ്ടതാണെന്ന് പലരും ചോദിക്കാറുണ്ട്. വീടിന്റെ തെക്കും പടിഞ്ഞാറും വേപ്പ്, നെല്ലി, കൂവളം , പ്ലാവ് തുടങ്ങി നാരായവേരുള്ള ഏത് വൃക്ഷവും നടാം. വടക്കും കിഴക്കും ഭാഗങ്ങളിൽ ചെറിയ മരങ്ങളും പൂക്കൾ വിരിയുന്നവയും നടാം. മുരിങ്ങ നടുന്നത് വടക്കും കിഴക്കും വീടിന്റെ ഉയരത്തിന്റെ പകുതിയെങ്കിലും മാറ്റിയിട്ടു വേണം. വടക്കു കിഴക്കു മൂലയിൽ വലിയ മരങ്ങൾ ഒരിക്കലും നടരുത്.

കിടപ്പുമുറിയിൽ കട്ടിൽ ഇടുമ്പോൾ വടക്കും കിഴക്കും കൂടുതൽ സ്ഥലം ഇട്ട് കട്ടിൽ ഇടണം. തെക്കും പടിഞ്ഞാറും വളരെ കുറച്ച് സ്ഥലം മതി. തല വെക്കുന്നത് തെക്കുഭാഗത്തെക്കായിരിക്കണം. കിഴക്കോട്ടും തലവെച്ച് കിടക്കാം. യാതൊരു കാരണവശാലും വടക്കോട്ട് തലവെച്ച് കിടന്നുറങ്ങരുത്. 33 വയസ്സ് കഴിഞ്ഞാൽ യാതൊരു കാരണവശാലും പടിഞ്ഞാറോട്ട് തലവെച്ച് കിടക്കരുത്. ജിവിതത്തിൽ 24 മണിക്കൂറിൽ 8 മണിക്കുർ, അല്ലെങ്കിൽ ഉറങ്ങുമ്പോൾ കിടക്കുന്നസ്ഥലവും രീതിയും വളരെ പ്രധാനപ്പെട്ടതാണ്. പലരും കിടപ്പുമുറിയിൽ ജനാലകൾ ഉണ്ടെങ്കിലും അവ തുറക്കാറില്ല. തുറക്കാൻ കഴിയാത്ത രിതിയിൽ പലരും ജനലുകൾ സൂക്ഷിക്കുന്നു ആഴ്ചയിൽ ഒന്നോ, രണ്ടോ ദിവസം ജനലുകൾ തുറന്ന് തെക്കു പടിഞ്ഞാറൻ കാറ്റ് മുറികളിൽ കൂടികടന്നു പോകണം കിടപ്പുമുറിയിൽ വടക്കും കിഴക്കും ഭാഗത്ത് അലമാരകൾ, ഭാരം കൂടിയ വസ്തുക്കൾ ഒന്നും തന്നെ സൂക്ഷിച്ചുവെക്കരുത്. ഭാരമുള്ള അലമാരകളും മറ്റും തെക്കുപടിഞ്ഞാറെ ഭാഗത്ത് കിഴക്കോട്ടോ വടക്കോട്ടോ തിരിച്ചുവെയ്ക്കണം.

ചിലർ കിടപ്പുമുറികളിൽ ദൈവത്തിന്റെ ഫോട്ടോ വെക്കാറുണ്ട്. ദൈവത്തിന്റെ പടങ്ങൾ കിഴക്കോട്ടൊ പടിഞ്ഞാറോട്ടോ മാത്രമായിരിക്കണം വെക്കേണ്ടത്. അതാണ് ഉത്തമം ●

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം



ശ്രീകുമാരി രാമചന്ദ്രൻ

### ഇടങ്കഴി നായനാർ

ചോഴസാമ്രാജ്യത്തിലെ വേളിയർ എന്ന കൊച്ചു രാജ്യത്താണ് ഇടങ്കഴി നായനാർ ജനിച്ചത്. ആദിത്യചോഴ പാരമ്പര്യം തികഞ്ഞ ഇടങ്കഴിയാർക്ക് ജീവിതമെന്നാൽ ശിവസേവയായിരുന്നു. ശൈവപാരമ്പര്യവും വൈദികപാരമ്പര്യവും എന്നെന്നും നിലനിൽക്കണമെന്ന ചിന്തയിൽ അദ്ദേഹം യജ്ഞങ്ങളും യാഗങ്ങളും ചെയ്തുപോന്നു. ശിവയോഗികൾക്കു മുടങ്ങാതെ അന്നദാനവും നൽകി. ഒരുനാൾ അന്നദാനത്തിനുള്ള സാമഗ്രികൾ കിട്ടിയില്ല. മനംതളർന്ന ഇടങ്കഴിയാർ ഇനിയെന്തു വേണ്ടൂ എന്ന ചിന്തയിലായി. അതിനിടെ രാജ്യത്തു മറ്റൊരു ശിവഭക്തൻ നിത്യവും ശിവയോഗികൾക്ക് അന്നദാനം നടത്തുന്നതായി അറിവുകിട്ടി. ഇയാൾ ഇടങ്കഴിയാരുടെ പത്തായപ്പുരയിൽ നിന്നു ഇടക്കിടെ നെല്ല് മോഷ്ടിച്ചുകൊണ്ടിരുന്നു. കാവൽക്കാർ ഇതു കണ്ടു പിടിച്ചു. അവർ അയാളെ പിടിച്ചുകെട്ടി ഇടങ്കഴിയാർക്കു മുന്നിൽ ഹാജരാക്കി. മന്നൻ അയാളെ ചോദ്യം ചെയ്തു. ശിവയോഗികൾക്കു ഭക്ഷണം നൽകാനാണു താൻ നെല്ല് മോഷ്ടിച്ചത് എന്നയാൾ തുറന്നു പറഞ്ഞു. രാജാവ് സന്തോഷിച്ചു. മോഷ്ടാവിനെ ശിക്ഷിക്കുന്നതിനു പകരം പത്തായപ്പുര തുറന്നിടാൻ കൽപ്പിച്ചു. ഇപ്രകാരം ശിവനെയും ശിവയോഗികളെയും അവരുടെ സേവകരെയും സേവിച്ചു നേടിയ പുണ്യവുമായി സുദീർഘമായ ഒരു ജിവിതം നയിച്ചശേഷം ഇടങ്കഴി നായനാർ സ്വർഗാരോഹണം ചെയ്തു എന്ന് സുന്ദരമൂർത്തി നായനാർ തന്റെ തിരുത്തോണ്ടർതൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### ഇളയാൻകുടി മാരനായനാർ

ഇളയാങ്കുടി എന്ന ഗ്രാമത്തിൽ വേളാളർ വംശത്തിൽ ജനിച്ച മാറനാർ എന്ന കൃഷിക്കാരൻ എല്ലാ സദ്ഗുണങ്ങളുടെയും വിളനിലമായിരുന്നു. സമ്പത്തിനെക്കാൾ മൂല്യം ശിവഭക്തിക്കാണ് എന്ന് ബാല്യത്തിൽത്തന്നെ അദ്ദേഹം തിരിച്ചറിഞ്ഞു. സ്വന്തം ഭവനം ശിവയോഗികൾക്കായി തുറന്നിട്ടു. അവർക്കു ഭക്ഷണവും താമസസൗകര്യവുമൊരുക്കി. ഈ ഘട്ടത്തിൽ, ശിവപെരുമാൾ ഭക്തനെ പരീക്ഷിക്കാനുറച്ചു. അവിടുന്ന് മാറനാരുടെ കൃഷിക്കു വൻനാശംവരുത്തി. മാറനാരുടെ സമ്പത്തു ക്ഷയിച്ചു. ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ നിൽക്കുമ്പോഴും അദ്ദേഹം ശിവയോഗികളെ സേവിച്ചു പോന്നു. ഒരുനാൾ സാക്ഷാൽ മഹാദേവർ ഒരു ശിവയോഗിയുടെ രൂപത്തിൽ മാറനാരുടെ ഗൃഹത്തിലെത്തി. മാറനാരും പത്നിയും അതിഥിയെ വണങ്ങി. അടുക്കളയിൽ ഒരുമണി നെല്ലുപോലുമുണ്ടായിരുന്നില്ല. അവർ വിതച്ച നെൽമണികൾ മണ്ണിനടിയിൽ നിന്നു തോണ്ടിയെടുത്ത് ചോറും മുളപൊട്ടുന്ന ഇലകൾ കൊണ്ടു കറിയും തയ്യാറാക്കി. വിറകിന് വീടിന്റെ അഴിക്കോൽ ഉപയോഗിച്ചു. ഭക്ഷണം തയ്യാറായപ്പോൾ യോഗിയെ വിനയപൂർവ്വം ഭക്ഷണത്തിനു ക്ഷണിച്ചു. സന്തുഷ്ടനായ മഹാദേവൻ ജ്യോതി രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. മാറനാരും പത്നിയും ഭഗവാന്റെ പാദത്തിൽ സാഷ്ടാംഗപ്രണാമം ചെയ്തു. ഭക്തന് സർവ്വൈശ്വര്യങ്ങളും പ്രദാനം ചെയ്ത് ഭഗവാൻ അപ്രത്യക്ഷനായി.ശിവപൂജ ചെയ്തും ശിവയോഗികളെ സേവിച്ചും ഏറെക്കാലം ജീവിച്ചതിനുശേഷം മാറനാർ ശിവലോകം പൂകിയതായി തിരുത്തോണ്ടർ തൊഗൈ എന്നഗ്രന്ഥം രേഖപ്പെടുത്തുന്നു.

### ഇശൈജ്ഞാനിയാർ

അറുപത്തിമൂന്നു നായനാർമാരിൽ പ്രമുഖരായ ചില വനിതകളുമുൾപ്പെടുന്നു. അവരിലൊരാളാണ് ഇശൈജ്ഞാനിയാർ. തിരുമുനൈപാടിയിലെ തിരുനാവലൂർ എന്ന ഗ്രാമത്തിലാണ് അവർ ജനിച്ചത്. നരസിംഹ മുനൈയർ എന്ന രാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്നു ഈ ഗ്രാമം. നവജാതശിശുവിന്റെ ദൈവിക സൗന്ദര്യത്തെക്കുറിച്ചു കേട്ടറിഞ്ഞ രാജാവ് അവളുടെ മാതാപിതാക്കളെ വരുത്തി. 'ഇവളെ എനിയ്ക്കു തരിക! യാതൊരു കുറവുമില്ലാതെ ഇവളെ ഞാൻ വളർത്തിക്കൊള്ളാം!' അദ്ദേഹം കൽപിച്ചു. ശിവോപാസകരായ ദമ്പതികൾ യാതൊരു മടിയും

കൂടാതെ സ്വപുത്രിയെ രാജാവിനു ദാനം ചെയ്തു കൊണ്ട് തങ്ങൾ ലൗകിക വ്യാപരങ്ങൾക്കതീതരാണെന്ന് തെളിയിച്ചു. കൊട്ടാരത്തിൽ രാജാവിന്റെ ലാളനാപാത്രമായി വളർന്ന പെൺകുഞ്ഞ് പാണ്ഡിത്യം കൊണ്ടും സംഗീതസിദ്ധികൊണ്ടും ഇശൈ ജ്ഞാനിയാർ എന്ന പേരു സമ്പാദിച്ചു. ഒരുനാൾ പാണ്ഡ്യരാജാവ് തന്റെ രാജധാനിയിൽ വെച്ച് ഒരു സംഗീത മത്സരം നടത്താനുറച്ചു. സംഗീതവിദുഷിയായ സ്വന്തം പത്നിയെ മത്സരിച്ചു തോൽപ്പിക്കാൻ രാജ്യത്തു മറ്റാരുമുണ്ടാകയില്ല എന്നൊരു അമിതവിശ്വാസമുണ്ടായിരുന്നു അദ്ദേഹത്തിന്. പല സംഗീതജ്ഞരും രാജ്ഞിയോടു മത്സരിച്ചു പരാജയപ്പെട്ടു. ഈ ഘട്ടത്തിൽ രാജാവ് ഇശൈജ്ഞാനിയാരെ ക്ഷണിച്ചുവരുത്തി. ജ്ഞാനിയാർ പാണ്ഡ്യരാജധാനിയിലെ സംഗീതമണ്ഡപത്തിൽ ആസനസ്ഥയായി. ജ്ഞാനിയാരും പാണ്ഡ്യരാജ്ഞിയും തമ്മിൽ സംഗീതമത്സരം തുടങ്ങി. ജ്ഞാനിയാരുടെ സ്വർഗീയ സംഗീതത്തിനു മുമ്പിൽ രാജ്ഞിയുടെ സംഗീതം നിഷ്പ്രഭമായിത്തീർന്നു. പക്ഷെ രാജാവ് സ്വന്തം പത്നിയെ വിജയിയായി പ്രഖ്യാപിച്ചു. ജ്ഞാനിയാർ മഹാദേവനെ വിളിച്ചു പ്രാർത്ഥിച്ചു. പൊടുന്നനെ ഒരശരീരി കേൾക്കപ്പെട്ടു. 'സംഗീതമത്സരത്തിൽ ഇശൈജ്ഞാനിയാരാണു വിജയിച്ചിരിക്കുന്നത്!' ദൈവവാണി വിളംബരം ചെയ്തു. സാക്ഷാൽ മഹാദേവനാണു ഇപ്രകാരം അരുളിച്ചെയ്തത് എന്നു ബോദ്ധ്യം വന്ന മഹാരാജാവും പത്നിയും ജ്ഞാനിയാർ നിർദേശിച്ചതനുസരിച്ച് മഹാദേവനെ പ്രണമിച്ചു.

അതിനിടെ ഇശൈജ്ഞാനിയാർ ഗൃഹസ്ഥാശ്രമത്തിലേക്കു പ്രവേശിച്ചു. നായനാർ പരമ്പരയിലെ ശടൈയനായനാരാണ് ജ്ഞാനിയാരെ പരിഗ്രഹിച്ചത്. ശിവോപാസനയിൽ അർപ്പിതമായ ഒരു ദാമ്പത്യം നയിച്ചുകൊണ്ട് അവർ ഉത്തമ ദമ്പതികളായി ജീവിച്ചു. ജ്ഞാനിയാർ അത്യുത്തമനായ ഒരു പുത്രന് ജന്മം നൽകി. ആ കുഞ്ഞാണ് പിൽക്കാലത്ത് നായനാർ പരമ്പരയിൽ പ്രമുഖസ്ഥാനം നേടിയ സുന്ദരമൂർത്തി നായനാർ.ശൈവഭക്തി പ്രചരിപ്പിച്ചും, ശിവസ്തുതികൾ രചിച്ചും ദീർഘമായൊരു ജീവിതം നയിച്ചശേഷം ശടൈയനായനാർക്കൊപ്പം ഇശൈജ്ഞാനിയാർ ശിവപാദം പൂകിയതായി സുന്ദരമൂർത്തി നായനാർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## ഇയർപകൈനായനാർ

ശിവോപസാനയിൽ സായൂജ്യം കണ്ടെത്തിയ അറുപത്തിമൂന്നു നായനാർമാരുടെ ഗണ ത്തിൽ ഇയർപകൈനായനാർക്കു വലിയ സ്ഥാനമുണ്ട്. ചോളസാമ്രാജ്യത്തിലെ കാവേരിപൂംപട്ടണത്തിൽ ഒരു വൈശ്യകുടുംബത്തിലാണ് ഇയർപകൈയാർ ജനിച്ചത്. ബാല്യം മുതൽക്കുതന്നെ ശിവഭക്തിയിൽ മനമുറച്ച അദ്ദേഹം ശിവയോഗികളെയെല്ലാം ഭഗവാന്റെ അവതാരങ്ങളായി കണ്ടു. യൗവനാരംഭത്തിൽത്തന്നെ അദ്ദേഹം വിവാഹിതനായി. ഇയർപകൈയാരുടെ പത്നി ഭർത്താവിന്റെ കാലടികളെ പിന്തുടരുന്ന ഒരു പതിവ്രതാരത്നമായിരുന്നു. ഭഗവാൻ ശിവൻ ഇയർപകൈയാരെ പരീക്ഷിക്കാനുറച്ചു. ഒരു പ്രഭാതത്തിൽ ശരീരമാസകലം സ്മലേപനം ചെയ്ത് രുദ്രാക്ഷങ്ങളുമണിഞ്ഞ ഒരു യോഗി ഇയർപകൈയാരുടെ വനത്തിൽ ഭിക്ഷതേടിയെത്തി. ഇയർപകൈയാർ ശിവയോഗിയെ ആസനം നൽകി ഉപചരിച്ചു. 'നാം താങ്കളെക്കുറിച്ചും താങ്കളുടെ ആതിഥ്യമര്യാദകളെക്കുറിച്ചും ധാരാളം കേട്ടിട്ടുണ്ട്. താങ്കളിൽനിന്നും ദാനം സ്വീകരിക്കാനാണ് നാം വന്നിരിക്കുന്നത്,' ശിവയോഗി പറഞ്ഞു. 'കൽപിച്ചാലും പ്രഭോ! അങ്ങാവശ്യപ്പെടുന്നതെന്തായാലും അടിയൻ അതു സാധിച്ചു തരുന്നതാണ്,' ഇയർപകൈയാർ വി നയപൂർവ്വം ഉണർത്തിച്ചു. 'എങ്കിൽ ശയ്യാസുഖമാണ് നമുക്കു ദാനമായി വേണ്ടത്! താങ്കളുടെ ധർമ്മദാരങ്ങളെ നമുക്കൊപ്പം അയച്ചു തരിക,' എന്നായി ശിവയോഗി. ഇയർപകൈയാർക്ക് യാതൊരു വിരോധവും തോന്നിയില്ല. അദ്ദേഹം വീട്ടിനകത്തു ചെന്നു 'ഭാര്യയോട് കാര്യം പറഞ്ഞു. ഒന്നു പകച്ചുപോയെങ്കിലും ആ പതിവ്രതാരത്നം' ഭർത്താവിന്റെ ആജ്ഞ ശിരസാവഹിക്കാനുറച്ചു. ധർമ്മവിരോധനത്തിനു പ്രേരിപ്പിച്ച യോഗിയോടു യാതൊരപ്രിയവും കാട്ടാതെ ആ സാധ്വി വീട്ടിനകത്തു നിന്നിറങ്ങി. 'സ്വാമീ! ഇവളെ സ്വീകരിച്ചാലും! രണ്ടുപേരും സമാധാനമായി പുറപ്പെട്ടു കൊള്ളുക! ഒരു സുരക്ഷാഭടൻ എന്ന നിലക്ക് ആയുധധാരിയായി അടിയൻ ഒപ്പമുണ്ടാവും!' ഇയർപകൈയാർ ഉണർത്തിച്ചു. ശിവയോഗി സ്ത്രീയെയും കൂട്ടി യാത്രയായി. വാളേന്തിക്കൊണ്ട് ഇയർപകൈയാർ പുറകേ നടന്നു. അതിനിടെ വിവരമറിഞ്ഞ ബന്ധുക്കൾ പാഞ്ഞെത്തി ഇയർപകൈയാരുടെ പ്രവൃത്തിയെ അപലപിച്ചു.

'അനാചാരം!അനാചാരം!' ഒച്ചവെച്ചുകൊണ്ട് അവർ ഇയർപകൈയാരോട് പൊരുതി. ഏകനായിരുന്നെങ്കിലും അദ്ദേഹം എതിരാളികളെ അരിഞ്ഞു വീഴ്ത്തി. അതിഥിയുടെ ആഗ്രഹപൂർത്തീകരണം സാധിതമാക്കാനാവുമല്ലോ എന്ന സംതൃപ്തിയോടെ അദ്ദേഹം യോഗിയെയും സ്വപത്നിയെയും അനുഗമിച്ചു. തിരുശൈലക്കാട് എന്ന ശിവാലയമെത്തിയപ്പോൾ യോഗി ഇയർപകൈയാരോട് മടങ്ങിപ്പോകാൻ കൽപിച്ചു. യോഗിയുടെ പാദങ്ങളിൽ

പ്രണമിച്ചതിനുശേഷം ഇയർപഗൈയാർതിരിഞ്ഞു നടന്നു. പൊടുന്നനെ ആരോ തന്നെ പേർ ചൊല്ലി വിളിക്കുന്നതു കേട്ട ഇയർപഗൈയാർ ഒന്നു നടുങ്ങി. 'ശത്രുക്കൾ വീണ്ടുമെത്തിയിയോ!' അദ്ദേഹം വാളുമായി തിരിഞ്ഞുനോക്കിയപ്പോൾ ക്ഷേത്രകവാടത്തിൽ സ്വപത്നിമാത്രമുണ്ട്.! യോഗിയെവിടെ! അദ്ദേഹം നാലുപാടും പകച്ചുനോക്കി. ശിവയോഗിയുടെ പൊടിപോലുമില്ല. അടുത്ത നിമിഷം പാർവ്വതീ പരമേശ്വരന്മാർ ആകാശത്ത് പ്രത്യക്ഷപ്പെട്ടു. ഇയർപഗൈയാരും പത്നിയും തലകുമ്പിട്ടു പഞ്ചാക്ഷരീമന്ത്രം ജപിച്ചു. ഭഗവാന്റെ കൃപാതിരേകത്താൽ ഇയർപഗൈയാരും പത്നിയും ശിവപാദം പൂകി. ഇയർപഗൈയാരുടെ വാളിനിരയായവരും മോക്ഷം നേടി ശിവലോകമണഞ്ഞു എന്ന് സുന്ദരമൂർത്തിനായനാരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇന്നും മാർകഴി മാസത്തിലെ ഫാൽഗുനി നക്ഷത്രം നാൾ ശിവാലയങ്ങളിൽ ഇയർപഗൈനായനാർ ദിനമായി ആചരിച്ചു വരുന്നു.

## 18) കാരി നായനാർ

വൈദികബ്രാഹ്മണർ തിങ്ങിപ്പാർക്കുന്ന തിരുക്കടവൂരിലാണ് കാരിനായനാർ എന്ന ശിവോപാസകൻ ജീവിച്ചിരുന്നത്. സംസ്കൃതം, തമിഴ് എന്നീ ഭാഷകളിൽ അദ്ദേഹത്തിന് അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു. കാവ്യരചനയിലും അദ്ദേഹം മികവു പുലർത്തി. 'കാരിക്കോവൈ' എന്ന കൃതി രചിച്ച് അത് 'മൂവേന്ദർക്കും' (ചേര, ചോഴ, പാണ്ഡ്യ രാജാക്കന്മാർ) ചേർന്നു സമർപ്പണം ചെയ്തു. ചേര, ചോഴ, പാണ്ഡ്യമന്നരുമായി സൗഹൃദം പുലർത്തിപ്പോന്നതിനാൽ കാരിനായനാർക്കു സമ്പത്തിനു പ്രയാസമുണ്ടായിരുന്നില്ല. അദ്ദേഹം ചില ക്ഷേത്രങ്ങൾ പണിത് അവയിൽ ശിവപെരുമാളെ പ്രതിഷ്ഠിച്ചു. ശിവയോഗികൾക്കു കയ്യയച്ചു ദാനധർമ്മാദികൾ ചെയ്തു. രാവും പകലും പഞ്ചാക്ഷരീമന്ത്രം ജപിച്ചു. ശിവഭജനമേ ജിവിതം എന്നു വിശ്വസിച്ചുകൊണ്ട് സുദീർഘമായ ഒരു ജീവിതം നയിച്ചശേഷം അദ്ദേഹം കൈലാസം പൂകിയതായി സുന്ദരമൂർത്തി നായനാർ തിരുത്തോണ്ടർ തൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 19) കലിക്കമ്പ നായനാർ

നടുനാട്ടിലെ തിരുപ്പെണാകടം എന്ന നാട്ടുരാജ്യത്ത് വണികർകുലത്തിലാണ് കലിക്കമ്പനായനാരുടെ ജനനം. ബാല്യം മുതൽക്കേ ശിവപെരുമാളിൽ അഗാധമായ ഭക്തിയുണ്ടായി. തിരുത്തുകാനൈ ശിവക്ഷേത്രത്തിൽ നിത്യദർശനം ചെയ്ത്, മൂന്നു നേരത്തെ പൂജകളും തൊഴുത് അദ്ദേഹം ഭഗവാൻ ശിവക്കൊഴുന്തുനാഥരെ സേവിച്ചുപോന്നു. ക്ഷേത്രത്തിലെത്തുന്ന ശിവയോഗികളുടെ കാൽകഴുകി മൃഷ്ടാന്ന ഭോജനം നൽകുന്നതിലും അദ്ദേഹം ശ്രദ്ധവെച്ചു. സ്വന്തം ഭവനം ശിവയോഗികൾക്കായി തുറന്നിട്ടു. ഒരുനാൾ ഭവനത്തിലെത്തിയ ശിവയോഗികളുടെ കൂട്ടത്തിൽ കലിക്കമ്പരുടെ ഒരു മുൻഭൃത്യനുമുണ്ടായിരുന്നു. രുദ്രാക്ഷവും വിഭൂതിയുമണിഞ്ഞിരുന്നെങ്കിലും അയാൾ ഒരു കപടയോഗിയായിരുന്നു. കലിക്കമ്പർക്ക് ആരുടെയും മുഖം നോക്കുന്ന ശീലമുണ്ടായിരുന്നില്ല; പതിവുപോലെ അദ്ദേഹം ശിവയോഗികളുടെ പാദക്ഷാളനം തുടങ്ങി. അതിനിടെ അദ്ദേഹത്തിന്റെ പത്നി കപടയോഗിയെ തിരിച്ചറിഞ്ഞു. കാൽകഴുകുന്നത് കലിക്കമ്പരായിരുന്നെങ്കിലും കിണ്ടി ഉപയോഗിച്ചു വെള്ളമൊഴിച്ചു കൊടുത്തിരുന്നത് ഭാര്യയായിരുന്നു. കപടയോഗിയെക്കണ്ടതും അവരുടെ കൈകൾ നിശ്ചലമായി. കലിക്കമ്പർ തലചെരിച്ചു ഭാര്യയെ തറപ്പിച്ചുനോക്കി. പാദക്ഷാളനത്തിൽ വീഴ്ച വന്നത് അദ്ദേഹത്തിനു ക്ഷമിക്കാനായില്ല. അദ്ദേഹം വാളൂരി ഭാര്യയുടെ കൈ ഛേദിച്ചു കളഞ്ഞു. പിന്നെ ഒന്നും സംഭവിക്കാത്ത മട്ടിൽ പാദക്ഷാളനം തുടർന്നു. അതിനുശേഷം കപടയോഗിയടക്കം വന്നവർക്കെല്ലാം ഊണു വിളമ്പി. മനസുകലങ്ങാതെ ശിവപൂജക്കിരുന്ന കലിക്കമ്പർക്കു മുമ്പിൽ ശിവപെരുമാൾ പ്രത്യക്ഷപ്പെട്ടു. 'അങ്ങയിൽ നാം സംപ്രീതനായിരിക്കുന്നു' എന്നനുഗ്രഹിച്ചുകൊണ്ട് ഭഗവാൻ അപ്രത്യക്ഷനായി. കലിക്കമ്പരും പത്നിയും ആ നിമിഷം തന്നെ കൈലാസം പൂകി എന്ന് സുന്ദരമൂർത്തി നായനാരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിക്കാണുന്നു.

## 20) കലിയ നായനാർ

തൊണ്ടൈനാട്ടിലെ തിരുവൊറ്റിയൂരിൽ വണിയർകുലത്തിലാണ് കലിയർ ജനിച്ചത്. എണ്ണക്കുരുക്കളും പരുത്തിക്കുരുവും ചക്കിലിട്ട് ആട്ടി എണ്ണയെടുക്കുകയായിരുന്നു തൊഴിൽ. ഗ്രാമത്തിലെ ശിവക്ഷേത്രത്തിൽ ചുറ്റുവിളക്കു കത്തിക്കാനുള്ള എണ്ണ കരുതിവെച്ചതിനുശേഷം മിച്ചം വരുന്ന എണ്ണ വിറ്റുകിട്ടുന്ന പണം കൊണ്ട് അദ്ദേഹം ഉപജീവനം കഴിച്ചുപോന്നു. വർഷങ്ങൾ കടന്നുപോയി. അമ്പലത്തിലെ ചുറ്റുവിളക്കു കത്തിക്കുന്നത് ഒരുനാൾപോലും കലിയർ മുടക്കിയില്ല. സന്തുഷ്ടനായ ഭഗവാൻ, ഒരു പരീക്ഷണത്തിലൂടെ കലിയരുടെ ഈ പുണ്യപ്രവൃത്തി ലോകത്തെ അറിയിക്കണമെന്നു നിശ്ചയിച്ചു. ഭഗവാന്റെ മായാപ്രയോഗത്താൽ കലിയർക്ക് സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടാൻ തുടങ്ങി. ഇതു തന്റെ ഇഷ്ടദേവന്റെ പരീക്ഷണമാണെന്നു കലിയർക്കു മനസ്സിലായതുമില്ല. അമ്പലത്തിലേക്കാ

വശ്യമായ എണ്ണ കിട്ടാൻ വഴി കാണാഞ്ഞപ്പോൾ അദ്ദേഹം സ്വത്തുക്കൾ ഒന്നൊന്നന്നായി വിറ്റു. ഇപ്രകാരം കുറെനാൾ എണ്ണയ്ക്കു വഴികണ്ടെത്തി. സ്വത്തുക്കൾ എല്ലാം തീർന്നപ്പോൾ വീട്ടപകരണങ്ങൾ വിറ്റു. ആ വഴിയും മുട്ടിയപ്പോൾ കൂലിവേല ചെയ്തു. ശരിയായി ആഹാരമില്ലാതെ വന്നതിനാൽ ശരീരം ക്ഷീണിച്ചു. കൂലിവേല ചെയ്യാൻ വയ്യാതായി. ഈ അവസ്ഥയിൽ സ്വന്തം പത്നിയെ വിൽക്കാൻ ചന്തയിലെത്തി. സന്ധ്യക്കു മുമ്പ് ഭാര്യയെ വിറ്റു കിട്ടുന്ന പണം കൊണ്ടുവേണം ക്ഷേത്രത്തിൽ വിളക്കു വെക്കാൻ എന്ന സ്ഥിതി! പക്ഷെ മെലിഞ്ഞുണങ്ങിയ ആ സാധ്വിയെ വാങ്ങാൻ ആരും മുന്നോട്ടു വന്നില്ല. സന്ധ്യയായി; മനം നൊന്ത കലിയർ ക്ഷേത്രത്തിലേക്കു ചെന്നു. ചുറ്റുവിളക്കുകളെല്ലാം തുടച്ചു തിരിയിട്ടു. എണ്ണയില്ലാതെ വിളക്കു കത്തില്ല! വിളക്കു കത്തിക്കാതെ താനെന്തിനു ജീവിക്കണം ! മരിക്കുക തന്നെ! എന്നുറപ്പിച്ച കലിയർ ഒരു കത്തിയെടുത്ത് സ്വന്തം കഴുത്തു മുറിച്ചു. പൊടുന്നനെ മഹാദേവൻ പ്രത്യക്ഷനായി കലിയരെ തടഞ്ഞു. തൊട്ടുമുന്നിൽ ഭഗവാനെ പ്രത്യക്ഷരൂപത്തിൽ കണ്ട കലിയർ ആനന്ദാശ്രുക്കൾ പൊഴിച്ചു. ഭഗവൽ സ്പർശത്താൽ കഴുത്തിലെ മുറിവു കൂടി. വിവരമറിഞ്ഞ ഗ്രാമീണർ ക്ഷേത്രത്തിലേക്കു പ്രവഹിച്ചു. അവർ എണ്ണയൊഴിച്ചു ചുറ്റുവിളക്കുകൾ കത്തിച്ചു. ഭഗവൽപ്രസാദത്താൽ കലിയരുടെ സമ്പത്തുകളെല്ലാം തിരിച്ചു കിട്ടി. ഏറെക്കാലം ഭഗവാനെ സേവിച്ച സംതൃപ്തിയോടെ കലിയർ സ്വർഗം പൂകി എന്ന് തിരുത്തോണ്ടർ തൊഗൈ എന്ന ഗ്രന്ഥത്തിൽ സുന്ദരമൂർത്തി നായനാർ രേഖപ്പെടുത്തിയിട്ടുണ്ട്.

## കണമ്പുല്ല നായനാർ

ചോഴനാട്ടിലെ വടവെള്ളാറിന്റെ തെക്കേക്കരയിൽ വേലൂർ എന്ന പേരിൽ ഒരു ഗ്രാമമുണ്ടായിരുന്നു; പ്രകൃതി സൗന്ദര്യവും സകല ഐശ്വര്യങ്ങളും തികഞ്ഞ ഒരു പ്രദേശം! അവിടുത്തെ ഗ്രാമമുഖ്യനാണ് പിന്നീട് കണമ്പുല്ലർ എന്നറിയപ്പെട്ടത്. കഥയിങ്ങനെ. പരമയോഗ്യനായ ഗ്രാമത്തലവന് ശിവപെരുമാളിൽ അചഞ്ചലമായ ഭക്തിയുണ്ടായിരുന്നു. തന്റെ ശിവഭക്തിയുടെ സൂചകമായി നിത്യവും ധാരാളം പണം ചെലവഴിച്ച് ഗ്രാമത്തിലെ കുറേക്കാലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സമ്പത്തു ക്ഷയിച്ചു. വിളക്കിന് എണ്ണ വാങ്ങാനുള്ള പണത്തിനു പോലും ബുദ്ധിമുട്ടായി. നാടുപേക്ഷിച്ച് അദ്ദേഹം ചിദംബരത്തേക്കു പോയി. പക്ഷേ അപ്പോഴും ശിവോപാസന മുടക്കിയില്ല. അവശേഷിച്ച സ്വത്തു വിറ്റ് അദ്ദേഹം തിരുപ്പുലീശ്വരം ക്ഷേത്രം ഏറ്റെടുത്തു. സ്വത്തില്ലെങ്കിലും വിളക്കു കൊളുത്താതെ വയ്യ.പക്ഷേ മറ്റുളവരോടു പണം യാചിക്കുന്നതെങ്ങനെ? അദ്ദേഹം എണ്ണവാങ്ങാൻ മറ്റൊരു മാർക്ഷം കണ്ടെത്തി. ഗ്രാമത്തിന്റെ അതിർത്തിയിൽ ഘനമുള്ള പുല്ലു വളരുന്ന ഒരു മേടുണ്ടായിരുന്നു. അദ്ദേഹം നിത്യവും പുല്ലരിഞ്ഞ് ഗ്രാമത്തിൽ കൊണ്ടു ചെന്നു വിൽക്കാൻ തുടങ്ങി. അങ്ങനെ കിട്ടിയ പണമുപയോഗിച്ച് വിളക്കു കൊളുത്തി. അന്നുമുതൽ ഗ്രാമീണർ അദ്ദേഹത്തെ 'ഘനംപുല്ലർ' എന്നു വിളിക്കാൻ തുടങ്ങി. ആ പേര് പിന്നീട് കണമ്പുല്ലർ എന്നായിത്തീർന്നു. ഒരു ദിവസം പുല്ലു വാങ്ങാൻ ആരേയും കിട്ടിയില്ല. അദ്ദേഹം പുല്ലു കൊണ്ടു തന്നെ വിളക്കു കത്തിച്ചു. എന്നാൽ യാമം തികയും മുമ്പ് വിളക്കുകൾ അണയാൻ തുടങ്ങി. ഒട്ടും മടിക്കാതെ അദ്ദേഹം സ്വന്തം കേശം വിളക്കിലേക്കുവെച്ചു കത്തിച്ചു. ഉടൻ ഭഗവാൻ പ്രത്യക്ഷപ്പെട്ട് കണമ്പുല്ലരെ പിടിച്ചു മാറ്റി. ശിവപെരുമാളുടെ അനുഗ്രഹം കിട്ടിയ കണമ്പുല്ലർ അപ്പോൾത്തന്നെ കൈലാസം പൂകി എന്ന് സുന്ദരമൂർത്തിനായനാർ തിരുത്തോണ്ടർ തൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## കണ്ണപ്പനായനാർ

തൊണ്ടൈനാട്ടിലെ ഉടപ്പൂർ എന്ന വനപ്രദേശം മലവേടന്മാരുടെ കേന്ദ്രമായിരുന്നു. നാഗൻ എന്നൊരാളായിരുന്നു അവരുടെ തലവൻ (ഇയാൾ മുജ്ജന്മത്തിൽ സന്യാസിയായിരുന്നു എന്നൊരൈതിഹ്യമുണ്ട്). നിത്യവും നായാട്ടിനു പോവുക, വേട്ടയാടിക്കിട്ടുന്ന മൃഗങ്ങളുടെ മാംസം പൊരിച്ചു ഭക്ഷിക്കുക എന്നിങ്ങനെ കാട്ടുജാതിക്കാരുടെ രീതികളനുസരിച്ചാണ് നാഗനും പത്നി തത്തയും ജീവിച്ചു പോന്നത്. വളരെക്കാലം അവർക്കു സന്താനങ്ങളുണ്ടായില്ല. ഭക്തിയോടെ ശ്രീമുരുകനെ സേവിച്ചതിന്റെ ഫലമായി അവർക്കൊരു പുത്രൻ ജനിച്ചു. അവർ കുഞ്ഞിനെ തിണ്ണൻ എന്നു പേരു വിളിച്ചു. ബുദ്ധിയും സിദ്ധിയും തികഞ്ഞ ബാലനായിരുന്നു തിണ്ണൻ. കൗമാരമെത്തിയപ്പോഴേക്കും ആയോധനകലയിലും കായികവിദ്യകളിലും അവൻ സമർത്ഥനായിത്തീർന്നു. അമ്പും വില്ലും പ്രയോഗിക്കുന്നതിൽ അവൻ മറ്റു വേടന്മാരെക്കാൾ മുമ്പനായിരുന്നു. നാഗനു വാർദ്ധക്യമായി. നായാട്ടിനു പോകാനും, തന്റെ കൂട്ടരെ നയിക്കാനും വയ്യെന്നു തോന്നിയപ്പോൾ അയാൾ സ്ഥാനമൊഴിഞ്ഞു. പുത്രനായ തിണ്ണനെ വേടന്മാരുടെ തലവനായി വാഴിച്ചു. തന്റെ നേതൃപാടവവും സൽസ്വഭാവവും മൂലം, ചുരുങ്ങിയ കാലം കൊണ്ട് തിണ്ണൻ ഏവരുടെയും ആദരവു നേടി.

ഒരിക്കൽ കാട്ടിനകത്തേക്കു നായാട്ടിനു പോയ തിണ്ണൻ തിരുകാളത്തിമല മുകളിലെത്തി. അവിടെ

കുടുമിത്തേവർ എന്നറിയപ്പെടുന്ന ശിവപെരുമാളുടെ ലിംഗരൂപത്തിലുള്ള വിഗ്രഹം കണ്ടു. ആദ്യദർശനത്തിൽത്തന്നെ തിണ്ണന്റെ ഹൃദയത്തിൽ ഭഗവാനെ പ്രതി ഗാഢമായ ഭക്തി അങ്കുരിച്ചു. സന്ധ്യയായിട്ടും വീട്ടിലേക്കു മടങ്ങാതെ അയാൾ മലമുകളിൽത്തന്നെ നിലയുറപ്പിച്ചു. രാത്രിയായി. എന്നിട്ടും തിണ്ണൻ മടങ്ങിയില്ല. നേരം പുലർന്നപ്പോൾ കാട്ടുപൂക്കളും വേട്ടമാംസവും ഉപയോഗിച്ച് കുടുമിത്തേവരെ ആരാധിച്ചതിനുശേഷം തിണ്ണൻ മടങ്ങി. അൽപം കഴിഞ്ഞപ്പോൾ അവിടെ നിത്യപൂജ നടത്തിപ്പോന്ന ശിവകോശരിയാർ എന്ന ബ്രാഹ്മണൻ പൂജാസാമഗ്രികളുമായെത്തി. ശിവലിംഗത്തിനു നൈവേദ്യമായി സമർപ്പിക്കപ്പെട്ട മാംസക്കഷ്ണങ്ങൾ കണ്ട് അദ്ദേഹം നടുങ്ങിപ്പോയി. അറപ്പോടെ അതെല്ലാം പെറുക്കിക്കളഞ്ഞ് അദ്ദേഹം ശിവലിംഗത്തെ ജലത്താൽ ശുദ്ധിചെയ്തു. പൂക്കളും നൈവേദ്യവുമർപ്പിച്ചശേഷം മടങ്ങുകയും ചെയ്തു. പിറ്റേന്നും തിണ്ണൻ പുലർച്ചക്കു മുമ്പെ വേട്ടമാംസവും കാട്ടുപൂക്കളുമായി മലമുകളിലെത്തി. ശിവലിംഗത്തിൽ പുഷ്പാർച്ചന ചെയ്യുകയും മാംസം നിവേദിക്കുകയും ചെയ്തു. തിണ്ണൻ മടങ്ങി അൽപം കഴിഞ്ഞപ്പോഴേക്കു ശിവകോശിയാർ എത്തി. ശിവലിംഗത്തെക്കണ്ട് അദ്ദേഹം ദു:ഖിച്ചു. 'ഭഗവാനേ ഇവ്വിധം അവിടുത്തോട് അക്രമം കാട്ടുന്ന ആ നീചനെ അടിയന്റെ കൺമുമ്പിൽ കാട്ടിത്തരണേ,' എന്നു പ്രാർത്ഥിച്ചുകൊണ്ട് ബ്രാഹ്മണൻ ശിവപൂജ ചെയ്തു. അഞ്ചു ദിവസങ്ങൾ കടന്നുപോയി. അഞ്ചാംനാൾ രാത്രി മഹാദേവൻ ബ്രാഹ്മണനു സ്വപ്നദർശനം നൽകി. 'നാളെ പുലരുംമുമ്പ് മലമുകളിലെത്തിയാൽ വേടനെ കാണാം. മരത്തിനു പിന്നിൽ മറഞ്ഞുനിന്ന് അവനെ ശ്രദ്ധിച്ചുകൊണ്ടാൽ മാത്രം മതി. ഒക്കെ താനെ മനസ്സിലായിക്കൊള്ളും,' ഭഗവാൻ കൽപ്പിച്ചു. ബ്രാഹ്മണൻ ഞെട്ടിയുണർന്നു. ഇതു ഭഗവാന്റെ കൽപ്പന തന്നെ എന്നു കരുതിയ അയാൾ പിറ്റേന്നു ബ്രാഹ്മമുഹൂർത്തത്തിൽത്തന്നെ മലമുകളിലെത്തി, തേവരുടെ ബിംബത്തിനു സമീപം ഒരു മരത്തിനു പിറകിലായി മറഞ്ഞു നിന്നു. അൽപ്പം കഴിഞ്ഞപ്പോൾ തിണ്ണൻ മലകയറി വരുന്നതു കണ്ടു. വായിൽ നിറയെ വെള്ളവും കുടുമയിൽ തിരുകിവെച്ച പൂക്കളും കയ്യിൽ പൊരിച്ച വേട്ട മാംസവുമായി അയാൾ കുടുമിത്തേവരുടെ സന്നിധിയിലെത്തി. വായിൽ കരുതിയ ജലംകൊണ്ട് ബിംബത്തിനു ധാരയും കുടുമയിലെ പൂക്കളെടുത്ത് അർച്ചനയും ചെയ്തു.പൊരിച്ച മാസം നേദിച്ചു കഴിഞ്ഞതും ബിംബത്തിന്റെ ഇടത്തെ കണ്ണിൽനിന്ന് രക്തം ഒഴുകാൻ തുടങ്ങി. പലവിധത്തിലും അതു തടയാൻ ശ്രമിച്ചിട്ടും നടക്കാതെ വന്നപ്പോൾ തിണ്ണൻ തന്റെ ഇടത്തേ കണ്ണ് കുത്തിയെടുത്ത് വിഗ്രഹത്തിന്റെ ഇടതുകൺ സ്ഥാനത്തേക്കു വെച്ചു. ഉടനെ വിഗ്രഹത്തിന്റെ വലത്തേ കണ്ണിൽ നിന്നും രക്തം പ്രവഹിക്കാൻ തുടങ്ങി. 'ഊനുക്ക് ഊനേ ഉറ്റനോയ് തീർക്കും' എന്നു പറഞ്ഞുകൊണ്ട് തിണ്ണൻ രക്തപ്രവാഹം തടയാൻ ശ്രമിച്ചു. ഫലമില്ലെന്നു കണ്ടപ്പോൾ തന്റെ വലത്തേ കണ്ണും ഭഗവാനു നൽകാനുറച്ചു. കണ്ണു തുരന്നെടുക്കുമ്പോൾ വിഗ്രഹത്തിന്റെ കൺസ്ഥാനം തെറ്റിപ്പോകരുതല്ലോ എന്നു കരുതി തന്റെ പാദമുയർത്തി കാളത്തിനാഥന്റെ മുഖത്തു വെച്ചു. പിന്നെ അമ്പിന്റെ അഗ്രം കൊണ്ട് സ്വന്തം കണ്ണു തുരന്നെടുക്കാൻ തുടങ്ങി. പൊടുന്നനെ സാക്ഷാൽ മഹാദേവൻ പ്രത്യക്ഷപ്പെടുകയും തിണ്ണന്റെ കൈ പിടിച്ച് തടയുകയും ചെയ്തു. മരത്തിനു പിന്നിൽ മറഞ്ഞു നിന്ന് ഇതെല്ലാം കണ്ട ബ്രാഹ്മണൻ ആനന്ദക്കണ്ണീരൊഴുക്കി. അദ്ദേഹം കാളത്തിനാഥനെയും തിണ്ണനെയും സ്തുതിച്ചു.

അന്നു മുതൽ തിണ്ണൻ കണ്ണപ്പൻ എന്നറിയപ്പെട്ടു. തപസുകൊണ്ട് സന്യാസിവര്യന്മാർക്കു പോലും ലഭിക്കാത്ത അനുഗ്രഹം പൂജയും ജപവുമൊന്നുമറിയാത്ത ഒരു വേടനു ലഭിച്ചത് നിസ്വാർത്ഥമായ ഭക്തികൊണ്ടു മാത്രമാണ്. സംപ്രീതനായ ഭഗവാൻ കണ്ണപ്പന് തന്റെ വലതുഭാഗത്തു തന്നെ സ്ഥാനം നൽകിയതിനുശേഷം അപ്രത്യക്ഷനായി. കണ്ണപ്പനായനാർ കൈലാസം പൂകിയെന്ന സത്യമറിഞ്ഞ വേടന്മാർ ശിവപെരുമാളെ സ്തുതിച്ചു. സുന്ദരമൂർത്തി നായനാരുടെ ഗ്രന്ഥത്തിൽ കണ്ണപ്പനായനാരുടെ ചരിതം രേഖപ്പെടുത്തിക്കാണാം ● (തുടരും)

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;
0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

ക്ഷേത്രങ്ങളിലൂടെ

# ചെങ്ങന്നൂർ മഹാദേവക്ഷേത്രം



ഇന്ദിരാഭായി



പുണ്യനദിയായ പമ്പയുടെ തീരത്തു സ്ഥിതി ചെയ്യുന്ന അതിപുരാതനമായ ഒരു മഹാദേവക്ഷേത്രമാണ് ചെങ്ങന്നൂർ മഹാദേവക്ഷേത്രം. ആലപ്പുഴ ജില്ലയിൽ സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രം പരശുരാമപ്രതിഷ്ഠിതമായ108 ശിവാലയങ്ങളിലൊന്നാണ്. ശിവ ക്ഷേത്രമാണെങ്കിലും പാർവ്വതി ദേവിക്കാണ് കൂടുതൽ പ്രാധാന്യം. പേരുംപെരുമയുമുള്ള അനേകം ക്ഷേത്രങ്ങളുടെ സാന്നിദ്ധ്യമുള്ള പ്രദേശമാണ് ചെങ്ങന്നൂർ. പണ്ടുകാലത്ത് ഈ പ്രദേശം കൊടും കാടായിരുന്നു.ചെമ്മണ്ണിന്റെ ചെറിയ കുന്നുകൾ നിറഞ്ഞ പ്രദേശമായിരുന്നതിനാൽ ചെങ്കണ്ടൂർ എന്നുംചെങ്കള്ളൂർ എന്നും അറിയപ്പെട്ടിരുന്നു. സംസ്കൃത പണ്ഡിതന്മാർ ചെമ്മണ്ണിൽ കുന്നുകൾ നിറഞ്ഞ ഈ പ്രദേശത്തെ ശോണാദ്രിയെന്നും ശോണാചലം എന്നും വിളിച്ചിരുന്നു. ചെങ്കള്ളൂർ പിന്നിട് ചെങ്ങന്നൂരായി അറിയപ്പെട്ടു.

ചെങ്ങന്നൂർ മഹാദേവക്ഷേത്രചരിത്രത്തെക്കുറിച്ച് ഐതിഹ്യങ്ങളുടെ ഒരു നീണ്ടനിരതന്നെയുണ്ട്. പരശുരാമൻ കേരളത്തിൽ സ്ഥാപിച്ച നമ്പൂതിരി ഗ്രാമങ്ങളിൽ ഏറ്റവും തെക്കെഅറ്റത്തുള്ള ഗ്രാമമാണ് ചെങ്ങന്നൂർ. കാട്വെട്ടി തെളിയിച്ച് അവിടെ പാർപ്പിടങ്ങളുണ്ടുക്കുകയും മഹാദേവനും ദേവിക്കും വേണ്ടി ക്ഷേത്രം നിർമ്മിക്കുകയും ചെയ്തു. പരശുരാമൻ തന്നെയാണ് ക്ഷേത്രം നിർമ്മിച്ച് പ്രതിഷ്ഠയും മറ്റു ചടങ്ങുകളും നടത്തിയതെന്നും ഐതിഹ്യമുണ്ട്. ബ്രഹ്മണരുടെ വാസസ്ഥലവും പാണ്ഡിത്യത്തിന്റെയും സംഗീതാദികലകളുടെയും ജ്യോതിഷത്തിന്റെയും നാടായി ചെങ്ങന്നൂർ അറിയപ്പെടുന്നു. കലികാലത്ത് മനുഷ്യജിവിതത്തിൽ ദേവി ഇടപെടുന്നതിന്റെ പ്രത്യക്ഷാനുഭവങ്ങൾക്കുത്തമ ഉദാഹരണമാണ് ചെങ്ങന്നൂരമ്മ. സ്ത്രീത്വത്തിന്റെ പ്രത്യക്ഷാനുഗ്രഹമായിവാഴുന്ന ചെങ്ങന്നൂരമ്മയെ ഭക്തിപൂർവ്വം പ്രാർത്ഥിച്ചാൽ സർവ്വസൗഭാഗ്യങ്ങളും നൽകി അമ്മ അനുഗ്രഹിക്കുമെന്നാണ് വിശ്വാസം. ചെങ്ങന്നൂർ ക്ഷേത്രം കുഭസംഭവമന്ദിരം എന്നും അറിയപ്പെടുന്നുണ്ട്. പാർവ്വതിപരമേശ്വരൻമാരുടെ വിവാഹത്തിന് ദേവന്മാരും മഹർഷിമാരും ഭൂലോകവാസികളും കൈലാസത്തിലെത്തി. ഈ സമയം കൈലാസശൈലം ഭാരം കൊണ്ട് വടക്കോട്ട് ചരിഞ്ഞുപോകുമോ എന്ന് പരമശിവൻ ഭയപ്പെട്ടു. ഭഗവാൻ അഗസ്ത്യമുനിയെ വിളിച്ച് ഭൂമി വടക്കോട്ട് താഴാതിരിക്കുവാൻ ദക്ഷിണദിക്കിലിരിക്കാൻ ആവശ്യപ്പെട്ടു. ഭഗവാന്റെ വിവാഹചടങ്ങുകൾ കാണാൻ സാധിക്കില്ലല്ലോ എന്നോർത്ത് അദ്ദേഹത്തിനു വിഷമമായി. ഇതു മനസ്സിലാക്കിയ മഹാദേവൻ വിവാഹചടങ്ങുകൾ കാണുവാൻ അദ്ദേഹത്തിന് ദിവ്യദൃഷ്ടിയും നൽകി. അഗസ്ത്യമുനി ദ്രോണാദ്രിയിലെത്തി തപസ്സു ചെയ്തു. വിവാഹം കഴിഞ്ഞ് ദേവിയും ഭഗവാനും അഗസ്ത്യമുനിയുടെ അടുത്തെത്തി അദ്ദേഹത്തെ അനുഗ്രഹിച്ചു. ഈ സമയത്താണ് ദേവി രജസ്വലയാകുന്നത് . പിന്നിട് ശുദ്ധിയാകുന്നതുവരെ ഭഗവാനും ദേവിയും അവിടെതന്നെ തങ്ങി കുറച്ചുനാൾ അവിടെ വസിച്ച് ആ പ്രദേശത്തെ അനുഗ്രഹിച്ച ശേഷം സ്വർഗ്ഗലോകത്തേക്ക് മടങ്ങി. അവരെ ആരാധിക്കുന്നതിനായി ക്ഷേത്രം പണിതു. ഈ സാന്നിദ്ധ്യമാണ് പരശുരാമൻ ചെങ്ങന്നൂരിൽ പ്രതിഷ്ഠിച്ചത് എന്നാണ് ഐതിഹ്യം. അവിശ്വസനീയമെന്ന് വിശേഷിപ്പിക്കാവുന്ന ഒരത്ഭുതമായി ചെങ്ങന്നൂരിലെ ദേവിക്ക് മാസന്തോറുമല്ലെങ്കിലും മാസമുറ സംഭവിക്കുന്നു. ലോകത്തൊരിടത്തുമില്ലാത്ത ഒരു വിശേഷമാണിത് ഇന്നും ഈ പ്രതിഭാസം തുടരുന്നു. തൃപ്പൂത്തുറപ്പായാൽ മൂല വിഗ്രഹത്തിന് താഴെയുള്ള അർച്ചനാബിംബത്തിലേക്ക് ദേവിയെ ആവാഹിക്കുന്നു. പിന്നിട് ഈ വിഗ്ര

ഹത്തെ വടക്കുപടിഞ്ഞാറെ മൂലയിലുള്ള പ്രത്യേക മുറിയിലേക്ക് മാറ്റുന്നു. നാലാം ദിവസം മിത്രപുഴക്കടവിൽ കുളിപ്പിച്ച് ശുദ്ധീകരണം കഴിഞ്ഞ് ദേവിയെ പിടിയാനപ്പുറത്തിരുത്തി ശ്രീ കോവിലിലേക്ക് എഴുന്നള്ളിക്കുന്നു. ഇതൊടനുബന്ധിച്ച് നാലു ഘട്ടങ്ങളിലായുള്ള ചടങ്ങുകളാണ് തൃപ്പൂത്താറാട്ട് എന്ന പേരിൽ പ്രസിദ്ധമായത്. പണ്ട് കാലത്ത് മൺറോസായിപ്പ് മറ്റു ക്ഷേത്രങ്ങൾക്കൊപ്പം ചെങ്ങന്നൂർ ക്ഷേത്രവും സർക്കാരിലേക്കേറ്റെടുത്തപ്പോൾ വരവ് ചിലവ് കണക്കുകൾകൊണ്ട് മേലിൽ തൃപ്പൂത്താറാട്ടിന് ഒരു അണപോലും അനുവദിക്കില്ല എന്നു തീരുമാനിച്ചു. ചരിത്രത്തിലാദ്യമായി തൃപ്പൂത്താറാട്ട് മുടങ്ങി. പിന്നിട് സായിപ്പിനും കുടുംബത്തിനും അസുഖം പിടിപ്പെട്ടു വിഷമിക്കുകയും സായിപ്പ് ദേവിസമക്ഷം സാഷ്ടാംഗം വീണു മാപ്പുപറഞ്ഞ് . ആറാട്ടിനായി 700 പണം അധികം നൽകുകയും സായിപ്പിന്റെ പേരു കൊത്തിയ സ്വർണ്ണകാപ്പ് ദേവിയുടെ നടയിൽ വെച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ഇന്നും ഈ സ്വർണ്ണക്കാപ്പ് ദേവിയുടെ ഇടതുകയ്യിൽ അണിയിക്കാറുണ്ട് എന്നാണറിയുന്നത്. കുംഭത്തിൽ പിറന്ന അഗസ്ത്യമുനിക്ക് ഭഗവാൻ ദേവിസമേതനായി ദർശനം നൽകിയസ്ഥലം കുടുംബസംഭവമന്ദിരം എന്ന പേരിൽ അറിയപ്പെട്ടു. ചെങ്ങന്നൂരിൽ ആദ്യമുണ്ടായിരുന്ന മഹാക്ഷേത്രം പണികഴിപ്പിച്ചത് ചേരരാജാക്കൻമാരുടെ കാലത്താണ്. ചേരരാജാക്കൻമാരുടെ അധഃപതനത്തിനുശേഷം ചെങ്ങന്നൂരിനധിപതികളായത് നായനാർമാർ എന്നറിയപ്പെട്ടിരുന്ന 63 ശൈവ സന്യാസിമാരിലെ കേരളീയരായിരുന്ന നായനാർമാരായിരുന്നു. നായനാർമാരും അന്നു നാടുവാണിരുന്ന ചേരരാജാക്കൻമാർക്കൊപ്പം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. വിറൽ വീണ്ടനായനാരുടെ കുടുംബക്കാർ ക്ഷേത്രാധികാരികളായപ്പോൾ 'നായനാർ തിരുചെങ്ങന്നൂർകാവ്' എന്നും ക്ഷേത്രം അറിയപ്പെട്ടിരുന്നു. നമ്പൂതിരിമാരുടെ ആഗമനത്തോടെ കേരളം 64 നമ്പൂതിരിഗ്രാമങ്ങളായി വിഭജിക്കപ്പെട്ടു. നമ്പൂതിരി ഗ്രാമക്കാരിൽ നിന്നും 360 ഇല്ലക്കാരെ സഭാംഗങ്ങളായും ഒൻപത് ഇല്ലക്കാരെ യോഗാംഗങ്ങളായും തെരഞ്ഞെടുത്തിരുന്നു. നമ്പൂതിരി മേൽകോയ്മയുടെ ഈ സുവർണ്ണ കാലഘട്ടത്തിലാണ് ഗ്രാമദേവതയായക്ഷേത്രം പുതുക്കിപ്പണിയുവാൻ തിരുമാനിക്കുന്നത്. കേരളത്തിൽ മറ്റെവിടെയുമില്ലാത്ത പ്രത്യേകതയിൽ ക്ഷേത്രം പുതുക്കിപണിയുവാൻ വേണ്ടി വാസ്തുവിദ്യാകുലപതിയായ പെരുന്തച്ചനെ ക്ഷണിച്ചു. പന്തിരുകുലത്തിലെ വാസ്തുവിദ്യാവിദഗ്ധനും തച്ചുശാസ്ത്രകുലപതിയുമായ പെരുന്തച്ചൻ പമ്പാനദിയിലൂടെ തോണിയിൽ ചെങ്ങന്നൂരിലേക്കു വരുമ്പോൾ നദിയിലുടനീളം ഹോമദ്രവ്യങ്ങൾ ഒഴുകി നടക്കുന്നതു കണ്ടു ഈ നദിക്കരയിലുള്ള ബ്രാഹ്മണർ ഇതുപോലെ ജപഹോമാദികളും വൈദിക കർമ്മങ്ങളും അനുഷ്ഠിച്ചുപോന്നാൽ മഹാലക്ഷ്മീ കടാക്ഷത്താൽ ഇവരുടെ ഐശ്വര്യം വർദ്ധിക്കുകയും അബ്രാഹ്മണർക്കിവിടെ ജിവിതം പ്രയാസമാവുകയും ചെയ്യും എന്നു ചിന്തിച്ചു. ബ്രാഹ്മണരുടെ ഐശ്വര്യത്തിനും ആധിപത്യത്തിനും മങ്ങലേൽപ്പിക്കുവാൻ വേണ്ടി തച്ചൻ ക്ഷേത്രപണികളുടെ കണക്കുകൾ തെറ്റിച്ച് ക്ഷേത്രപണിപൂർത്തിയാക്കി എന്നൊരു ഐതീഹ്യമുണ്ട്. ഒരു കാലത്ത് ഉമാമഹേശ്വരൻമാരുടെ വിഹാരഭുമിയായിരുന്നു ഈ പ്രദേശം എന്ന വിശ്വാസത്താൽ ദേവിക്കും ദേവനും ക്ഷേത്രം, കൂത്തമ്പലം,ഗോപുരങ്ങൾ എന്നിവ പണിയുന്നതിന് തച്ചുശാസ്ത്രപ്രകാരമുള്ള കണക്കുകൾ കൊടുത്തിട്ട് തച്ചൻ മടങ്ങിപോയി. മാസങ്ങൾക്ക് ശേഷം പെരുന്തച്ചൻ മടങ്ങിവന്നപ്പോൾ ക്ഷേത്രത്തിന്റെ പണികൾ നടക്കുന്നുണ്ടെങ്കിലും കുത്തമ്പലത്തിന്റെ പണി തുടങ്ങിയിട്ടില്ല. അണ്ഡാകൃതിയിലായിരുന്നു കൂത്തമ്പലത്തിന്റെ കണക്കുകൾ കൊടുത്തിരുന്നത്. ഈ ആകൃതിയിൽ പണിയാനറിയാവുന്നവർ ആ പ്രദേശത്തില്ലായിരുന്നു. പിന്നീട് തച്ചൻ തന്നെ പണിചെയ്തും നിർദ്ദേശങ്ങൾകൊടുത്തും കോഴിമുട്ടയുടെ ആകൃതിയിൽ കൂത്തമ്പലം പണിതീർത്തു. ചരിത്രത്തിലാദ്യമായും അവസാനമായും അണ്ഡാകൃതിയിലുള്ള കൂത്തമ്പലം പണിതീർത്തു എന്നു പറയുന്നതാവും ശരി.പെരുന്തച്ചന്റെ കരവിരുതിൽ അത്ഭുതപ്പെട്ട വഞ്ചിപ്പുഴ തമ്പുരാൻ ദേവി പ്രതിഷ്ഠക്കുള്ള വിഗ്രഹം നിർമ്മിക്കുവാൻ പെരുന്തച്ചനോട് ആവശ്യപ്പെട്ടു. പെരുന്തച്ചൻ അല്പനേരം ധ്യാനനിമഗ്നനായിരുന്ന ശേഷം മതിലകത്ത് വടക്കുപടിഞ്ഞാറായി ഒരു സ്ഥലം തൊട്ടുകാണിച്ച് മണ്ണുമാറ്റാൻ പറഞ്ഞു. മണ്ണുകുഴിച്ച് മാറ്റിയപ്പോൾ പുരാതനവും ലക്ഷണമൊത്തതുമായ ഒരു ശിലാവിഗ്രഹം കണ്ടെത്തി തമ്പുരാനെ ഏൽപിച്ചു ഈ വിഗ്രഹം പ്രതിഷ്ഠിക്കുകയും ചെയ്തു.

വർഷങ്ങൾക്ക് ശേഷം ഒരു ദിവസം പെരുന്തച്ചൻ ചെങ്ങന്നൂരമ്മയെ തൊഴാൻ ക്ഷേത്രത്തിലെത്തി. പഞ്ചലോഹനിർമ്മിതമായ ചെങ്ങന്നൂരമ്മയുടെ ഒരു പുതിയ വിഗ്രഹവുമായാണ് തച്ചൻ വന്നത്. ഈ വിഗ്രഹം തന്ത്രിയെ ഏല്പിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു. ശതാബ്ദങ്ങൾക്ക് ശേഷം ഈ ക്ഷേത്രം അഗ്നിക്കിരയാകും .ഇപ്പോഴുള്ള ദേവിവിഗ്രഹം അഗ്നിബാധയിൽ നഷ്ടമാവുകയും ചെയ്യും പിന്നീട് അമ്പലം പുതുക്കിപ്പണിത് പ്രതിഷ്ഠിക്കാൻ

വിഗ്രഹം വേണ്ടിവരും അന്ന് ഈ വിഗ്രഹമാണ് പ്രതിഷ്ഠിക്കേണ്ടത്.അതുവരെ ഈ വിഗ്രഹം പമ്പാന ദിയിലെ ആഴമുള്ള കയത്തിൽ നിക്ഷേപിക്കണം. അന്ന് ഈ വിഗ്രഹത്തെപ്പറ്റി അറിവുള്ളവരാരുമു ണ്ടാവില്ല. അതിനാൽ ഈ വിവരം ഒരു ഗ്രന്ഥത്തി ലെഴുതി സൂക്ഷിക്കുകയും വേണം എന്ന് തച്ചൻ തന്ത്രിയെ പറഞ്ഞേൽപിച്ചു. ക്ഷേത്രപണികളുടെ കുലപതിയായ തച്ചന്റെ വാക്കുകൾ പാഴ്വാക്കു കളാവില്ലല്ലോ.

കൊല്ലവർഷം 899 ൽ ചെങ്ങന്നൂരമ്പലത്തിൽ അഷ്ടബന്ധകലശം നടത്തുവാൻ യോഗക്കാർ തി രുമാനിച്ചു.ചെങ്ങന്നുരമ്മയുടെ അനുഗ്രഹത്താൽ ജോതിഷപണ്ഡിതനായി അറിയപ്പെട്ട ആളായിരു ന്നു കൃഷ്ണാത്തുപിള്ള. കൃഷ്ണാത്തുപിള്ളയെ കെട്ടിരാകത്തുപിള്ള എന്നും അറിയപ്പെട്ടിരുന്നു. ചെങ്ങന്നൂർകിഴക്കേനടയിൽ വസിച്ചിരുന്ന ചെ ങ്ങന്നൂരമ്മയുടെ ഭക്തനായ കൃഷ്ണാത്തുപിള്ള കുടുംബത്തിലെ അവസാന പുരുഷപ്രജയായിരു ന്നതിനാൽ തന്റെ വസ്തുവകകൾ ചെങ്ങന്നൂരിന് നൽകിയശേഷം മാന്നാറിലുള്ള ഭാര്യാ ഗ്രഹത്തിലാ യിരുന്നു താമസം. കൃഷ്ണാത്തുപിള്ളയെകൊണ്ട് അഷ്ടബന്ധകലശത്തിനുള്ള സമയം കുറിപ്പിച്ചു. അദ്ദേഹം നല്ല സമയം കുറിച്ചു കൊടുക്കുകയും ചെയ്തു. 899-ാം മാണ്ട് മീനമാസം 8-ാം തിയതി ഉച്ചകഴിഞ്ഞ് ഒരു മയിൽ പറന്നു വന്ന് ശ്രീകോവി ലിന്റെ സ്തൂപികയിൽ ഇരിക്കുമെന്നും ആ സമയം പടിഞ്ഞാറെ നടവഴി കൃഷ്ണാത്തുപിള്ള അമ്പല ത്തിലേക്ക് കടന്നു വരുമെന്നും അഷ്ടബന്ധകല ശത്തിന് വേണ്ടതെല്ലാം ഒരുക്കി വയ്ക്കണമെന്നും അതാണ് മുഹൂർത്തമെന്നും പറഞ്ഞേൽപ്പിച്ചു.

കൃഷ്ണാത്തുപിള്ളയോട് അല്പ്പം അസൂയ യുള്ള ചെങ്ങന്നുർ നിവാസിയും ക്ഷേത്രംനടത്തി പ്പുകാരുടെ ബന്ധവുമായിരുന്ന മറ്റൊരു ജ്യോത്സ്യന് തന്നെ അവഗണിച്ചതായി തോന്നിയെങ്കിലും അദ്ദേ ഹവും അഷ്ടബന്ധകലശ ചടങ്ങുകളിൽ നാട്ടുകാ രോടൊപ്പം ക്ഷേത്രത്തിലെത്തിയിരുന്നു. ഉച്ചസമയ ത്ത് എല്ലാവരും മയിലിനെ പ്രതീക്ഷിച്ചിരിക്കുമ്പോൾ ഒരാൾ പടിഞ്ഞാറെ നടവഴി ഒരു കെട്ടു മയിൽപ്പീ ലിയുമായി അകത്തേക്ക്വരുന്നതു കണ്ട് കൃഷ്ണാ ത്തുപിള്ളയോടസ്സൂയയുള്ള ജോത്സ്യൻ ആളുകൾ തിങ്ങിനിറഞ്ഞു നിൽക്കുന്ന സ്ഥലത്തേക്ക് മയിലൊ ന്നും പറന്നുവരില്ലെന്നും മയിൽപ്പീലി എന്നതിനുപ കരം മയിൽ എന്നു പിള്ള തെറ്റായി പറഞ്ഞതാകാം എന്നും അധികാരികളോട് പറഞ്ഞു. അദ്ദേഹത്തി ന്റെ വാക്കുകൾ വിശ്വസിച്ച് ക്ഷേത്രത്തിൽ കലശം ആരംഭിക്കുകയും ചെയ്തു. കുറച്ചു സമയം കഴിഞ്ഞ പ്പോൾ ഒരു മയിൽ പറന്നുവന്നു താഴികക്കുടത്തിനു മുകളിരുന്നു. ഇതേ സമയത്തു തന്നെ കൃഷ്ണാ ത്തുപ്പിള്ള പടിഞ്ഞാറെ നടവഴി ക്ഷേത്രത്തിലേക്ക് കടന്നുവരികയും ചെയ്തു. മൂഹൂർത്തം തെറ്റിച്ച് കലശം തുടങ്ങിയതു കണ്ട് കൃഷ്ണാത്തുപിള്ള തന്റെ ജ്യോത്സ്യം പിഴക്കില്ല ഒരു യാമത്തിനകം ഈ ക്ഷേത്രത്തിൽ അഗ്നിബാധയുണ്ടാകുമെന്നും പിന്നിട് ക്ഷേത്രം പുതുക്കി പണിയുമെന്നും ക്ഷേത്ര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് വളരെയധി കം കാലതാമസം ഉണ്ടാകുമെന്നും പ്രവചിച്ചു. തച്ച ന്റെ ദീർഘവീക്ഷണവും കൃഷ്ണാത്തുപിള്ളയുടെ പ്രവചനവും തെറ്റിയില്ല. പെരുന്തച്ചന്റെ കരവിരുതു കളുടെ മകുടോദാഹരണമായിരുന്ന ചെങ്ങന്നുരമ്പ ലത്തിന്റെ ശ്രീകോവിലും ദേവിവിഗ്രഹവും കൂത്ത മ്പലവും നമസ്കാരമണ്ഡപവും കിഴക്കേനടയും അഗ്നിക്കിരയായി ഭഗവാന്റെ വിഗ്രഹം ചെളിയിൽ പുതഞ്ഞു കിടന്നിരുന്നതിനാൽ കേടുസംഭവിച്ചുമില്ല. കൃഷ്ണാത്തുപ്പിള്ളയുടെ പ്രവചനം പോലെ തന്നെ ക്ഷേത്രപുനർനിർമ്മാണത്തിന് വളരെയധികം കാലം വേണ്ടിവന്നു. ചെങ്ങന്നുർ മതിലകത്തെ പണിപോലെ എന്നൊരുചൊല്ലും ദേശവാസികൾക്കിടയിലുണ്ടാ യി. ഭാവിയിൽ അഗ്നിബാധയുണ്ടാകാതിരിക്കുവാൻ കരിങ്കൽ പാളികൾ ചേർത്ത് അരശാന്ത് എന്നറി യപ്പെടുന്ന പ്രകൃതിദത്തമായ പശയുപയോഗിച്ച് വിളക്കിചേർത്താണ് ശ്രീകോവിൽ പുതുക്കിനിർ മ്മിച്ചിരിക്കുന്നത്. നഷ്ടപ്പെട്ട ദേവി വിഗ്രഹത്തിന് പകരം പെരുന്തച്ചൻ പമ്പാനദിയിലെ കയത്തിൽ സൂക്ഷിക്കാനേൽപ്പിച്ചിരുന്ന പഞ്ചലോഹ വിഗ്രഹ മാണ് ഇന്ന് ചെങ്ങന്നൂരമ്പലത്തിൽ പ്രതിഷ്ഠിച്ചി രിക്കുന്നത്. പഴയ മൂല വിഗ്രഹത്തിലേതുപോലെ തന്നെ അത്ഭുതകരമായ പ്രതിഭാസം ഈ വിഗ്രഹ ത്തിലും സംഭവിക്കുന്നു എന്നത് അതിശയിപ്പിക്കുന്ന സത്യം. കത്തിപോയ കൂത്തമ്പലം പലകാലങ്ങളിൽ പുതുക്കിപണിയാൻ ആലോചിച്ചെങ്കിലും ആരാലും സാധിച്ചിട്ടില്ല.പെരുന്തച്ചന്റെ ആദ്യത്തേയും അവ സാനത്തേയും അണ്ഡാകൃതിയിലുള്ള കൂത്തമ്പലം അണ്ഡാകൃതിയിലുള്ള തറമാത്രമായി ചെങ്ങന്നൂർ ക്ഷേത്രാങ്കണത്തിൽ ഇന്നും അവശേഷിക്കുന്നു.

ഒരിക്കൽ വിഷവൈദ്യനും മാന്ത്രികനുമായ ആഴ്വാർ ചെങ്ങന്നൂരിലെ വിഷ ചികിത്സയിൽ പ്രസിദ്ധയായ പോറ്റിയുടെ കുടുംബത്തിലെത്തി. ഒരു മത്സരത്തിന് വേണ്ടിയാണ് ആഴ്വാർ എത്തി യത്. പോറ്റിയുടെ കുടുംബത്തിൽ 12 വയസ്സുള്ള ഒരു കുട്ടിമാത്രമേ പുരുഷപ്രജയായുണ്ടായിരുന്നു ള്ളു. തോൽവി ഭയത്തോടെയാണെങ്കിലും ആ ബാലൻ ആഴ്വാരുടെ വെല്ലുവിളി സ്വികരിച്ചു.

ചെങ്ങന്നുരമ്മയെപ്രാർത്ഥിച്ച് കിടന്നുറങ്ങിയ ആ ബാലന് അമ്മ ദിവ്യസ്വപ്നം കാട്ടികൊടുത്തു. പൂജാ അറയുടെ മുകളിൽ രണ്ടറ്റവും അടച്ച ഒരു ചെമ്പ് കുഴലുണ്ടെന്നും അതെടുത്ത് ആഴ്വാരുടെ കൈയിൽകൊടുത്ത് അതിനുള്ളിലെ സർപ്പത്തെ പുറത്തിറക്കാൻ ആവശ്യപ്പെടണം എന്നായിരുന്നു സ്വപ്നം. അമ്മയുടെ സഹായത്തോടെ ബാലൻ കുഴൽ കണ്ടെടുത്തു. ക്ഷേത്രത്തിലെത്തി ആഴവാരുടെ കൈയിൽകുഴൽകൊടുത്ത് ഇതിനകത്തെ സർപ്പകുഞ്ഞിനെ പുറത്തിറക്കാൻ ആവശ്യപ്പെട്ടു. ആഴ്വാർകുഴൽതുറന്നതും സർപ്പം പുറത്തുവന്നു അത് ഭീമാകാരമായി പത്തിവിടർത്തി ആഴ്വാരെ കൊത്താനാഞ്ഞു. ആഴവാരുടെ മന്ത്രങ്ങളൊന്നും ഫലിച്ചില്ല. ഭയപ്പെട്ട ആഴ്വാർ ബാലന്റെ സഹായം തേടി. ബാലൻ മനശക്തികൊണ്ടു സർപ്പത്തെ കുഴലിനുള്ളിലാക്കി. പരാജിതനായ ആഴ്വാർ തന്റെ കൈയിലുണ്ടായിരുന്ന ഔഷധങ്ങളും ഗ്രന്ഥങ്ങളും കൂത്തമ്പലത്തിനു തെക്കുവശത്തു കുഴിയുണ്ടാക്കി അതിലിട്ടു കരിങ്കൽകൊണ്ടുമൂടി . അ കല്ലിൽ ചവിട്ടി നിന്നു കൊണ്ട് ശ്രീകോവിലിന്റെ താഴികകുടം കണ്ടു വണങ്ങുന്നവർക്ക് അന്നേ ദിവസം വിഷബാധയേൽക്കില്ല എന്ന് ആഴ്വാർ പ്രഖ്യാപിച്ചു. ആഴ്വാർ പതിവായി ഇരിക്കാറുള്ള തെക്കുവശത്തെ പീഠത്തിനു ചുവട്ടിൽ വ!ത്താകൃതിയിലുള്ള ഒരു ദ്വാരമുണ്ടാക്കി നമ്പൂതിരി ആ സർപ്പത്തെ അതിനുള്ളിലാക്കി. ഈ ദ്വാരത്തിൽ കൈകടത്തി ദേവിയുടെ ശ്രീകോവിലിനു നേരേ നോക്കി കള്ളം പറയുന്നവരെ സർപ്പം കൊത്തുമെന്നും സത്യം പറയുന്നവർക്ക് ഒന്നും പേടിക്കുകയും വേണ്ട എന്നും പ്രഖ്യാപിച്ചു. പണ്ട് ഈ ദ്വരത്തിൽ കൈകടത്തി സത്യംചെയ്യിക്കൽ ചെങ്ങന്നുരമ്പലത്തിന്റെ മഹിമയായി നിലനിന്നിരുന്നു.

ചെങ്ങന്നുരമ്മയ്ക്ക് പുഷ്പാഞ്ജലി പ്രധാന വഴിപാടാണ്. ആയില്യം തിരുനാളിന്റെ കാലത്ത് കൊട്ടാരത്തിൽ ചെറിയ ശമ്പളത്തിന് ജോലിചെയ്തിരുന്ന സൂര്യനാരായണനെന്ന ഒരു പരദേശി ബ്രാഹ്മണനെ തമിഴ്നാട്ടിലെ തോവാളയിലേക്ക് നാടുകടത്തി. അദ്ദേഹം രഹസ്യമായി ചെങ്ങന്നൂരുചെന്നു ദിവസവും ദേവിമന്ത്രങ്ങൾചൊല്ലി ചെങ്ങൂരമ്മയ്ക്ക് പുഷ്പാഞ്ജലി നടത്തിപ്പോന്നു. ഒരു നാൾ രാജാവിന് അദ്ദേഹത്തെ തിരിച്ചെടുക്കണമെന്ന് തോന്നുകയും അദ്ദേഹത്തെ കണ്ടുപിടിക്കുകയും ചെയ്തു. ചെങ്ങന്നുരമ്മയുടെ ഭക്തനായി ഒളിവിൽ കഴിഞ്ഞ അദ്ദേഹത്തെ കരുനാഗപ്പള്ളി താലൂക്ക് മജിസ്ട്രേറ്റായി നിയമിച്ചു. അദ്ദേഹം മരണം വരെ ചെങ്ങന്നൂരമ്മയുടെ ഭക്തനായിരുന്നു. അങ്ങനെ പുഷ്പാഞ്ജലി അമ്മേയ്ക്ക് പ്രിയ വഴിപാടായി മാറി.

ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിൽ മാത്രമുള്ള പ്രത്യേകതയാണ് പഞ്ചമണി ലോഹനിർമ്മിതമായ ഒരു തളികയിൽ ഘടിപ്പിച്ചിട്ടുള്ള അഞ്ചുമണികൾ ഒരു കയറിൽ ബന്ധിച്ച് മച്ചിൽ നിന്നും തൂക്കിയിട്ടിരിക്കുന്നു. പഞ്ചമുഖിശിവന്റെ അഞ്ചുമുഖങ്ങളെ പ്രതിനിധാനം ചെയ്യുന്നതാണ് ആ മണികൾ . കയറിൽ പിടിച്ച് വലിക്കുമ്പോൾ അഞ്ചുമണികളും ഒപ്പം ശബ്ദിക്കും. ചെങ്ങന്നൂരു ക്ഷേത്രത്തിലെത്തിയാൽ ഗണപതിയേയും മഹാദേവനെയും ദേവിയേയും തൊഴുത് വടക്കേനടയിൽ ചണ്ഡികേശ്വരനേയും തൊഴുത് പ്രാർത്ഥിക്കുന്നു. മഹാദേവന്റെ പ്രധാനസേവകനായ ചണ്ഡികേശ്വരൻ സദാസമയവും യജമാനനെ ധ്യാനിച്ചു കഴിയുന്നതിനാൽ കൈകൊട്ടി ശ്രദ്ധക്ഷണിച്ചു തൊഴുത് പോരുന്നു. പുറത്തിറങ്ങി കൊടിമരം ചുറ്റിത്തൊഴുത് കൂത്തമ്പലതറയോട്ടു ചേർന്നുള്ള ശിലയിൽ വലതുകാൽ ചവിട്ടി ഇടതുകാൽ മടക്കി താഴികകുടം കണ്ടുതൊഴുത് തെക്കുപടിഞ്ഞാറ് ശ്രീഭൂതനാഥനെയും നീലഗ്രീവനേയും തൊഴുത് പടിഞ്ഞാറെ ഗോപുരത്തിനു പുറത്തിറങ്ങി തീർത്ഥക്കുളം വന്ദിച്ച് കരയിലുള്ള ദുർഗ്ഗാഭഗവതിയേയും തൊഴുത് മടങ്ങി ഗോപുര സമീപം കൃഷ്ണനേയും തൊഴുത് വടക്കുപടിഞ്ഞാറെ കോണിൽ നിന്ന് തളിപ്പറമ്പു ശിവനേയും തൊഴുതു മടങ്ങുക ഇതാണ് ചെങ്ങന്നൂരിലെ മഹാദേവക്ഷേത്രത്തിലെ ദർശനരീതി. തച്ചുശാസ്ത്രത്തിന്റെയും ക്ഷേത്രകലകളുടേയും കുലപതിയായ പെരുന്തച്ചൻ, തന്റെ കഴിവിൽ ഊറ്റം കൊണ്ടിരുന്ന തച്ചൻ, ദീർഘവീക്ഷണത്തോടുകൂടി ക്ഷേത്രഭാവിയെപ്പറ്റി പ്രവചിച്ചിരുന്ന തച്ചൻ, ധാരാളം ദേവിദേവൻമാർക്ക് വാസസ്ഥലമൊരുക്കിയ തച്ചൻ, ധാരാളം ദേവിദേവൻമ്മാരുടെ വിഗ്രഹങ്ങളൊരുക്കിയ തച്ചൻ, താൻ തന്നെ പണിതീർത്ത ശ്രീകോവിൽ തന്റെ കൈകൊണ്ടുരൂപപ്പെടുത്തിയ വിഗ്രഹത്തിൽ കുടികൊള്ളുന്ന അമ്മയുടെ തിരുമുന്നിൽ കുറ്റബോധത്താലോ, പശ്ചാത്താപത്താലോ, അമ്മയോടുള്ള ഭയഭക്തി വിശ്വാസത്താലോ, തന്റെ കൈപ്പിഴമൂലം മകൻ നഷ്ടപ്പെട്ട ദു;ഖവുമായി ചെങ്ങന്നൂരമ്മയുടെ മുന്നിലെത്തി ഇനിമേൽ തനിക്കു തച്ചൻ പണിവേണ്ട എന്നു സത്യം ചെയ്തു ശിഷ്ടകാലം സന്യാസജീവിതം നയിച്ചു എന്നതും ചരിത്രസത്യം.

ഭക്തജനങ്ങളുടെ കണ്ണുനീരിനും ഹൃദയവ്യഥകൾക്കും ഉത്തരം നൽകുന്ന ചെങ്ങന്നൂരമ്മേ അക്ഷരങ്ങളാകുന്ന പുഷ്പങ്ങളാൽ ഈ പുഷ്പാഞ്ജലി ഞാൻ അമ്മയ്ക്ക് സമർപ്പിക്കുന്നു , സ്വീകരിച്ചനുഗ്രഹിക്കേണമേ...... ●

ഓം ശിവായനമ ഃ ഓം ശിവയേനമഃ

തുടർച്ച

# ഞാൻ കണ്ട യൂറോപ്പ്



ഡോ. വി.എച്ച്. അബ്ദുൽ സലാം
*Principal, M.E.S., College of Engineering, Kuttippuram*

## ബെൽജിയത്തിന്റെ തലസ്ഥാനമായ ബ്രസ്സൽസിൽ

ആറുമാസത്തിലൊരിക്കൽ (ആണ്ടിൽ രണ്ടുപ്രാവശ്യം), Mannekin Pis Statue ൽ നിന്നു ജലത്തിനു പകരം ബിയർ ആണ് നിർഗമിക്കുന്നത്. ഇതാണ് Mannekin Pis Statue ന്റെ ഐതിഹ്യം. ആ ചെറിയ Statue കാണാനായി ബൽജിയത്തിലെ ബ്രസ്സൽസ് സന്ദർശിക്കുന്നവർ ധാരാളം. അതുകൊണ്ട് ആ പ്രദേശം ഒരു ടൂറിസ്റ്റ് കേന്ദ്രമാകുകയും Shopping Centre ആകുകയും ചെയ്തു. ഞങ്ങളും അവിടെ നിന്നാണ് നാട്ടിൽ കൊണ്ടുവരാനായി ചോക്ലേറ്റ് വാങ്ങിച്ചത്. Dark Chocolate ന് ബൽജിയവും White Chocolate ന് സ്വിറ്റ്സർലണ്ടും Famous ആണെന്ന് കേട്ടിരിക്കുമല്ലോ. ബ്രസ്സൽസിലെ പ്രസിദ്ധമായ സെന്റ് മിഹായേൽ പള്ളി കണ്ടതിനുശേഷം ഞങ്ങൾ ബൽജിയത്തോട് യാത്ര പറഞ്ഞ് നെതർലൻഡ്സിന്റെയും ബൽജിയത്തിന്റെയും ബോർഡറിൽ സ്ഥിതി ചെയ്യുന്ന Eindhoven സിറ്റിയിലെ NH ഹോട്ടലിൽ വന്ന് അന്നു രാത്രി താമസിച്ചു. വരുന്ന വഴിയിൽ ആറ്റോമിയത്തിലെ ഫോട്ടോസ്റ്റോപ്പിൽ കുറച്ചു സമയം ചിലവഴിക്കുകയും ചെയ്തു.

## NETHERLANDS ലെ ആംസ്റ്റർഡമിൽ

ഇന്ന് സെപ്റ്റംബർ 9, 2016 ഞങ്ങളുടെ യൂറോപ്യൻ ടൂറിന്റെ ആറാമത്തെ ദിവസം. Eindhoven NH ഹോട്ടലിൽ നിന്ന് ഒന്നേമുക്കാൽ മണിക്കൂർ കോച്ചിൽ യാത്ര ചെയ്ത് 175 കിലോമീറ്റർ അകലെയുള്ള നെതർലാൻഡ്സിലെ Simon Sheveഎന്ന സ്ഥലത്ത് ചീസ് ഫാക്ടറിയും വുഡൻ ഷൂസും നിർമ്മിക്കുന്ന ഫാക്ടറിയും കാണാൻ പോയി. ചീസ് ഉണ്ടാക്കുന്നതും വുഡൻ ഷൂസ് ഉണ്ടാക്കുന്നതും എങ്ങനെയെന്ന് ഒരു മദാമ്മ ഞങ്ങൾക്ക് കാണിച്ചു തന്നു. ഞങ്ങളിൽ ചിലർ ചീസും വുഡൻ ഷൂസും അവിടെ നിന്നും വാങ്ങിക്കുകയും ചെയ്തു. എം.ഇ. എസ് ലെ എഞ്ചിനീയറിങ്ങ് കേളേജിലെ ഡയറക്ടർ ഡോ. കെ.പി മുഹമ്മദ് സാർ, അവിടെ നിന്നും ചീസ് പായ്ക്കറ്റുകൾ കൂടുതൽ വാങ്ങിച്ചു. നെതർലാൻഡ്സിലെ 12 പ്രൊവിൻസുകളിൽ (സ്റ്റേറ്റ്) വെച്ച് ഹോളണ്ട് ആണ് ഏറ്റവും വലിയ പ്രൊവിൻസ്. കൂടുതൽ ആൾക്കാരും നെതർലാൻഡ്സ് രാജ്യത്തെ ഹോളണ്ട് എന്നാണ്. പറയുന്നത്. മെയിൻ സി ലെവലിൽ നിന്നും ലോവർ ലെവലിൽ ആണ് നെതർലാൻഡ്സ് സ്ഥിതി ചെയ്യുന്നത്. ഇതു നേരിൽ കണ്ടു മനസ്സിലാക്കാൻ സാധിച്ചത് Traditional Dutch Fishing Village ആയ VOLENDAM സന്ദർശിച്ചപ്പോഴാണ്. അവിടുത്തെ Sea Land Level നേക്കാൾ 15 അടി ഉയരത്തിലാണ്. Volendam ലെ കടലിനെ കരയുമായി വേർതിരിച്ചിരിയ്ക്കുന്നത് DYKE-BUND പണിതാണ്. ഡച്ചു ജനതയുടെ Technical Advancement ബോധ്യപ്പെടാൻ Dyke Bund Construction കണ്ടാൽ മാത്രം മതി. Volendam ലെ മ്യൂസിയവും പ്രസിദ്ധമാണ്. നെതർലാൻഡ്സിലെ Lisse ൽ ലോകത്തിലെ ഏറ്റവും വലിയ സ്പ്രിംഗ് ഗാർഡൻ കാണാൻ കഴിഞ്ഞു. Maderodam സന്ദർശിച്ചപ്പോൾ ഹോളണ്ടിലെ ഭൂരിഭാഗവും miniature കണ്ടതുപോലെ ആയി. പിന്നെ ഞങ്ങൾ പോയത് നെതർലാൻഡ്സിലെ തലസ്ഥാന നഗരവും യൂറോപ്പിലെ ഹോസ്പോട്ട് എന്നു വിശേഷിപ്പിക്കുന്നതുമായ ആംസ്റ്റർഡാം സിറ്റി കാണാനാണ്.

യൂറോപ്പ് സന്ദർശനത്തിനിടയിൽ ഏറ്റവും കൂടുതൽ സൈക്കിൾ കാണാൻ സാധിച്ചത് ആംസ്റ്റർഡാമിലാണ്. സൈക്കിളിൽ യാത്ര ചെയ്യുന്നവർക്ക് സൈക്കിൾ ട്രാക്കും സൈക്കിൾ പാർക്കിങ് പ്ലെയ്സും ഉണ്ട്. ആംസ്റ്റർഡാമിന്റെ ഹാർട്ട് എന്നു വിശേഷിപ്പിക്കാവുന്ന ഡാം സ്ക്വയറിൽ ആണ് റോയൽ പാലസ്, Nieuwe Kerk and the War Memorial സ്ഥിതി ചെയ്യുന്നത്.ആംസ്റ്റർഡാമിലെ Road shoulder ൽ കൂടി നടന്ന് ഗാന്ധി റസ്റ്റോറന്റിലേക്കു പോകുമ്പോൾ പല മ്യൂസിയത്തിന്റെയും ബോർഡുകൾ കണ്ടു. അതിലൊന്ന് സെക്സ് മ്യൂസിയമായിരുന്നു. നെതർലാൻസിൽ മഴ വളരെ കൂടുതലാണെന്ന് അവിടുത്തെ ആളുകൾ പറഞ്ഞറിഞ്ഞു. വർഷത്തിൽ മുപ്പതു ദിവസം മാത്രമേ അവിടെ മഴ പെയ്യാതെയുള്ളുവെന്ന് ഒരു

മദാമ്മ ഞങ്ങളോട് പറഞ്ഞപ്പോൾ അതു വിശ്വസിക്കാൻ പ്രയാസം തോന്നി. ആംസ്റ്റർഡാമിൽ ഗ്ലാസ് ടോപ്പ് ബോട്ടിൽ കയറി കനാൽ ക്രൂസിനു ഞങ്ങൾ പോയി. ആ തടാകയാത്ര വളരെ എക്സൈറ്റിംങ് ആയിരുന്നു. കനാലിന്റെ ഇരുവശങ്ങളിലും പലയിടത്തും Sex Shop, Glass- Show എന്നെഴുതിയ ബോർഡുകൾ കണ്ടപ്പോൾ ഞങ്ങളൊന്ന് അമ്പരന്നു പോയി. അവിടുത്തെ നിയമം ഇത്ര ലിബറൽ ആണോ എന്ന് ചിന്തിച്ചു പോയി. ആംസ്റ്റർഡാമിൽ തന്നെ ഇരുനൂറ്റമ്പതോളം കടകൾ ഉണ്ട്. പിന്നെ, കാമം വിൽക്കുന്ന ചുവന്ന തെരുവുകളും. സ്വവർഗാനുരാഗികളുടെ സ്വന്തം നാടു കൂടിയാണിത്. ഇതെല്ലാം കൗതുകത്തോടെ കാണാനിറങ്ങുന്ന സഞ്ചാരികളുടെ തിരക്കാണ് എവിടെയും. ഇതു മുതലാക്കാൻ മോഷ്ടാക്കളും ഉണ്ടെന്നു കേട്ടു. Sex Tourism ഉം ലിക്വർ ടൂറിസവും പ്രോത്സാഹിപ്പിക്കുന്ന ഒരു നയമാണോ ഇവിടുത്തെ ഭരണാധികാരികൾ പിൻതുടരുന്നതെന്ന് ഞങ്ങൾക്ക് തോന്നിപ്പോയി. ആംസ്റ്റഡർഡാമിൽ നിന്നും ഞങ്ങൾ ടീ ഷർട്ടുകളും സുവനൈർകളും വാങ്ങി. SIMONBAY യിലെ ഞങ്ങൾ താമസിക്കുന്ന ഹോട്ടലിൽ ചെന്ന് രാപ്പാർത്തു.

## ജർമനിയിൽ

ഇന്ന് 2016 സെപ്റ്റംബർ 10. ഞങ്ങളുടെ യൂറോപ്യൻ ടൂറിന്റെ ഏഴാം ദിവസം. നെതർലാൻഡ്സിലെ Hotel n H ൽ നിന്നും പ്രഭാത ഭക്ഷണത്തിനുശേഷം കോച്ചിൽ, ജർമനിയിലെ Cologneലേയ്ക്ക് യാത്ര തിരിച്ചു. GELDROP ൽ നിന്ന് $1_{1/2}$ മണിക്കൂർ യാത്രചെയ്ത് കൊളോണിൽ എത്തി. Cologne ജർമനിയിലെ 4th largest City ആണ്.

കൊളോണിലെ പ്രസിദ്ധമായ Cologne Cathedral ഞങ്ങൾ സന്ദർശിച്ചു. Gothicarchitecture ൽ പണിത മനോഹര സൗധമാണ് Cologne Cathedral. അതു പണിയാൻ കൂടുതൽ വർഷമെടുത്തു. Cologne Cathedral ൽ പ്രാർത്ഥിച്ചാൽ ഒരു Magic Effect ഉണ്ടെന്നാണ് വിശ്വാസികൾ കരുതുന്നത്. കേരളത്തിലെ കത്തീഡ്രലുകളും ചർച്ചസും മിക്കതും ഗ്രിഗോറിയൻ Architecture ൽ ആണ് പണിതിരിക്കുന്നത്. കൊളോൺ, പെർഫ്യൂംസിനും Famous ആണ്. സഞ്ചാരികളുടെ തിരക്കു മുതലാക്കാൻ ആവശ്യത്തിനുമോഷ്ടാക്കളും ഉണ്ട്. വെസ്റ്റ് ജർമ്മിനിയിലെ Cologne കാർണിവലും Famous ആണ്. Cologne Cathedral വിശദമായി കണ്ടതിനു ശേഷം River Rhine ൽ കൂടിയുള്ള Cruise ന് പുറപ്പെട്ടു. Cologne ൽ നിന്നും 11/2 മണിക്കൂർ കോച്ചിൽ യാത്ര ചെയ്ത് ജർമനിയിലെ BOPPARD ൽ എത്തി. BOPPARD ൽ നിന്നും വീണ്ടും 20 കിലോമീറ്റർ യാത്ര ചെയ്ത് Rhine നദിയുടെ Tributary ആയ MOSEL VALLEY യിൽ എത്തി. അവിടെ ആയിരുന്നു River Rhine ലെ Cruise boarding point. River Rhine ലെ Cruise ൽ പല മനോഹരമായ Castels ഉം കെട്ടിടങ്ങളും കാണാൻ സാധിച്ചു. River Rhine യൂറോപ്പിലെ പ്രധാനപ്പെട്ട navigable നദിയാണ്. സ്വിറ്റ്സർലന്റ്,ജർമനി, ഫ്രാൻസ്, ബൽജിയം, നെതർലാൻഡ്സ് എന്നീ 5 രാജ്യങ്ങളിൽ കൂടി ഒഴുകുന്ന നദിയാണ് River Rhine. ജർമനിയിലെ Heidelberg Alstadt ൽ (BLACK FOREST REGION) ലും

ഇന്ന് 11.09.2016. ഞങ്ങളുടെ യൂറോപ്യൻ ടൂറിന്റെ 8-ാം ദിവസം. ജർമനിയിലെ ഒരു ഹോട്ടലിൽ നിന്ന് ബ്രേക്ക്ഫാസ്റ്റ് കഴിച്ച ശേഷം ഞങ്ങൾ കോച്ചിൽ River Neckar ന്റെ കരകളിലുള്ള Heidelberg ലേക്കു തിരിച്ചു. 105 കിലോമീറ്റർ 11/4 മണിക്കൂർ യാത്രചെയ്താണ് Heidelberg ൽ എത്തിയത്. പിന്നീട് Black Forest [surrounded by dark fir (സൂചിപോലെ ഇലകളുള്ള ഒരുതരം നിത്യഹരിത വൃക്ഷം), fairly tale woods and flowering meadows] ലേക്കും പോയി. ഇവിടത്തെ മരങ്ങളുടെ പച്ച ഇലകൾ കറുത്ത ഇലകളായിട്ട് തോന്നും. സൂര്യപ്രകാശം താഴേക്കു കിട്ടില്ല. മരങ്ങൾ വളരെ Dense ആണ്. ഇവിടെയാണ് ലോകപ്രസിദ്ധമായ Cukoo Clock ഉണ്ടാക്കുന്നത്. ഇവിടത്തെ പ്രധാന ഒരു കടയിൽ Cukoo Clock ഉണ്ടാക്കുന്നതിന്റെ ഒരു demonstration ഉം കണ്ടു. ഞങ്ങളിൽ പലരും ഇവിടെ നിന്ന് ക്ലോക്കും, സുവനൈറും വാങ്ങിച്ചു. കൂടാതെ black forest pastry യുടെ 'രുചിയും ഞങ്ങൾ അറിഞ്ഞു.

ജർമൻകാർ അധ്വാനശീലരാണ്. Technology Development ലും അവർ മുൻപന്തിയിലാണ്.ലോകത്തിലെ പ്രധാനപ്പെട്ട കാറുകൾ manufacture ചെയ്യുന്നത് ജർമനിയിലാണല്ലോ. Black Forest region കണ്ടതിനുശേഷം ഞങ്ങൾ പോയത് യൂറോപ്പിലെ ഏറ്റവും വലിയ വെള്ളച്ചാട്ടം (Water falls) കാണാനായി Rhine Falls ലേക്കാണ്. അമേരിക്കയിലെ നയാഗ്ര വെള്ളച്ചാട്ടത്തോളം വലുതല്ലെങ്കിലും ജർമനിയിലെ Rhine Falls എന്റെ ഓർമ്മയിൽ എന്നും തങ്ങി നിൽക്കും. Falls ന്റെ രണ്ടു കരകളിലും സഞ്ചാരികൾക്ക് അടുത്ത് നിന്ന് വെള്ളച്ചാട്ടത്തിന്റെ ഭംഗി ആസ്വദിക്കുവാൻ ഉണ്ടാക്കിയിട്ടുള്ള പടവുകളും അവിടത്തെ mindboggling ambience ഉം കണ്ടാസ്വദിക്കേണ്ടതു തന്നെയാണ്. കുത്തനെയുള്ള പടവുകൾ കയറി മുഹമ്മദ് സാർ പ്രായത്തെ വെല്ലുവിളിച്ചു

കൊണ്ട് അതിന്റെ summit ൽ എത്തിയത് ഞങ്ങളെ അത്ഭുതപ്പെടുത്തി. അവിടെ നിന്നും ഞങ്ങൾ പോയത് Titisee എന്ന മനോഹരമായ Township ലേക്കാണ്. ഒരു കനാലിന്റെ കരയിലാണ് ഈ Township. ഒരു Tourist Centre ഉം. കനാലിന്റെ പാർശ്വങ്ങളിൽ ആണും പെണ്ണും വ്യത്യാസമില്ലാതെ അർദ്ധനഗ്നരായി കിടന്ന് വെയിൽകൊള്ളുന്നത് കണ്ടു. സാധനങ്ങൾക്ക് Titisee യിൽ അല്പം വിലക്കുറവായതുകൊണ്ട്, ഞങ്ങളിൽ പലരും സുവനൈറും, വാച്ച്, മൂവി ക്യാമറ മുതലായ സാധനങ്ങളും വാങ്ങിച്ചു. Titisee ഒരു International boarder of Germany ആണ്.

## SWITZERLAND ൽ

Titisee യിൽ നിന്നും 21/2 മണിക്കൂർ കോച്ചിൽ യാത്ര ചെയ്ത് ജർമനിയുടെ Boarder ലുള്ള Check post ൽ ഇന്ന് (11.09.16) ൽ ഞങ്ങളുടെ യൂറോപ്യൻ ടൂറിന്റെ 8-ാം ദിവസംഎത്തി. ഞങ്ങളുടെ കോച്ച് മാനേജർ ഷെഫേഴ്സനിലെ Check post ൽ ഇറങ്ങി രേഖകൾ കാണിച്ചു. Shengen Visa ആയതുകൊണ്ട് Switzerland ലേക്കു പ്രവേശിക്കാൻ പ്രത്യേക വിസയുടെ ആവശ്യമില്ല. Central Switzerland (EGERKINGEN) ലെ Hotel Movenpick ലാണ് അന്നു' ഞങ്ങൾ താമസിച്ചത്. Switzerland ൽ തങ്ങിയ മറ്റു രണ്ടു ദിവസങ്ങളിലും Movenpick ൽ തന്നെയാണ് ഞങ്ങൾ തങ്ങിയത്. സഞ്ചാരികളുടെ പറുദീസ എന്നു വിശേഷിക്കപ്പെടുന്ന Switzerland ജീവിതത്തിൽ നാം കണ്ടിരിക്കേണ്ട രാജ്യങ്ങളിൽ ഒന്നാണ്. എന്റെ നോട്ടത്തിൽ Switzerland is the most amazing country in the world. വിസ്തീർണ്ണം 4100 Sq. Km. വർഷം 8 മില്ല്യൺ സന്ദർശകർ. സൗന്ദര്യം തുളുമ്പിനിൽക്കുന്ന Switzerland ലെ റോഡും, തടാകവും, മലയും, മഞ്ഞും അവിടത്തെ ജനങ്ങളുടെ ജീവിത നിലവാരവുമെല്ലാം കണ്ടറിയേണ്ടതു തന്നെ. യൂറോപ്പിലെ മറ്റു രാജ്യങ്ങളിലേതുപോലെ റോഡുകൾ വളരെ വീതിയുള്ളതും റോഡിന്റെ ഇരുവശത്തും മനോഹരമായ Landscaping ദൃശ്യങ്ങളും. എപ്പോഴും മിഴി തുറന്ന്, വൃത്തിയും വെടുപ്പുമായി നിൽക്കുന്ന സൗന്ദര്യകാഴ്ചയാണ് Switzerland. അവിടത്തെ ജനങ്ങൾ സമാധാന പ്രിയരാണ്. യൂറോപ്പിലെ മിക്ക രാജ്യങ്ങളും ഏതെങ്കിലും യുദ്ധത്തിൽ പങ്കെടുക്കുകയോ, പക്ഷം പിടിച്ചിരുന്നതോ ആയി നമുക്കു കാണാൻ സാധിക്കും. എന്നാൽ Switzerlandന്റെ ചരിത്രം പരിശോധിച്ചാൽ, Switzerland നെ ഒരു Neutral Countryആയിട്ടേ നമുക്കു കാണാൻ സാധിക്കൂ •

(തുടരും)


## 30-ാം ചരമവാർഷികം

**05. 02 .2017**



**കോവിലകത്തും പറമ്പിൽ**
**ശ്രീകുമാര മേനോൻ**

**സൺഗ്രേസ് അപ്പാർട്ട്മെന്റ്**
**എറണാകുളം 682016**

***മക്കൾ : ചന്ദ്രൻ & രവി***

## 7-ാം ചരമവാർഷികം

**07. 02 .2017**



**പ്രവീൺകുമാർ. പി (അപ്പു)**
**ശ്രീശക്തി**
**കിഴക്കേ ആലപ്പാട്ട് വീട്**
**രവിപുരം, കൊച്ചി 682016**

# പാതഞ്ജല യോഗദർശനം-5

കൈതപ്രം വാസുദേവൻ നമ്പൂതിരി

*(.....നാലാമത്തേതിൽ ചിത്തവൃത്തി നിരോധമാണ് യോഗം അഥവാ സമാധി എന്നു പറഞ്ഞു വെച്ചു. തുടർന്നു വായിക്കുക.)*

ചിത്തത്തിന് അഞ്ച് അവസ്ഥകളുണ്ട്. മൂഢം, ക്ഷിപ്തം, വിക്ഷിപ്തം, ഏതാഗ്രം, നിരുദ്ധം.

## മൂഢാവസ്ഥ

മൂഢാവസ്ഥയിൽ ചിത്തം തമസ്സിൽ മുങ്ങിയിരിക്കും. സത്വരജസ്സുകൾ ദുർബലമായിരിക്കും. എപ്പോഴും മനസ്സ് ഇന്ദ്രിയങ്ങളിലും അവയുടെ വിഷയങ്ങളിലും, സുഖഭോഗ വസ്തുക്കളിലും മയങ്ങിയിരിക്കും. എപ്പോഴും ഉറക്കം തൂങ്ങിയും ആലസ്യത്തിലാണ്ടുമിരിക്കും. ധർമ്മത്തെ അധർമ്മമായും തിരിച്ചും തെറ്റിദ്ധരിക്കും. കാമക്രോധാദികൾ വളരും. അജ്ഞാനവും അധർമ്മവും പെരുകും. സർവ ഐശ്വര്യങ്ങളും നശിക്കും. ചിത്തത്തെ മോഹം ആവരണം ചെയ്യും. മോഹം എന്ന വാക്ക് മലയാളത്തിൽ തെറ്റിദ്ധാരണാജനകമാണ്. മോഹമെന്നാൽ ആഗ്രഹമെന്നല്ല അർത്ഥം. ബോധക്കേട്, ബുദ്ധിശൂന്യത എന്നാണ് മോഹത്തിനർത്ഥം.

മോഹാലസ്യം എന്ന വാക്കും കൂടി കൂട്ടി വായിക്കുക. ഇങ്ങിനെ മോഹത്തിൽ തമസ്സിൽ ആണ്ടു കിടക്കുന്ന മനസ്സിന്റെ അവസ്ഥയാണ് മൂഢാവസ്ഥ. മൂഢൻ എന്ന വാക്കിന്റെ അർത്ഥം ബുദ്ധിശൂന്യൻ അജ്ഞൻ എന്നാണല്ലോ. ഈ അവസ്ഥയിൽ തത്വചിന്തനം അസാധ്യമാണ്. നീചൻമാരുടെ മനസ്സിന്റെ അവസ്ഥയാണിത്.

## ക്ഷിപ്താവസ്ഥ

ക്ഷിപ്താവസ്ഥയിൽ രജോഗുണത്തിനാണ് പ്രാധാന്യം. സത്വവും തമസ്സും അമർന്നിരിക്കും. ചിത്തം ചഞ്ചലമായിരിക്കും. വികാരവേഗത്താൽ അതിവേഗം ചലിച്ചുകൊണ്ടിരിക്കും. മഴക്കാലത്തെ പുഴയിലെ ഇളകിമറിയുന്ന കലക്കം വെള്ളം പോലെയാണ് ഇവിടെ ചിത്തം. ക്ഷേപിക്കുക എന്നാൽ എടുത്തെറിയുക എന്നാണർത്ഥം. മനസ്സിനെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് നിരന്തരം എറിയന്നതുപോലെ, ഏറെ അസ്വസ്ഥമായിരിക്കും മനസ്സ്. സാധാരണ ജനങ്ങളുടെ മനസ്സ് ഇതുപോലെയാണ്.

## വിക്ഷിപ്താവസ്ഥ

വിശേഷണയുള്ള ക്ഷിപ്താവസ്ഥയാണിത്. ഇവിടെ തമസ്സ് നിശ്ശേഷം അടങ്ങും. രജസ്സിന്റെയും ശക്തി കുറയും. എന്നാൽ സത്വഗുണത്തിന് ബലം വെച്ചു തുടങ്ങും. രജസ്സിന്റെ ചാഞ്ചല്യത്തെ സത്വഗുണത്തിന്റെ തോട്ടികൊണ്ട് നിയന്ത്രിക്കും. കാമ ക്രോധ ലോഭ മോഹാദികൾ സാവധാനത്തിൽ അപ്രത്യക്ഷമാവും. ധർമ്മവും ജ്ഞാനവും വൈരാഗ്യവുമൊക്കെ പ്രത്യക്ഷപ്പെടാൻ തുടങ്ങും. മനസ്സ് സ്ഥിരതയിലേക്കുള്ള പ്രയാണത്തിലാണിവിടെ. റോക്കറ്റ് വിക്ഷേപിച്ചു എന്നു പറയാറുണ്ടല്ലോ ? വെറുതെ എറിഞ്ഞുകളയുകയല്ല, ക്ഷേപിക്കലല്ല, ലക്ഷ്യബോധത്തോടെയുള്ള തൊടുത്തു വിടലാണ്. ഉയരങ്ങളിലേക്കെത്താനുള്ള പുറപ്പാട്. എന്നാൽ സത്വത്തിന് പൂർത്തിയാവാത്തതിനാൽ ഇടക്കിടെ ചഞ്ചലതയുണ്ടാകും. ഇത്തരക്കാർ മനുഷ്യരുടെ ഇടയിൽ ശ്രേഷ്ഠരായിരിക്കും, ജിജ്ഞാസുക്കളായിരിക്കും.

ഈ മൂന്നവസ്ഥകളും മൂഢ, ക്ഷിപ്ത, വിക്ഷിപ്താവസ്ഥകൾ ചിത്തത്തിന്റെസ്വാഭാവിക അവസ്ഥകളല്ല. ബാഹ്യവസ്തുക്കളുടെ ഇന്ദ്രീയവിഷയങ്ങളുടെ പ്രഭാവം ചിത്തത്തിന്റെ മേലെയുണ്ട്. അതുകൊണ്ട് ഇവയെ വ്യുത്ഥാന ദശയെന്നാണ് ഈ ശാസ്ത്രത്തിലറിയപ്പെടുക. ഈ അവസ്ഥകളിലും വൃത്തി നിരോധമുണ്ടാകും. എന്നാലും അത് വ്യുത്ഥാന ദശയേ ആവുന്നുള്ളു. യോഗാവസ്ഥയാവുന്നില്ല. എങ്കിലും ജ്ഞാന ധർമ്മ വൈരാഗ്യങ്ങളിൽ ശ്രദ്ധയും പ്രയത്നശീലവും തത്വ ജിജ്ഞാസയും ഇവരിലുണരും. ചില പ്രത്യേക ശക്തികളും കഴിവുകളും ഇവരിൽ പ്രത്യക്ഷപ്പെടുകയും ചെയ്യാം. അതിനെ സിദ്ധികൾ എന്നു വിളിക്കും. അനിതര സാധാരണമായ കഴിവുകളൊക്കെ ഇത്തരമാണ്. ഇവ യോഗപാതയിലെ തണ്ണീർപ്പന്തലുകളാണ്. ലക്ഷ്യം മറന്ന് അതിൽ രമിച്ചുപോയാൽ യാത്ര തടസ്സപ്പെടും.

തേ സമാധൗ ഉപസർഗാ ഃ വ്യുത്ഥാനേ സിദ്ധയഃ എന്ന് പതഞ്ജലിമുനി 3-ാം അദ്ധ്യായത്തിൽ 37-ാം സൂത്രത്തിൽ പറയുന്നുണ്ട്. വ്യുത്ഥാന ദശയിലെ

സിദ്ധികൾ സമാധിക്ക്, യോഗയ്ക്ക് വിഘ്നങ്ങളാണ്. വ്യുത്ഥാന ദശയിലെ മൂന്നു അവസ്ഥകളെ കടന്നാൽ യോഗദശയുടെ ആദ്യപടിയിലെത്തും. ഏകാഗ്രതയിൽ

## ഏകാഗ്രാവസ്ഥ

ഒറ്റ ബിന്ദുവിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് ഏകാഗ്രത അവസ്ഥ (ഏകം= ഒന്ന്, അഗ്രം=അറ്റം, മുന) മനസ്സ് ബാഹ്യവിഷയങ്ങളിൽ സഞ്ചരിക്കാതെ ഒറ്റ ബിന്ദുവിൽ വ്യാപരിക്കുന്ന അവസ്ഥയാണിത്. ഇവിടെ രജസ്തമോഗുണങ്ങളുടെ സ്വാധീനം ഒട്ടും ഇല്ല. ചിത്തം സത്വഗുണാധിഷ്ഠിതമാണ്. ഒരേ വിഷയവുമായി ബന്ധപ്പെട്ട വൃത്തികൾ മാത്രമെ കടന്നു വരികയുള്ളു. ചിത്തത്തിന്റെ സ്വാഭാവിക അവസ്ഥയിൽ സ്വരൂപത്തിൽ ഉറച്ചു നില്ക്കുവാനുള്ള ഒരു പരിശ്രമമാണിവിടെ നടക്കുന്നത്. പരമാണു മുതൽ മഹത്തത്വം വരെയുള്ള ഗ്രഹണം ഗ്രാഹ്യം ഗൃഹീതൃ വിഷയങ്ങളുടെ പ്രത്യക്ഷം കിട്ടുന്നു. ഏകാഗ്രാവസ്ഥയുടെ പൂർണതയിലെത്തുമ്പോൾ അത് വിവേകഖ്യാതിയും, സംപ്രജ്ഞാത സമാധിയും ആവും. ഏകാഗ്രത ചിത്തത്തെ സ്ഥൂലതത്വത്തിൽ നിന്നും സൂക്ഷ്മതത്വത്തിലേക്കും സൂക്ഷ്മതരവും സൂക്ഷ്മതമവുമായ തത്വങ്ങളിലേക്കും ആഴ്ന്നിറങ്ങാൻ സമർഥമാക്കും.

## നിരുദ്ധാവസ്ഥ

ചിത്തത്തിന്റെ ഏറ്റവും ഉന്നതമായ അവസ്ഥയാണിത്. ചിത്തവൃത്തി നിരോധത്തിന്റെ അവസ്ഥ. നിരോധിക്കപ്പെട്ട അവസ്ഥയെയാണ് നിരുദ്ധാവസ്ഥ എന്നു പറയുന്നത്. ഏകാഗ്രാവസ്ഥയിൽ യോഗി ആത്മാവും ചിത്തവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു. ഇതാണ് വിവേകഖ്യാതി. ഇന്ദ്രിയ വിഷയങ്ങൾക്കനുസരിച്ച് ചിത്തം പരിണമിക്കുമെന്നും ആത്മാവ് പരിണമിക്കില്ലെന്നും അറിയുന്നു. ആത്മാവ് ഭോക്താവാണെങ്കിലും വിഷയാകാരമായി പരിണമിക്കുന്നില്ല. സുഖദുഃഖാനുഭവമുള്ള വിവേകഖ്യാതിയെയും കടന്നുവെക്കുന്ന തരത്തിൽ ഇച്ഛ തീവ്രമാകുമ്പോൾ വിവേക ഖ്യാതിയോടും വൈരാഗ്യം വന്നു ചേരും. അതിനെയും നിരോധിക്കുമ്പോൾ ചിത്തത്തിന്റെ നിരുദ്ധാവസ്ഥ സംജാതമാവുന്നു. അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നീ പഞ്ചക്ലേശങ്ങൾ ഇല്ലാതാവുന്നു. കർമസംസ്കാരം നശിച്ചു പോകുന്നു. കർമാശയരൂപത്തിലുള്ള ജന്മബീജം നശിക്കുന്നു. ഇതു തന്നെ നിർബീജ സമാധി അഥവാ അസംപ്രജ്ഞാത സമാധി.


സാധകനെ രണ്ടു വിരുദ്ധ തത്വങ്ങൾ സ്വാധീനിക്കുന്നു. ഒന്ന് ബാഹ്യവസ്തുക്കൾ, രണ്ട് സ്വന്തം ആത്മാവ്, ആന്തരിക വ്യക്തിത്വം. ബാഹ്യവസ്തുക്കളാൽ സ്വാധിനിക്കപ്പെട്ടാൽ മനസ്സ് ചഞ്ചലമാകും. അതാണ് വൃത്തി. അതിൽ ലയിച്ചാൽ ആത്മചിന്ത വിട്ടു പോകും. ഇവ തമ്മിൽ വേർതിരിച്ചു കാണാൻ ശ്രമിക്കുമ്പോൾ ബാഹ്യമായ ആകർഷണങ്ങൾ കുറഞ്ഞു വരും. യോഗയിലൂടെ നമ്മുടെ ബോധത്തെ ബാഹ്യാകർഷണങ്ങളിൽ നിന്ന് വിടർത്തി ആത്മാവിനോട് യഥാർത്ഥ ദ്രഷ്ടാവിനോട് അടുപ്പിക്കുമ്പോൾ ചഞ്ചലത ഇല്ലാതാവുന്നു. യോഗ ഇവിടെ ഒരു മാർഗ്ഗമാണ്. ചിത്തം പൂർണമായി നിരോധിതമായി ആത്മാവിൽ അടങ്ങിയാൽ സമാധിയായി, യോഗമായി. അപ്പോൾ മാർഗവും ലക്ഷ്യവും ഒന്നായി തിരുന്നു രണ്ടും യോഗം തന്നെ. യോഗത്തിലൂടെ യോഗം, സമാധി •

## എറണാകുളം കരയോഗം

## എൽഡർ സിറ്റിസൺസ് ഫോറം

### 2017 ഫെബ്രുവരി /മാർച്ച് മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 16.02.17 | എം. രാജലക്ഷ്മി | ടി.കെ. ശ്രീകുമാരൻ നായർ | പുനർജന്മം അവയവദാനം | 906 |
| 23.02.17 | ജി.വി. പിള്ള | ഡോ. കെ.ഹരിഹരൻ | വാസ്തുവിശേഷം | 907 |
| 02.03.17 | സപ്താഹമാകയാൽ യോഗം ഉണ്ടായിരിക്കുന്നതല്ല | | | |
| 09.03.17 | സുമതി ശ്രീകുമാർ | കെ. വിജയൻ | പുസ്തക പരിചയം | 908 |



# വീണ വടവൃക്ഷം

**ജി. മാധവൻ നായർ**

കർക്കിടകമാസത്തിന്റെ കറുത്ത കരാളത കഴിഞ്ഞു. എന്നിട്ടും മഴയുടെ താണ്ഡ വത്തിനൊരു കുറവുമില്ല. വൃഷ്ടി തിമിർ ത്തിങ്ങനെ പെയ്തുകൊണ്ടിരിക്കുകയാണ്. കുറ്റാ കൂരിരുട്ടിൽ കുഞ്ഞു നക്ഷത്രങ്ങളെപ്പോലും കാ ണാനില്ല. ഒരു ജീവിപോലും ഉണർന്നിരിപ്പില്ലെന്നു തോന്നുന്നു. കുറച്ചു വൈകീട്ടാണയാൾ കിടന്നത്. അതുകൊണ്ടു തന്നെ സുഷുപ്തിയിലേക്ക് പെട്ടെ ന്നങ്ങു ലയിച്ചു പോയി. എന്നാൽ ഏറെ സമയം ഉറങ്ങുവാൻ കഴിഞ്ഞില്ല. നിദ്രാഭഞ്ജനം ഒരു മണി നാദത്തിൽ നിന്നാണുണ്ടായത്. ഞെട്ടിയുണർന്ന് അല്പം ഭയാശങ്കയോടെ ഫോണെടുത്തു.

അകലെ താമസിക്കുന്ന സഹോദരി ഭർത്താവ് ആണ് അങ്ങേ തലയ്ക്കൽ. തൊണ്ട ഇടറികൊണ്ട് മുറിഞ്ഞു പോകുന്ന വാക്കുകളോടെയാണ് അദ്ദേ ഹം സംസാരിച്ചത്. ഞങ്ങൾ ഇപ്പോൾ അമ്മയെ പോയി നോക്കി. ദേഹമാകെ തണുത്തിരിക്കുകയാ ണ്. അനക്കവുമില്ല.

അമ്മയെ സംരക്ഷിക്കുന്ന ഗൃഹത്തിനു തൊ ട്ടടുത്തു തന്നെയാണ് സഹോദരിയുടെ വീട്. ഈ രാത്രിയിൽ അവിടെ നിന്നുമിറങ്ങി, അമ്മ വസിക്കുന്ന അനിയന്റെ ഗേഹത്തിൽ എത്തിയിട്ടാണ് ഈ വിവ രമറിയിക്കുന്നത്.

എന്താണ് സംഭവിച്ചത്? ഞെട്ടലിൽ നിന്നും പൂർണ്ണമായി മുക്തനാകാതെ, ആകാംക്ഷഭരിതനായി അയാൾ ചോദിച്ചു, വീട്ടിലെ പരിചാരിക നിലവിളി യോടെ വിവരമറിയിച്ചപ്പോഴാണ് ഞങ്ങൾ ഇങ്ങോട്ടു വന്നത്. ശരീരമാകെ തണുത്തിരിക്കുന്നു. കുറെശ്ശെ മരവിപ്പ് ബാധിച്ചിട്ടുണ്ട്. കഴുത്തിന്റെ ഭാഗത്തു മാ ത്രം അല്പം ചൂടുണ്ട്......

മുഴുവനാക്കുന്നതിന്റെ മുൻപ് സഹോദരി ധൈര്യം സംഭരിച്ച്, ഭർത്താവിന്റെ കൈയ്യിൽ നിന്ന് ഫോൺ പിടിച്ചു വാങ്ങിയശേഷം ഇങ്ങിനെ മൊഴി ഞ്ഞു. ഏട്ടാ, ഒരു ഡോക്ടറെ വിളിച്ചു കാണിക്കേണ്ടേ?

അതായിരിക്കും നല്ലത്. ഏതായാലും ഞാനി വിടെ നിന്ന് ഇപ്പോൾ തന്നെ തിരിക്കുകയാണ്.

അയാൾ ഉയർന്നു വന്ന നൊമ്പരം തെല്ലൊന്നട ക്കി. എന്നിട്ട് ഇതിനകം ഉറക്കത്തിൽ നിന്ന് ഉണർന്ന്, സംഭാഷണം മുഴുവൻ ശ്രദ്ധിച്ചിരുന്ന ഭാര്യയോട് ഉടൻ തന്നെ യാത്രയ്ക്ക് തയ്യാറാകുവാൻ പറഞ്ഞു. നേരെ ശുചിമുറിയിൽ ചെന്ന് ശൗചാദികൾ പൂർത്തിയാക്കി. മറ്റേ മുറിയിൽ നിന്ന് പ്രഭാതകർമ്മങ്ങൾ നിറവേറ്റി വന്ന സഹധർമ്മിണി അടുക്കളയിൽ പ്രവേശിച്ച് വേഗത്തിൽ തന്നെ ചായയുണ്ടാക്കി വന്നിരുന്നു. അത്യാവശ്യം ചില മരുന്നുകൾ കഴിക്കേണ്ടതുകൊണ്ട് ചായയോടൊപ്പം ആ കർമ്മം കൂടി നിറവേറ്റിയത്. അല്പം പോലും വൈകാതെ യാത്ര പുറപ്പെടുവാ നായി വാഹനത്തിന്റെ അടുത്തെത്തി. അതിനിടെ ഭാര്യയുടെ അറിയിപ്പനുസരിച്ച്, സമീപത്തുള്ള ഗൃ ഹങ്ങളിൽ നിന്നും പലരും എത്തിച്ചേർന്നു. അനു ശോചനങ്ങൾ ഏറ്റുവാങ്ങി അവരോട് വിട പറഞ്ഞ്, കൂടുതൽ സമയം നഷ്ടപ്പെടുത്താതെ, വാഹനം പ്രവർത്തിപ്പിച്ച് യാത്രയായി.

സംസാരത്തിനിടയിൽ അമ്മ താമസിച്ചിരുന്ന വീടിനെപ്പറ്റിയും, ചുറ്റു വട്ടത്ത് കഴിഞ്ഞു കൂടുന്ന സഹോദരി സഹോദരൻ മാരേയും പെട്ടെന്നോർത്തു. ഇപ്പോൾ എല്ലാവരും അവിടെ എത്തിയിരിക്കുമോ? എന്തായാലും അവിടെ ചെല്ലുമ്പോൾ കാണാം. മന സ്സാകെ നിറഞ്ഞു നിന്നിരുന്നത് അമ്മ പാർത്തിരുന്ന ആ വീടും പരിസര വുമായിരുന്നു.

വലിയ വേഗതയില്ലാതെ ചലിച്ചിരുന്ന വാഹനം താമസമെന്യേ ലക്ഷ്യസ്ഥാന ത്തെത്തി. പൂമുഖത്തും അകത്തെ മുറി കളിലും വൈദ്യുതി വിളക്കുകൾ പ്രകാശിച്ചിരുന്നു. നേരം വെളുത്തു വരുന്നതേയു ള്ളു. അതുകൊണ്ട് പ്രതിക്ഷിച്ചിരുന്നത്ര ആൾക്കാർ എത്തിയിരുന്നില്ല. സഹോദരനും,അവന്റെ ഭാര്യയും അതുപോലെ തന്നെ സഹോദരിയും അവളുടെ ഭർത്താവും മാത്രമേ ഉണ്ടായിരുന്നുള്ളു. അവരെല്ലാം വ്യസന ഭാരത്താൽ മരവിച്ചങ്ങനെ നില്ക്കുകയാണ് എന്നു തോന്നി.

അയാൾ മുറിക്കകത്തു കയറി, അമ്മ കിടന്നി രുന്ന കട്ടിലിന് അരികെയെത്തി. ശുശ്രൂഷക അവിടെ കണ്ണീർ വാർത്ത് നില്പുണ്ടായിരുന്നു. ചേതനയറ്റ ശരീരത്തിന്റെ ഒരു കൈയ്യിൽ പിടിച്ച് നാഡീ സ്പ ർശനം നടത്തി നോക്കി. ജീവന്റെ തേജസ്സ്, ആ ഭൗതികശരീരത്തിൽ നിന്നടർന്നു പോയിരിക്കുന്നു. നിതാന്ത നിദ്രയിലേയ്ക്കാണ്ടു പോയി എന്ന ആ

പരമാർത്ഥം സ്വയം ധരിച്ചതിനു പുറമെ, അവിടെയുണ്ടാ യിരുന്നവരോടു കൂടി വെളിപ്പെടുത്തി.

അമ്മയും അവരുടെ സഹായിയും മാത്രം താമസിച്ചിരുന്ന ആ വീട്ടിൽ അന്ത്യ നിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ച ഏക വ്യക്തി ആ പരിചാരിക മാത്രമായിരുന്നു എന്നത് ഏവരേയും സങ്കടപ്പെടുത്തി. മക്കൾ അതിനെപ്പറ്റി ആരായുന്നതിനു മുമ്പ് തന്നെ വ്യസനമടക്കിക്കൊണ്ട് ആ യുവതി പറഞ്ഞു തുടങ്ങി............

...........മയക്കത്തിലായിരുന്ന ശുശ്രൂഷക, എന്തോ ഉൾക്കിടിലം ബാധിച്ചതിനാൽ പെട്ടെന്ന് ഉണർന്നു. കൈയ്യിലുണ്ടായിരുന്ന ഞെക്ക് വിളക്ക് തെളിച്ച്, തൊട്ടടുത്ത് ശയിച്ചിരുന്ന വൃദ്ധയെ നോക്കി. ശ്വാസോഛാസത്തിനു നല്ല തടസ്സമുണ്ടാകുന്ന ഒരു കുറുകലനുഭവപ്പെട്ടു. തുടർന്ന് എഴുന്നേറ്റു വന്ന് മുറിയിലെ വിളക്ക് പ്രകാശിപ്പിച്ച് ചുവരിലെ നാഴികമണിയിലേക്ക് കണ്ണോടിച്ചു. രാത്രിയുടെ അവസാനത്തെ യാമം, മൂന്നരമണി കഴിഞ്ഞിരിക്കുന്നു.

പരിചാരിക, രോഗിണിയുടെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി. സാധാരണ ദൃശ്യമായി വരാത്ത അഭൗമമായ ഒരു വെളിച്ചം അവിടെ കളിയാടുന്നു. വായുക്ഷോഭം നിമിത്തം വായ് സാമാന്യത്തിലധികം തുറന്നിട്ടുണ്ട്. സ്ഥിതി മനസ്സിലായ അവൾ മേശപ്പുറത്ത് വച്ചിരുന്ന ഡൗറയിൽ നിന്ന് വെള്ളം അല്പാല്പമായി വയസ്സായ സ്ത്രീയുടെ വായിലേയ്ക്കൊഴിച്ചു. അതിറങ്ങി പോയതോടെ വായു പ്രവാഹം കുറഞ്ഞു വന്നു. അതെതാണ്ട് നിലച്ചു എന്നു ധരിച്ചപ്പോൾ അവൾ പരിഭ്രാന്തയായി. മുറിയിൽ നിന്നിറങ്ങി വീടിന്റെ പൂമുഖവാതിൽ തുറന്ന്, പടികൾ കയറി മുകളിൽ താമസിക്കുന്ന മകനെ വിളിക്കുവാനായി അങ്ങോട്ടു ചെന്നു. കതക് തുറക്കുന്നതിനു താമസമുണ്ടാകാതിരിക്കുവാൻ മണിയടിച്ചതിനു പുറമെ, കൈയ്യിലുള്ള സെല്ലിൽ നിന്നും അവരെ വിളിച്ചു. ഉറക്കച്ചടവോടെ ഇറങ്ങി വന്നവരോട് വിവരം ധരിപ്പിച്ചപ്പോൾ അവരും സ്തബ്ധരായെങ്കിലും, അപ്പോൾ തന്നെ, താഴേക്ക് വന്ന് അമ്മയുടെ അടുത്തെത്തി.

മകൻ അമ്മയുടെ കഴുത്തിൽ സ്പർശിച്ചു നോക്കി. അവിടെ അല്പം ചൂട്അവശേഷിച്ചിരുന്നെങ്കിലും ദേഹമാകെ തണുത്തു തുടങ്ങിയിരുന്നു. നാഡിമിടിപ്പ് പരിശോധനയിൽ നിശ്ചലമായി എന്നും മനസ്സിലാക്കി. ഒഴുകി വന്ന കണ്ണുനീർ തുടച്ചുകൊണ്ട്, അടുത്തു തന്നെ താമസിക്കുന്ന സഹോദരിയെ ഫോണിൽ വിളിച്ചു. വിവിരമറിഞ്ഞതോടെ തുടർന്നു സംസാരിക്കാനാകാതെ ജ്യേഷ്ഠത്തി യന്ത്രം ഭർത്താവിനെ ഏല്പിച്ചു. ഇപ്പോൾ തന്നെ അവിടെ ആഗതമാകാമെന്നു പറഞ്ഞ് സംഭാഷണം നിർത്തി.

ഒട്ടും വൈകാതെ സഹോദരിയും, ഭർത്താവും അനുജന്റെ വീട്ടിലെത്തി. ജീവസ്പന്ദനം നിലച്ച അമ്മയുടെ കിടപ്പു കണ്ട് സഹോദരി തന്റെ അനിയനോടൊപ്പം വാവിട്ടു കരഞ്ഞു. ജ്യേഷ്ഠത്തിയുടെ ഭർത്താവ് വികാരവിക്ഷുബ്ധനായെങ്കിലും, പുറമെ കാട്ടാതെ നിയന്ത്രിച്ചു നിന്നു. ഒന്നുകൂടി ഒരു പരിശോധനയാകാമെന്നുള്ള ഉദ്ദേശത്തിൽ, അദ്ദേഹം നാസാരന്ധ്രങ്ങളിൽ വിരൽ വച്ചു നോക്കി. ശ്വാസപ്രവാഹം നിലച്ചതായി മനസ്സിലാക്കി. അതുപോലെ തന്നെ കൈകൾ ഉയർത്തി വിടുവിച്ചപ്പോൾ ചലനശക്തി നഷ്ടപ്പെട്ടതിനാൽ പൊടുന്നനെ താഴേക്ക് തന്നെ പതിച്ചു. നാഡിമിടിപ്പുകളും നിലച്ചതായി കണ്ടു. ഇനി എല്ലാ അടുത്ത ബന്ധുക്കളേയും അറിയിക്കണം.

ആദ്യമായി അകന്ന സ്ഥലങ്ങളിൽ താമസിക്കുന്ന ജ്യേഷ്ഠാനുജൻമാരെ വിളിച്ചറിയിച്ചു. കൂട്ടത്തിൽ അത്ര അകലത്തില ല്ലാത്ത മൂന്നു സഹോദരിയേയും വിവരം ധരിപ്പിച്ചു. ആ വലിയ കുടുംബത്തിലെ അംഗങ്ങളിൽ അന്യ സംസ്ഥാനത്ത് താമസി ക്കുന്ന അമ്മയുടെ ഒരു മകളേയും കാര്യം ഉണർത്തിച്ചു. പുലരിയുടെ പ്രകാശം പരന്നു തുടങ്ങി. നാട്ടിലെ സാമുദായിക സംഘടന യുടെ ഭാരവാഹികളോടു മരണസമയവും, മറ്റു കാര്യങ്ങളും അടിയന്തിരമായി ധരിപ്പിക്കണം. എന്നാൽ മാത്രമേ അവരൊക്കെ പങ്കെടുക്കാനും, സഹായിക്കാനും എത്തിച്ചേരുകയുള്ളു.

ഉദയസൂര്യന്റെ പ്രഭാവത്തിൽ ഓരോരുത്തരായി എത്തി തുടങ്ങി. മക്കളിൽ മിക്കവരും വന്നു ചേർന്നു. ഭാരതത്തിന്റെ കിഴക്കു ഭാഗത്തുള്ള ഒരു സംസ്ഥാനത്തിൽ ജീവിച്ചു വരുന്ന മകൾ, ദഹനക്രിയയ്ക്ക് മുൻപ് എങ്ങിനേയും വിമാനമാർഗ്ഗം എത്തിച്ചേരാമെന്നുറപ്പ് നല്കി. അതിനാൽ സംസ്കാര ചടങ്ങുകൾ വൈകുന്നേരത്തോടെ നടത്തുവാൻ, എല്ലാവരും കൂടിയാലോചിച്ച് തീരുമാനമായി.

ഇതിനിടെ നാട്ടിലെ സാമുദായിക പ്രവർത്തകരും അടുത്ത ബന്ധുക്കളും കൂടി വേണ്ടപ്പെട്ട കാര്യങ്ങൾ ഓരോന്നായി ചെയ്തു തടുങ്ങി. ഏറ്റവും ആദ്യം തേജസറ്റ ആ ശരീരം, ശയ്യയിൽ നിന്നെടുത്ത് മാറ്റി, വീട്ടിലെ വിശാലമായ ഹാളിന്റെ തറയിൽ വെള്ളമുണ്ടു പുതപ്പിച്ച് ശിരസ്സ് തെക്കോട്ടായി കിടത്തി. അതോടൊപ്പം തലയ്ക്കൽ നല്ലെണ്ണ ഒഴിച്ച് ഒരു നിലവിളക്കും കത്തിച്ചു വച്ചു. മരണപ്പെട്ട ശരീരത്തിനു ചുറ്റും നെല്ലും, അരിയും വിതറി ആറ് നാളികേരമുറികൾ കത്തിച്ചു വച്ചു.

തുറന്നിരുന്ന വായ അടച്ചു വച്ച്, താടിയെല്ലും തലയുടെ മുകൾ ഭാഗവുമായി തുണികൊണ്ട് കുട്ടി

കെട്ടി. കാലിലെ തള്ളവിരലുകൾ പരസ്പരം ബന്ധിച്ച് ജഡത്തിനല്പം മാറി പെൺമക്കൾ ചേർന്നൊരുമിച്ചിരുന്ന് കണ്ണീരൊഴുക്കി. അവരുടെ കൂട്ടത്തിൽ സ്ത്രീകളായ അടുത്ത ബന്ധുജനങ്ങളും ചേർന്നു. കർക്കിടക മാസത്തിൽ സാർത്ഥകമായി രാമായണ പാരായണവും ആരംഭിച്ചു.

ഒരു പക്ഷേ, ഒരു പ്രദേശത്തെ ഏറ്റവും പ്രായം കൂടിയതും പുരാതനവുമായ തറവാട്ടിലെ മഹിളാമണി എന്ന ബഹുമതിക്ക് വിധേയയായതുകൊണ്ടാവാം അറിഞ്ഞവർ അറിഞ്ഞവർ അങ്ങേട്ടേയ്ക്കു പ്രവഹിച്ചു. പത്ര, ദൃശ്യ, ശ്രവ്യമാദ്ധ്യമ പ്രതിനിധികൾ വന്ന് ബഹുമതികൾ അർപ്പിച്ച് വിവരങ്ങൾ ശേഖരിച്ച് ചിത്രങ്ങളെടുത്തു തിരിച്ചു പോയി. രാഷ്ട്രീയസംഘടനകളുടേയും, മത, ജാതി വിഭാഗങ്ങളുടേയും സർക്കാർ വകുപ്പുകളിലെ പ്രതിനിധികളായി വന്ന ഉദ്യോഗസ്ഥൻ മാരുടേയും പേരിൽ പൂച്ചെണ്ടുകളും, ബൊക്കകളുമെല്ലാം ഭൗതികശരീരത്തിനു മുകളിൽ ആദരപൂർവ്വം സമർപ്പിക്കുന്നുണ്ടായിരുന്നു.

മദ്ധ്യാനത്തിനു മുൻപ് തന്നെ ബന്ധുമിത്രാദികൾ വിവിധ സ്ഥലങ്ങളിൽ നിന്നെത്തിചേർന്ന് അവിടവിടെ കൂടി നിന്നു. മഴ പെയ്തൊഴിയാത്തതിനാൽ മന്ദിരത്തിന്റെ മുൻപിൽ തന്നെ ഒരു വലിയ പന്തൽ വേഗത്തിൽ തന്നെ ഉയർന്നു വന്നു. അതിനെ തുടർന്ന് വീട്ടിനുള്ളിലേക്ക് വഴി തെളിച്ചിട്ട്, കസേരകൾ കൊണ്ടു വന്നു സ്ഥാപിച്ചു. ഏറെ നേരം നിന്നു ക്ഷീണിച്ച പലരും ആശ്വാസത്തോടെ ഇരിപ്പിടങ്ങളിൽ ആസനസ്ഥരായി.

വൈകുന്നേരമായതോടെ ദഹനക്രിയക്ക് വേണ്ടുന്ന സജ്ജീകരണങ്ങളെല്ലാം പൂർത്തിയായി. അതിനു സമുദായികാചാരപ്രകാരം ചുമതലപ്പെട്ട പരികർമ്മിയുടെ വരവായി. ക്രിയക്ക് വേണ്ടുന്ന കാര്യങ്ങളെല്ലാം അയാൾ ഒരുക്കി. മക്കളോടു കുളി കഴിഞ്ഞ് നനഞ്ഞ ഉടുവസ്ത്രത്തോടെ പിഴിഞ്ഞെടുത്ത തോർത്ത് മുണ്ടിനു മേലെ ചുറ്റികൊണ്ടു വരുവാനും നിർദ്ദേശമുണ്ടായി. അതനുസരിച്ച് എല്ലാവരും തയ്യാറായി വന്നു. കിഴക്കൻ സംസ്ഥാനത്ത് നിന്നു പുറപ്പെട്ട മകൾ വീട്ടിൽ നിന്നു വളരെ അകലെയല്ലാത്ത വിമാന കേന്ദ്രത്തിലെത്തി ചേർന്ന വിവരം അവിടെനിന്നും ഫോണിലൂടെ ധരിപ്പിച്ചു. സംസ്കാരചടങ്ങുകൾക്കു കുറച്ച് സമയ മെടുക്കുമെന്നതിനാൽ പരിപാടി ആരംഭിക്കാമെന്നുള്ള നിർദ്ദേശം പുരോഹിതനിൽ നിന്നുണ്ടായി. ക്രിയയ്ക്കിടയിൽ വരേണ്ടുന്ന ആൾ വന്നെത്തുകയും ചടങ്ങുകളിൽ പങ്കു ചേരുകയും ചെയ്തു.

മക്കളെല്ലാം അമ്മയുടെ ഭൗതിക ശരീരത്തിനു ചുറ്റും നിന്ന് കർമ്മങ്ങൾ പൂർത്തിയാക്കി. പെൺമക്കൾ പ്രത്യേക മായിട്ടാണ് നിലകൊണ്ടത്. നമസ്കാരങ്ങളെല്ലാം കഴിഞ്ഞ് ചിതയിലേയ്ക്കെടുക്കേണ്ട സമയമായി. ചടങ്ങിന്റെ ഭാഗമായി ചിലർ പട്ടു തുണി ദേഹത്തിലണിയിച്ചു. ദേഹി വിട്ടുപോയ ആദേഹത്തിൽ അരിയും നെല്ലുമിട്ട് പ്രദക്ഷിണം വച്ച് എല്ലാവരും അന്തിമപ്രണാമം നടത്തി. അതിനുശേഷം കോടി വെള്ള തുണിയാൽ മൂടപ്പെട്ട ആ ശരീരം അഗ്നിഭഗവാനു സമർപ്പിക്കുവാനായി ആൺമക്കൾ എല്ലാവരും കൂടി എടുത്തുയർത്തി. ആ തൊടിയിൽ തന്നെ സജ്ജമാക്കിയിട്ടുള്ള ചിതയ്ക്ക് മീതേ അത് നിക്ഷേപിക്കപ്പെട്ടു. മണിക്കൂറുകൾക്ക് മുൻപ് മിടിച്ചിരുന്ന ആ മനുഷ്യശരീരം പ്രപഞ്ചതിരകളിലേയ്ക്ക് മറയുവാൻ പോകുന്ന സമയമായി. നേരത്തെ വിറകുകൾ കത്തിച്ച് അതിൽ നിന്ന് തയ്യാറാക്കപ്പെട്ട കനലുകളിൽ നിന്ന് പകർന്ന തീജ്വാല നൂറിൽ പരം സംവത്സരങ്ങൾ ഈ ഭൂമുഖത്ത് ജീവിച്ചിരുന്ന ഇപ്പോൾ എന്നന്നേയ്ക്കുമായി കണ്ണടച്ചു പോയ തന്റെ പ്രിയ മാതാവിന്റെ ദേഹത്തിലേയ്ക്ക് ഒരു കൊള്ളിയുടെ രൂപത്തിൽ ഇളയ മകൻ അർപ്പിച്ചു.

ദഹനം മുറയ്ക്ക് നടക്കുന്നതി നിടയിൽ കുളിയും മറ്റും കഴിഞ്ഞ് വരുന്ന മക്കളെല്ലാവരും കൂടിയിരുന്ന് വരും ദിവസങ്ങളിൽ നടത്തേണ്ട ശേഷക്രിയകളെ പറ്റി ആലോചിച്ച് തീയ്യതികൾ നിശ്ചയിച്ചു. വീട്ടിൽ ഭക്ഷണം പാകം ചെയ്യുവാൻ സാദ്ധ്യമാകാത്തതുകൊണ്ട് വെളിയിൽ നിന്നു വരുന്നവർ ആഹാരം കഴിച്ച് മിക്കപേരും താന്താങ്ങളുടെ സ്ഥലങ്ങളിലേക്ക് യാത്ര പോയി. അപൂർവ്വം ചിലർ അവിടെ തങ്ങി. അപ്പോഴേക്കും സന്ധ്യയായി കഴിഞ്ഞിരുന്നു. ആ സമയത്തു കത്തി തീരാത്ത കനലുകളിലേക്ക് കണ്ണും നട്ട് കവിഞ്ഞൊഴുകുന്ന കണ്ണീർ കണങ്ങൾ കണക്കാക്കാതെ കാതരയായ ഒരാൾ നില്പുണ്ടായിരുന്നു •

## നായർ സ്ത്രീ സമാജത്തിലെ 2017 ഫെബ്രുവരി മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 16.02.2017-17.02.2017 എന്നീ തീയതികളിൽ രാവിലെ 9. 30 മുതൽ 6.00 മണി വരെ എക്സിബിഷൻ | | |
| 21.02.2017 | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 PM |

# രാവണൻ അനഭിമതൻ



ഡോ.രാജേശ്വരി കുഞ്ഞമ്മ.

ശ്രീരാമപട്ടാഭിഷേകം നടന്നതിനു ശേഷം ശ്രീരാമനെ അഭിനന്ദിക്കുവാനായി കൗശികൻ, യവക്രീതൻ, ഗാർഗ്യൻ, ഗാലവൻ, കണ്വൻ എന്നിവർ കിഴക്കുഭാഗത്തുനിന്നും, സ്വസ്തി, ആത്രേയൻ, നമുചി, അത്രി, പ്രമുചി, സുമുഖൻ, വിമുഖൻ തുടങ്ങിയവർ അഗസ്ത്യമുനിയോടു കൂടി ദക്ഷിണദിക്കിൽ നിന്നും, നൃഷംഗു, കവഷൻ, ധൗമ്യൻ, കൗശേയൻ, എന്നവർ പശ്ചിമദിക്കിൽ നിന്നും, വസിഷ്ഠൻ, കശ്യപൻ, അത്രി, വിശ്വാമിത്രൻ, ഗൗതമൻ, ജഗദഗ്നി, ഭരദ്വാജൻ എന്നിവർ വടക്കുനിന്നും എത്തി. ശ്രീരാമൻ ആദരവോടെ മുനിമാരെ സ്വീകരിച്ചു. മഹാശക്തിശാലികളായ രാക്ഷസന്മാരെ വധിച്ചതിലുള്ള നന്ദി പറയുകയും കൂട്ടത്തിൽ രാവണപുത്രനായ ഇന്ദ്രജിത്തിനേയും കുംഭകർണ്ണനേയും വധിച്ചത് അതിശയകരമാണെന്നും പറഞ്ഞു. ഇതിന്റെ കാരണമന്വേഷിച്ച രാമനോട് അഗസ്ത്യമുനി പറയുന്നതായി വാത്മികി രാവണകുലത്തേക്കുറിച്ചു വർണ്ണിക്കുകയാണ്.

മഹാഗുണവാനായ പ്രജാപതിയുടെ പുത്രൻ പുലസ്ത്യമഹർഷി മഹാഗിരിയായ മേരുവിന്റെ പാർശ്വത്തിലുള്ള തൃണബിന്ദുവിന്റെ ആശ്രമത്തിലെത്തി തപസ്സനുഷ്ഠിച്ചു. ആ ഭാഗത്തു മറ്റാരും ഇല്ലാതിരുന്നതിനാൽ ഋഷിപുത്രിമാരും മററും കളിക്കാനുള്ള സ്ഥലമായി ഇവിടം ഉപയോഗിച്ചിരുന്നു. അവരുടെ ശബ്ദം മുനിയുടെ തപസ്സിനു വിഘ്നമുണ്ടായി. ഇതിൽ കുപിതനായ മുനി ഇവിടെ വന്നു കളിക്കുന്നവർക്ക് ഗർഭമുണ്ടാകും എന്നു ശപിച്ചു. പിന്നെ അവരാരും ആ പ്രദേശത്തു വന്നില്ല. രാജർഷി തൃണബിന്ദുവിന്റെ മകൾ ഈ ശാപത്തെക്കുറിച്ചറിയാതെ അവിടെ വന്നു തപസ്സനുഷ്ഠിക്കുന്ന മുനിയുടെ സമീപത്തെത്തി. ശാപം ഉണ്ടായ അവൾക്ക് ശരീരത്ത് ഗർഭലക്ഷണങ്ങളുണ്ടായി. തപസ്സുചെയ്ത് ജ്ഞാനദൃഷ്ടി നേടിയ രാജർഷി തൃണബിന്ദുവിന് കാര്യങ്ങൾ മനസിലായി. അദ്ദേഹം തന്റെ മകളേയും കൂട്ടി പുലസ്ത്യമഹർഷിയുടെ സമീപം ചെന്ന് ഭിക്ഷയായി തന്റെ മകളെ കൈക്കൊള്ളണമെന്നപേക്ഷിച്ചു. അങ്ങനെ പുലസ്ത്യ മഹർഷി സമ്മതിക്കുകയും അവളുടെ സ്വഭാവഗുണങ്ങളിൽ സന്തുഷ്ടനായ മുനി തനിക്കു തുല്യനായ പുത്രനെ തരുന്നു എന്നു പറയുകയും വേദാധ്യയനത്തിൽ മുഴുകിയ വ്യക്തിയായതിനാൽ ആ പുത്രന് വിശ്രവസ്സ് എന്ന നാമധേയവും നൽകുകയും ചെയ്തു. അങ്ങനെയാണ് മഹാത്മാവായ വിശ്രവസ്സ് ഋഷിയുടെ ജനനം. വിശ്രവസ്സിന്റെ ഗുണങ്ങൾ മനസിലാക്കിയ ഭരദ്വാജമുനി സ്വപുത്രിയെ വിവാഹം ചെയ്തുകൊടുത്തു. അദ്ദേഹത്തിന്റെ പുത്രനാണ് വൈശ്രവണൻ. ആശ്രമത്തിൽ വളർന്നതിനാൽ പരമധർമ്മമനുഷ്ഠിക്കുന്നവനായിരുന്നു. കഠിനതപസ്സു ചെയ്ത അദ്ദേഹത്തിനോട് ബ്രഹ്മദേവൻ വേണ്ട വരം ചോദിക്കാനാവശ്യപ്പെട്ടു. ലോകസംരക്ഷണമാണ് ചോദിച്ച വരം. ഇന്ദ്രൻ, വരുണൻ, യമൻ എന്നിവർക്കൊപ്പം നാലാമനായി ഇരിക്കുമെന്നു പറഞ്ഞ് പുഷ്പക വിമാനവും നൽകി ബ്രഹ്മദേവൻ അനുഗ്രഹിച്ചു. ഇതിനുശേഷം വൈശ്രവണൻ പിതാവിനോട് ഒരു വാസസ്ഥലം കൂടി ആവശ്യപ്പെട്ടു. പിതാവായ വിശ്രവസ്സ് ദക്ഷിണസാഗരത്തിന്റെ തീരത്ത് ത്രികൂടപർവ്വതത്തിന്റെ മുകളിൽ വിശ്വകർമ്മാവു നിർമ്മിച്ച ലങ്ക എന്ന നഗരമുണ്ട്. അവിടെപോയി വസിച്ചുകൊള്ളു എന്നു പറഞ്ഞു. അങ്ങനെ വൈശ്രവണൻ ലങ്കയിൽ താമസമുറപ്പിച്ചു.

പുഷ്പകവിമാനത്തിൽ സഞ്ചരിക്കന്നതിനേക്കുറിച്ച് വാത്മികി വർണ്ണിക്കുന്നത്, ആ വിത്താധിപൻ രശ്മിയാൽ മൂടപ്പെട്ട ഭാസ്കരനെന്നപോലെ പിതാവിന്റെ സമീപത്തേക്കു പോയി വന്നിരുന്നുവെന്നാണ്. രാക്ഷസന്മാരുടെ പൂർവികർ ആരാണ്, വിഷ്ണുഭഗവാനുമായുള്ള പ്രശ്നം എന്താണ് എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കുത്തരമായി അഗസ്ത്യമഹർഷി വീണ്ടും പറയുകയാണ്, പ്രജാപതി രണ്ടു അംഭസ്സുകളെ സൃഷ്ടിച്ചുവെന്നും അവരുടെ സംരക്ഷണത്തിനായി പ്രാണികളേയും സൃഷ്ടിച്ചുവെന്നും , തങ്ങൾ എന്താണ് ചെയ്യേണ്ടതെന്ന് അവർ ബ്രഹ്മാവിനോടു ചോദിച്ചുവെന്നും ശ്രദ്ധയോടെ രക്ഷിപ്പിൻ എന്നദ്ദേഹം മറുപടി പറഞ്ഞുവെന്നും സാരം. ഒരുകൂട്ടർ രക്ഷാമയെന്നും മറ്റവർ യക്ഷാമയെന്നും. പറഞ്ഞു. രക്ഷാമയെന്നു പറഞ്ഞവർ രക്ഷസ്സുകളായി എന്നും യക്ഷാമയെന്നു പറഞ്ഞവർ

യക്ഷന്മാരായി ഭവിച്ചു എന്നുമാണ് കഥ. ഹേതിയെന്നും പ്രഹേതിയെന്നും പേരുള്ളവരിൽ ഹേതി ധർമ്മമാർഗ്ഗത്തിൽ പ്രവേശിച്ച് തപസ്സിനും പ്രഹേതി ഗ്രഹസ്ഥാശ്രമിയുമായി യമന്റെ സഹോദരിയായ ദയാ എന്ന സ്ത്രീയെ വിവാഹം കഴിക്കുകയും, വിദ്യുത്കേശൻ എന്ന പുത്രൻ ജനിക്കുകയും ചെയ്തു. അയാൾ സന്ധ്യാപുത്രിയെ വിവാഹം കഴിച്ചതിൽ ഒരു പുത്രൻ ഉണ്ടായി. ഈ പുത്രനെ ഉപേക്ഷിച്ച് സന്ധ്യാപുത്രി വിദ്യുത്കേശനോടു കൂടി പോയി. ആ സമയം ശ്രീപരമേശ്വരനും പാർവ്വതിയും കൂടി ആ വഴിയിൽകൂടി പോയിയെന്നും കുഞ്ഞിന്റെ കരച്ചിൽ കേട്ട് വന്നു നോക്കിയെന്നും ദേവൻ ആ രാക്ഷസപുത്രനെ അമ്മയോടൊപ്പമുള്ള വലിപ്പവും അമരത്വവും നൽകി അനുഗ്രഹിച്ചുവെന്നും പറയപ്പെടുന്നു. സുകേശനായ ആ വിദ്യുത്പ്രകശപുത്രൻ ഗർവ്വം പൂണ്ട് എല്ലായിടത്തും സഞ്ചരിച്ചു. ഗ്രാമണിയെന്ന ഗന്ധർവ്വൻ ദേവവതിയെന്ന തന്റെ പുത്രിയെ സുകേശനു നൽകി. അവർക്ക് മാല്യവാൻ, സുമാലി, മാലി എന്നീ പുത്രന്മാരുണ്ടായി. അവർ അതിഘോരമായ തപസ്സാരംഭിച്ചു. പ്രത്യക്ഷപ്പെട്ട ബ്രഹ്മാവിനോട് അവർ അജയ്യരും ശത്രുഹന്താക്കളും ചിരംജീവികളുമായിത്തീരണമെന്നുള്ള വരം ചോദിച്ചു വാങ്ങി. പക്ഷെ അവർ അഹങ്കാരികളായി മാറി. അവർ വിശ്വകർമ്മാവിനെ സമീപിച്ച് ശിവമന്ദിരം പോലെ ഒരു മന്ദിരം ആവശ്യപ്പെട്ടു. വിശ്വകർമ്മാവ് ലങ്കയേക്കുറിച്ച് അവരോടു പറഞ്ഞു. അങ്ങനെ താമസിച്ചുവരവേ നർമ്മദ എന്ന ഗന്ധർവ്വ സ്ത്രീ അവരുടെ പുത്രിമാരായ ധീ, ശ്രീ, കീർത്തി എന്നിവരെ രാക്ഷസന്മാർക്കു വിവാഹം ചെയ്തു കൊടുത്തു. ഇവർക്കു പുത്രന്മാരുണ്ടായി. ഇവർ വരലബ്ധിയുടെ പേരിൽ അഹങ്കാരികളായി മാറി. ഭയവിഹ്വലരായ ഋഷിമാർ മഹേശ്വരനെ ശരണം പ്രാപിച്ചു. അദ്ദേഹം മഹാവിഷ്ണുവിനെ ശരണം പ്രാപിക്കാൻ ഉപദേശിച്ചു. മഹാവിഷ്ണു സമ്മതിച്ചു. മഹാവിഷ്ണുവിനു തങ്ങളോടു ദ്വേഷത്തിനു കാരണമില്ലായെന്നും ദേവന്മാരുടെ ഏഷണികൊണ്ടാണ് ഇതെല്ലാം സംഭവിക്കുന്നതെന്നു മനസിലാക്കിയ മാല്യവാനും സുമാലിയും മാലിയും സൈന്യത്തോടുകൂടി ദേവലോകത്തേക്കു പോയി. ആയുദ്ധത്തെ വാല്മീകി വിവരിക്കുന്നത്, കറുത്ത നക്തഞ്ചരോത്തമന്മാർ ശ്യാമപ്രഭനായ വിഷ്ണുവിൽ അസ്ത്രങ്ങൾ അയച്ചപ്പോൾ വയലിൽ ശലഭങ്ങളെന്ന പോലെയും അഗ്നിയിൽ കൊതുകുകളെന്ന പോലെയും, സമുദ്രത്തിൽ മകരങ്ങളെന്നപോലെയും ശരങ്ങൾ വിഷ്ണുവിന്റെ അടുത്തെത്തിയെന്നാണ്. അവസാനം രാക്ഷസന്മാരെ നശിപ്പിച്ച് പാഞ്ചജന്യധ്വനി മുഴക്കിയപ്പോൾ രാക്ഷസ സൈന്യം ലങ്കയെ ലക്ഷ്യമാക്കി പോയി. യുദ്ധം വീണ്ടും ഘോരഘോരമായി മാറി. അവസാനം വിഷ്ണുവിനോടു പൊരുതുവാൻ ശക്തിയില്ലാതെ ലങ്കയെ പരിത്യജിച്ച് അവർ പാതാളത്തിലേക്കു പോയിയെന്നും സുമാലിയുടെ സംരക്ഷണത്തിൽ വസിച്ചുവെന്നും വിവരിക്കുന്നു. വാസ്തവത്തിൽ ഇവരെല്ലാം നാം കണ്ട രാവണനേക്കാൾ ബലവാന്മാരായിരുന്നു. സുമാലി പാതാളത്തിലും വൈശ്രവണൻ ലങ്കയിലും താമസിച്ചു. കുറച്ചു കാലത്തിനുശേഷം ഈ സുമാലി ഇവിടേക്ക് സ്വന്തം മകളോടൊപ്പം വന്നു. പുഷ്പകവിമാനത്തിലേറി പിതാവായ പുലസ്ത്യമഹർഷിയെ കാണാൻ പോകുന്നു. ഇതിൽ അസൂയ പൂണ്ട സുമാലി തങ്ങൾക്കും ഇപ്രകാരം ധനാഢ്യരാകുന്നതിനേക്കുറിച്ചാണ് ആലോചിച്ചത്. സുമാലി മകളായ കേകസിയോടു പറഞ്ഞു, പുലസ്ത്യപുത്രനായ വിശ്രവസ് മഹർഷിയെ പ്രാർത്ഥിച്ചു വിവാഹം കഴിക്കണം. പിതൃഭക്തയായ കൈകസി അഗ്നിഹോത്രം ചെയ്യുകയായിരുന്ന വിശ്രവസ് മുനിയുടെ സമീപം ചെന്നു. വിവരങ്ങൾ മനസിലാക്കിയ മുനി പുത്രലാഭത്തിനു പറ്റിയ സമയമല്ലായെന്നു പറഞ്ഞു. നിരുത്സാഹപ്പെടുത്തി. ഈ സമയം നല്ലതല്ലാത്തതിനാൽ ഇപ്പോഴുണ്ടാകുന്ന കുട്ടികൾ രാക്ഷസന്മാരായി ഭവിക്കുമെന്ന് അദ്ദേഹം പറഞ്ഞു. വിഷമിച്ചു നിന്ന കൈകസിയോട് മുനി പറഞ്ഞു, ഒടുവിലുണ്ടാകുന്ന പുത്രൻ ധർമ്മാത്മാവായി തീരും. അങ്ങനെ പത്തു തലയും ഇരുപതു കൈകളും ഉള്ള വലിയ മുഖത്തോടു കൂടിയവനായ പുത്രൻ ജനിച്ചു. രണ്ടമൻ വലിയ ശരീരത്തോടു കൂടിയവനും മൂന്നാമതായി വികൃതമായ മുഖത്തോടു കൂടിയ പുത്രിയും നാലാമതായി ധർമ്മിഷ്ഠനായ ഒരു പുത്രനും കൂടി ജനിച്ചു. അങ്ങനെ ദശാനനനും കുംഭകർണ്ണനും ശൂർപ്പണഘയും വിഭീഷണനും ജന്മം കൊണ്ടു. ആയിടക്കൊരു ദിവസം വൈശ്രവണൻ അഛനെ കാണാൻ ആശ്രമത്തിലെത്തി. ഇതു കണ്ട കൈകസി, വൈശ്രവണ തുല്യനായി വളരാൻ ദശാനനെ ഉപദേശിച്ചു. ഇതിൽ പ്രേരിതനായ ദശാനനൻ തപസിനായി ഗോകർണ്ണാശ്രമത്തിലേക്കു പോയി. ഇവർ ഇവരുടെ ധർമ്മങ്ങൾക്കനുസരിച്ച് തപസ്സു തുടങ്ങി. ദശാനനൻ കഠിന തപസ്സാരംഭിച്ചു. തന്റെ ഓരോ തലയും അറുത്ത് അഗ്നിയിൽ ഹോമിച്ചു. പത്താമത്തെ തലയെത്തിയപ്പോൾ ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ടു. വരം ചോദിക്കാനാവശ്യപ്പെട്ടു. അമരത്വമാണ് ദശാനനൻ ചോദിച്ചത്. അതു സാധ്യമല്ലെന്നു പറഞ്ഞപ്പോൾ അയാൾ ചോദിച്ചത്, നാഗയക്ഷാദികളിൽ നിന്നോ ദേവതകളിൽ നിന്നോ ദൈത്യദാനവരക്ഷസുകളിൽ

നിന്നോ മരണം സംഭവിക്കരുത് എന്നാണ്.ഇവിടെ ദശാനനൻ മനുഷ്യനു പ്രാധാന്യം കൊടുത്തതേയില്ല. ഈ വരം കൊടുത്തിട്ട് അഗ്നിയിൽ ഹോമിച്ച തലകൾ കൊടുക്കുകയും കൂടാതെ നിന്റെ ഇഷ്ടം അനുസരിച്ച് രൂപം മാറാനുള്ള കഴിവും ഉണ്ടാകുമെന്നും പറഞ്ഞു. പിന്നീട് വിഭീഷണനോടു ചോദിച്ചു. എപ്പോഴും ധർമ്മമാർഗ്ഗം വേണമെന്ന വരം അദ്ദേഹം ചോദിച്ചു. ഭഗവാൻ സന്തുഷ്ടനായി അമരത്വം കൂടി കൊടുത്തു. ദേവന്മാർ ബ്രഹ്മാവിനോടപേക്ഷിച്ചു, കുംഭകർണ്ണൻ ഇപ്പോഴേ എല്ലാവരേയും ആഹാരമാക്കുന്നു. അതുകൊണ്ട് വരം കൊടുക്കരുത്. ഇതുകേട്ട ബ്രഹ്മദേവൻ സരസ്വതീദേവിയെ ധ്യാനിച്ച് കുംഭകർണ്ണൻ ദേവന്മാർക്കു ഹിതമുള്ള വരം ചോദിക്കുമാറാക്കണമെന്നു പറഞ്ഞു. അങ്ങനെ കുംഭകർണ്ണൻ അനേക വർഷങ്ങളോളം ഉറങ്ങണമെന്ന വരം ചോദിക്കുകയും അങ്ങനെതന്നെയാകട്ടെയെന്ന് അനുഗ്രഹിച്ച് ബ്രഹ്മദേവനും സരസ്വതിയും മറ്റും അപ്രത്യക്ഷരായി. ബോധം തിരിച്ചുകിട്ടിയ കുംഭകർണ്ണൻ ദുഖിതനായി. ഈ വരങ്ങളെല്ലാം ഇവർ നേടിയെന്നറിഞ്ഞപ്പോൾ സുമാലിയും മറ്റുള്ളവരും തിരികെ ഭൂമിയിലേക്കെത്തി. ദശഗ്രീവനെ കണ്ടു പറഞ്ഞു, വിഷ്ണു കാരണം ഞങ്ങൾ പാതാളത്തിലിരിക്കുകയാണ്, സാമം കൊണ്ടോ, ദാനം കൊണ്ടോ, ധനുസു കൊണ്ടോ എല്ലാം തിരികെ നേടണം. ലങ്കയിൽ വാസമുറപ്പിക്കണം. പക്ഷെ ദശാനനൻ വൈശ്രവണൻ എന്റെ ജ്യേഷ്ഠനാണെന്നു പറഞ്ഞ് ഈ ആവശ്യം നിരസിച്ചു. കുറച്ചു കാലം കഴിഞ്ഞ് പ്രഹസ്തൻ എന്ന രാക്ഷസൻ ദശാനനനോട് ഒരു കഥ പറഞ്ഞു. കശ്യപപ്രജാപതിക്ക് അദിതി, ദിതി എന്ന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. അദിതിയിലുണ്ടായ പുത്രന്മാർ ദേവന്മാരും ദിതിയിലുണ്ടയവർ ദൈത്യന്മരുമായി. ഭൂമിയെ ഭരിച്ചിരുന്നത് ദൈത്യന്മാരായിരുന്നു. പക്ഷെ വിഷ്ണു ഇവരെ തോൽപിച്ചു ദേവന്മാർക്കു കൊടുത്തുവെന്നും അതിനാൽ സുരന്മാരും അസുരന്മാരും യുദ്ധം ചെയ്യണമെന്നും പറഞ്ഞു. ഇതു കേട്ട ദശാനനൻ പ്രഹസ്തന്റെ ദൂതനായി വൈശ്രവണസമീപം ചെന്നു പറഞ്ഞു, ഈ ലങ്കാപുരി സുമാലി തുടങ്ങിയ രാക്ഷസന്മാരാണ് ഭരിച്ചിരുന്നതെന്നും അതുകൊണ്ട് ദശാനന് ഇതു തിരികെ കൊടുക്കണമെന്നും ആവശ്യപ്പെട്ടു. ഇതു കേട്ട വൈശ്രവണൻ പിതാവായ വിശ്രവസ്സിനോട് വിവരം പറഞ്ഞു. ദശാനനൻ മാന്യന്മാരെ ബഹുമാനിക്കാൻ അറിയാത്തവനും എന്റെ ശാപത്താൽ ഘോരപ്രകൃതിയോടു കൂടിയവനുമായി തീർന്നുവെന്നും അതുകൊണ്ട് വൈശ്രവണൻ കൈലാസപർവ്വതത്തിൽ പോയി വസിക്കണമെന്നും വിശ്രവസ്സ് പറഞ്ഞു, . അങ്ങനെ വൈശ്രവണൻ ലങ്കയുപേക്ഷിച്ചു പോയിയെന്നും വിവരിക്കുന്നു. ദശഗ്രീവൻ ലങ്കയിൽ താമസമുറപ്പിച്ചു. ശൂർപ്പണഖയെ ദക്ഷപുത്രി കാലകയുടെ പുത്രനായ വിദ്യുജ്ജിഹന് വിവാഹം ചെയ്തു കൊടുത്തു. ദശഗ്രീവൻ കാട്ടിൽ നായാട്ടിനു പോയപ്പോൾ ദിതിയുടെ പുത്രനായ മയനെന്ന ദൈത്യനെ മകളുമായി കണ്ടു. വിവരങ്ങൾ അന്വേഷിച്ചു. മയന്റെ ഭാര്യ അപ്സരസായ ശചീദേവിയിൽ ഉണ്ടായ പുത്രിയും മായാവി, ദുന്ദഭി എന്ന പുത്രന്മരേക്കുറിച്ചും ദിതി പറഞ്ഞു. ദശഗ്രീവൻ വിശ്രവസ്സുമഹർഷിയുടെ പുത്രനാണെന്നറിഞ്ഞപ്പോൾ മയൻ സ്വന്തം മകളായ മണ്ഡോദരിയെ ദശാനനന് വിവാഹം ചെയ്തു കൊടുത്തു. കൂടാതെ പരമാത്ഭുതമായ ഒരു വേലും കൊടുത്തു. ഈ വേലാണ് രാമരാവണയുദ്ധത്തിൽ ലക്ഷ്മണനിൽ ദശാനനൻ പ്രയോഗിച്ചതെന്നും പറയപ്പെടുന്നു. തിരിച്ചു ലങ്കയിൽ വന്ന ദശാനനൻ വൈരോചനന്റെ പുത്രന്റെ പുത്രിയായ വജ്രജ്ജാവയെ കുംഭകർണ്ണനും ഗന്ധർവ്വ രാജാവായ ശൈലൂഷന്റെ പുത്രിയായ സരമയെ വിഭീഷണനും വിവാഹം ചെയ്തു കൊടുത്തു. ( മാനസസരസിന്റെ തീരത്തു ജനിച്ചപ്പോൾ മഴ മൂലം സരസ്സ് കര കവിഞ്ഞൊഴുകാൻ തുടങ്ങിയെന്നും ഇതു കണ്ട അമ്മ സരസ്സേ, കര കവിഞ്ഞൊഴുകരുതെന്ന് അപേക്ഷിച്ചെന്നും അങ്ങനെ സരമ എന്നു പേരു കിട്ടിയെന്നും പറയപ്പെടുന്നു.)

ദശാനനന് ഒരു പുത്രനുണ്ടായി. ജനിച്ചപ്പോൾ അവൻ മേഘനാദം പോലെ ശബ്ദമുണ്ടാക്കി. അങ്ങനെ അവൻ മേഘനാദനായി.

കുംഭകർണ്ണൻ വരം കിട്ടിയ പ്രകാരം നിദ്രഗൃഹം നിർമ്മിച്ചു നിദ്രയിലാണ്ടു. ദശാനനൻ ധർമ്മം പാലിക്കാതെ ദേവകളേയും യക്ഷഗന്ധർവ്വന്മാരേയും പീഢിപ്പിച്ചുകൊണ്ടിരുന്നു.ഇതിൽ മനം നൊന്ത വൈശ്രവണൻ( ധനേശൻ) ദൂതൻ വഴി ദശാനനന്റെയടുത്ത് ധർമോപദേശം നൽകാനുറച്ചു. കൂട്ടത്തിൽ തന്റെ കഥയും പറഞ്ഞു. ഹിമവാന്റെ മുകളിൽ രൗദ്രവ്രതം ആചരിച്ചിരുന്ന ധനേശൻ പാർവ്വതീപരമേശ്വരന്മാരെ കണ്ടു. ദേവിയിൽ ഇടം കണ്ണു പതിഞ്ഞു. ദുഷ്ചിന്തയൊന്നുമില്ലായിരുന്നെങ്കിലും ദേവിയുടെ ദിവ്യപ്രഭയിൽ കാഴ്ച നശിച്ചു. പിന്നീടവിടെ നിന്നും വൈശ്രവണൻ മറ്റൊരു സ്ഥലത്തു പോയി വ്രതമനുഷ്ഠിച്ചുവെന്നും, ഏകാക്ഷി പിംഗളൻ എന്ന പേരിലറിയപ്പെടുകയും മഹേശ്വരന്റെ സുഹൃത്തായി മാറുകയും ചെയ്തുവെന്നും കഥ.. ഇതു കേട്ട് കുപിതനായ ദശാനനൻ കയ്യൂക്കുകൊണ്ട് മൂന്നു ലോകങ്ങളേയും കീഴ്പ്പെടുത്തുമെന്നുറച്ചു. ദൂതനെ കൊലപ്പെടുത്തി.

അതിനുശേഷം ധനേശ്വരന്റെ ആസ്ഥാനത്തേക്കു യാത്രയായി. യുദ്ധം കൊടുമ്പിരിക്കൊണ്ടു. അവസാനം ധനേശ്വരനെ തോൽപ്പിച്ചു. ദശാനനൻ പുഷ്പകവിമാനം കൈക്കലാ ക്കി തിരികെ യാത്രയായി. പുഷ്പകവിമാനം വഴിയിൽ പർവ്വതത്തിൽ ഉടക്കി ഇളകാതെ നിന്നു. ധനേശൻ ഇല്ലാതെ ഇത് ഇളകില്ലല്ലോ എന്നു ചിന്തിച്ച ദശാനനെന്റെ മുൻപിൽ പരമശിവന്റെ ആശ്രിതനായ നന്ദികേശൻ പ്രത്യക്ഷപ്പെട്ടു. പരമശിവൻ ഈ മലയിലുണ്ടെന്നും ദശാനനൻ തിരികെ പോകണമെന്നും പറഞ്ഞു. ദശാനനൻ കോപാകുലനായി വാനരമുഖനായ നന്ദികേശനെ പരിഹസിച്ചു. അപ്പോൾ നന്ദികേശൻ തന്റെ രൂപസാദൃശ്യം ഉള്ളവർ നിന്റെ കുലത്തിന്റെ നാശത്തിനായി ജന്മമെടുക്കുമെന്നു ശപിച്ചു. രാമരാവണയുദ്ധത്തിൽ സുഗ്രീവസഖ്യം രാവണകുലത്തിന്റെ നാശത്തിനു കാരണമായി. ദശാനനൻ തന്റെ യാത്രക്കു വിഘ്നം വരുത്തിയ പർവ്വതത്തെ കടപുഴക്കുമെന്നു പറഞ്ഞ് പർവ്വതത്തിനടിയിൽ കൈ കടത്തി പർവ്വതത്തെ കുലുക്കി. പർവ്വതം കുലുങ്ങിയപ്പോൾ ദേവഗണങ്ങൾ കുഴങ്ങി. പാർവ്വതീദേവി പരമശിവനെ കെട്ടിപ്പിടിച്ചു. അപ്പോൾ ശിവൻ കാലിലെ പെരുവിരൽ പർവ്വതത്തിൽ അമർത്തി. മലയുടെ അടിയിലിരുന്ന ദശാനനന്റെ കൈ ഞെരിഞ്ഞമർന്നു. ദശാനനൻ അലറി. കൃപാലുവായ ശിവനെ പ്രാർത്ഥിച്ചാലല്ലാതെ രക്ഷയില്ലായെന്നു മനസിലാക്കിയ ദശാനനൻ ശിവസ്തുതി നടത്തി. കരഞ്ഞുകൊണ്ട് ആയിരം വർഷം സ്തുതിച്ച ദശാനനിൽ മഹാദേവൻ സംപ്രീതനായി കൈകളെ മോചിപ്പിച്ചു. നീ കൈ


വേദനിച്ചപ്പോൾ ദാരുണമായി അലറിവിളിച്ചപ്പോൾ ലോകം മുഴുവൻ പേടിച്ചപോയി. അതുകൊണ്ടിനി മേലിൽ നീ രാവണ (ലോകത്തെ നിലവിളിപ്പിക്കുന്നവൻ) നായി ലോകം മുഴുവൻ അറിയപ്പെടുമെന്ന് പറഞ്ഞു. ദേവന്മാർക്കും മറ്റും എന്നെ കൊല്ലാൻ സാധിക്കില്ലായെന്നുള്ള വരം എനിക്കുണ്ട്. എനിക്കു വേണ്ടുന്ന ബാക്കി ആയുസും വരായുധവും അങ്ങു നൽകിയാലുമെന്ന് രാവണൻ ചോദിച്ചു. ശിവൻ കൂടുതൽ ദീർഘായുസും ചന്ദ്രഹാസം എന്ന ഖഡ്ഗവും കൊടുത്തു. പക്ഷെ നീ ഇതിനെ ധിക്കരിച്ചാൽ ഇത് എന്നിലേക്കു തന്നെ തിരിച്ചു വരുമെന്നു കൂടി ശിവൻ പറഞ്ഞു. ഇങ്ങനെ ദശഗ്രീവൻ രാവണനെന്ന പേര് ശിവനിൽ നിന്നും നേടി, പുഷ്പകവിമാനത്തിൽ കയറി യാത്രയായി. ക്ഷത്രിയരേയും മറ്റും ദ്രോഹിച്ചു പോന്നു. ഒരിക്കൽ യാത്രയിൽ സുന്ദരിയായ ഒരു കന്യക തപസനുഷ്ഠിക്കുന്നതു കണ്ടു. രാവണൻ ആ കന്യകയോടു കുശലവും പതിയുടെ പേരും ഇങ്ങനെ സന്യസിക്കുവാനുള്ള കാരണവും ആരാഞ്ഞു. ബ്രഹസ്പതി സുതനായ ബ്രഹ്മർഷി കുശധ്വജന്റെ പുത്രി വേദവതിയാണ് താനെന്നും പിതാവ് വിഷ്ണുവിനെ ജാമാതായി കിട്ടാൻ ആഗ്രഹിച്ചുവെന്നും ഇതിൽ കുപിതനായ ശംഭുവെന്ന ദൈത്യൻ ഉറങ്ങിക്കിടന്നപ്പോൾ കുജധ്വജമഹർഷിയെ കൊന്നുവെന്നും ദുഖിതയായ അമ്മ തീയിൽ ചാടി ആത്മഹത്യ ചെയ്തുവെന്നും നാരായണനാണ് തന്റെ പതിയെന്നും മറ്റാരും സ്വീകാര്യനല്ലെന്നും അവർ പറഞ്ഞു. വിഷ്ണുവിനെ വാക്കുകളാൽ പുഛിച്ച് നിശാചരനായ രാവണൻ വേദവതിയുടെ മുടിയിൽ പിടിച്ചു. വേദവതിയുടെ കൈകൾ ഒരു വാളായി മാറുകയും മുടിയെ അറുത്തിടുകയും ചെയ്തു. വേദവതി രാവണനോടു പറഞ്ഞു, ഇനി ഞാൻ ജീവിച്ചിരിക്കുവാനാഗ്രഹിക്കുന്നില്ല. അഗ്നിയിൽ ചാടി മരിക്കുകയാണ്. നിന്നെ വധിക്കുവാൻ ഞാനിനി ജന്മമെടുക്കും. അതിനാൽ അയോജനിയായ (സ്ത്രീ പ്രസവിച്ചാലുണ്ടയതല്ലാത്ത) ധർമ്മിഷ്ഠപുത്രിയായി പിറക്കുമെന്നും കൂടി പറഞ്ഞ് അഗ്നിയിൽ ചാടി (അപ്പോൾ ആകാശത്തുനിന്നും പുഷ്പവൃഷ്ടി ഉണ്ടായിയെന്നും വീണ്ടും പത്മത്തിൽ പിറന്നുവെന്നും രാവണൻ വീണ്ടും കണ്ടെത്തിയെന്നും അവളെ തന്റെ മന്ത്രിക്കു കാണിച്ചുകൊടുത്തുവെന്നും ഇവൾ ഗൃഹത്തിലിരുന്നാൽ രാവണന്റെ മരണകാരണമായി ഭവിക്കുമെന്ന് മന്ത്രി പറഞ്ഞുവെന്നും ഇതുകേട്ട രാവണൻ അവളെ കടലിലേക്കെറിഞ്ഞുവെന്നും അവൾ കരക്കടിഞ്ഞുവെന്നും . യജ്ഞഭൂമി ഉഴുതപ്പോൾ ഭൂമിയിൽ നിന്നും ജനകമഹാരാജാവിന് ഈ കുഞ്ഞിനെ കിട്ടിയെന്നും അതാണ് ജനകപുത്രിയെന്നുമാണ് കഥ.) ഈ കുഞ്ഞു വളർന്നതാണ് അങ്ങയുടെ ഭാര്യയെന്നും അഗസ്ത്യമുനി ശ്രീരാമനോടു പറയുന്നുമുണ്ട്

വേദവതി അഗ്നിപ്രവേശം ചെയ്തശേഷം രാവണൻ പുഷ്പകവിമാനത്തിൽ കയറി ലോകത്തു സഞ്ചരിച്ചു. ഉശിരബീജമെന്ന സ്ഥലത്തെത്തിയപ്പോൾ യജ്ഞം നടത്തുന്ന മരുത്തനെന്ന രാജാവിനെ രാവണൻ കണ്ടു. ബ്രഹസ്പതിയുടെ സഹോദരനായ സംവർത്ത മഹർഷി യാഗം നടത്തുകയായിരുന്ന രാക്ഷസനെ കണ്ടു. ഭയന്ന ദേവന്മാരെല്ലാം മൃഗങ്ങളുടേയും പക്ഷികളുടേയും രൂപത്തിൽ ഒളിച്ചു. ആ സമയം രാവണൻ യജ്ഞശാലയിൽ കടന്ന് രാജാവിനെ യുദ്ധത്തിനായി വെല്ലുവിളിച്ചു. മരുതമഹാരാജാവ് രാവണൻ ആരാണെന്നു ചോദിച്ചു. താൻ രാവണനാണെന്നും സഹോദരനായ കുബേരനെ തോൽപിച്ച് പുഷ്പകവിമാനം കൈവശപ്പെടുത്തിയെന്നും മറ്റും വീമ്പിളക്കി. ഇതു കേട്ട രാജാവ് യുദ്ധത്തിനു തയ്യാറായി. പക്ഷെ സംവർത്ത മഹർഷി തടഞ്ഞു. ഈ

ശൈവയജ്ഞം പൂർത്തീകരിക്കുവാൻ ഉപദേശിച്ചു. ജ്ഞാനത്തിനു ദീക്ഷ കൈക്കൊണ്ടിരിക്കുന്നതിനാൽ ക്രോധം പാടില്ലായെന്നു മനസിലാക്കി , വീണ്ടും യജ്ഞം തുടങ്ങി. അവിടെയുണ്ടായിരുന്ന മഹർഷിമാരെയെല്ലാം രാവണൻ പിടിച്ചു തിന്നു. രാവണൻ അവിടെനിന്നും പോയപ്പോൾ ദേവന്മാർ തങ്ങൾ ഭയന്ന് ഏതു രൂപമെടുത്തുവോ ആ പക്ഷിമൃഗാദികളോടു നന്ദി പറഞ്ഞു. ഇന്ദ്രൻ മയിലിനോടു പറഞ്ഞു, നിനക്ക് ഇനി സർപ്പഭയമുണ്ടാകില്ല. നിന്റെ പീലികളിൽ എന്റെആയിരം കണ്ണുകൾ തെളിയും. ഞാൻ മഴ പെയ്യിക്കുമ്പോൾ നിനക്കു സന്തോഷം ഉണ്ടാകും. ധർമ്മരാജാവ് കാക്കയോടു , നിനക്ക് മറ്റു ജീവികളേപ്പോലെ രോഗം വരില്ലായെന്നും മനുഷ്യൻ നിന്നെ കൊല്ലാതിരിക്കുന്നിടത്തോളം നിനക്കു മൃത്യു ഉണ്ടാകുകയില്ലായെന്നും പറഞ്ഞു. യമന്റെ ലോകത്തിൽ ചെല്ലുന്ന മനുഷ്യർക്ക് വിശപ്പുണ്ടാകുമ്പോൾ കാക്ക ഭക്ഷിച്ചാൽ അവരുടെ വിശപ്പ് തീരുമെന്നു കൂടി പറഞ്ഞു. ( നാം പിതൃബലി നടത്തുമ്പോൾ കാക്കയാണല്ലോ അന്നം ഭക്ഷിക്കുന്നത്). വരുണൻ ഹംസത്തോടു പറഞ്ഞു, ഭവാന്റെ നിറം നല്ല വെളുപ്പായിരിക്കും. നീ ജലത്തിൽ സഞ്ചരിച്ചുകൊണ്ട് നല്ല ഭംഗിയുള്ളതായി മാറും. ( പണ്ട് അരയന്നങ്ങൾക്ക് നിറം മുഴുവനും വെളുത്തിട്ടല്ലായിരുന്നു എന്നും ചിറകിൽ തലപ്പു നീലനിറവും മാറു ഇളം ചുവപ്പായിരുന്നുവെന്നും പറയപ്പെടുന്നു). വൈശ്രവണൻ ഓന്തിനോടു പറഞ്ഞു, സ്വർണ്ണവർണ്ണം നിനക്കു തരുന്നു. തല എന്നും സ്വർണ്ണത്തോടു കൂടിയതായിരിക്കും. ഇവരെല്ലാം രാജാവിനെ അനുഗ്രഹിച്ച് പിന്നീടവിടെനിന്നും പോയിയെന്നും അഗസ്ത്യമുനി വിവരിക്കുന്നു. ബ്രഹ്മദേവന്റെ അഭ്യർത്ഥനപ്രകാരം ദണ്ഡു പിൻവലിച്ച് യമൻ യാത്രയായി. ജയിച്ചുവെന്നു വിചാരിച്ച് രാവണൻ സ്ഥലം വിട്ടു. കാലകേയന്മരേയും ദൈത്യന്മാരേയും വധിച്ചു. ശൂർപ്പണഖയുടെ പതിയായ വിദ്യുജ്ജിനനെ വെട്ടിക്കൊന്നു. പിന്നീടു വരുണ മന്ദിരത്തിൽ ചെന്ന് യുദ്ധം ചെയ്തു. മഹാഘോരയുദ്ധം നടന്നു. ഒടുവിൽ വിജയിച്ച് അവിടെനിന്നും പോയി. വരുന്ന വഴിയിൽ കാണുന്ന പന്നഗകന്യകകളേയുംരാക്ഷസകന്യകകളേയും ദേവമാനുഷ യക്ഷദാനവകന്യകകളേയും അയാൾ കൂട്ടിക്കൊണ്ടു പോന്നു. ഇതിൽ ദുഃഖിതരായ പതിവ്രതാരത്നങ്ങൾ, സ്ത്രീമൂലം മരണമുണ്ടാകുമെന്നു രാവണനെ ശപിച്ചു. ഭർത്താവിനെ കൊന്നതറിഞ്ഞ ശൂർപ്പണഖ രാവണനോടു സങ്കടമുണർത്തിച്ചു. സമാധാപ്പിച്ചതിനുശേഷം രാവണൻ പറഞ്ഞു, പ്രഭുവായ ഖരൻ നിന്റെ ആജ്ഞയനുസരിച്ചു പ്രവർത്തിക്കും. അങ്ങനെ ഖരൻ ദണ്ഡകേതത്തിൽ ശൂർപ്പണഖയേ സഹായിക്കുവാൻ പോയി. ശൂർപ്പണഖ സ്വതന്ത്രമായ ജീവിതം ആസ്വദിക്കുവാൻ തുടങ്ങി •

(തുടരും)

# 2017 ജനുവരി മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ



**മുല്ലോത്ത് രാമചന്ദ്രൻ**
L/3149
1 ബി, രാമാലയം
രാമവർമ്മ ലെയിൻ
ചിറ്റൂർ റോഡ്, കൊച്ചി 682011

**ഭാസ്കരൻകുട്ടി മേനോൻ പി.**
L/2952
പട്ടമന,കടമ്പാട്ട് ഹൗസ്
ഉദയംപേരൂർ
തൃപ്പൂണിത്തുറ 682307



**കെ.ജി. പത്മനാഭപിള്ള**
L/2078
ചതുരംഗി
കാരക്കാട്ട് റോഡ്
കൊച്ചി 682016

കവിത

# സങ്കടങ്ങൾ



പറവൂർ രാജഗോപാൽ

സങ്കടങ്ങളൊന്നും
പെരുക്കപ്പട്ടികപോലെ
പെരുകിപ്പെരുകി വളർന്ന്
ഉള്ളു പൊള്ളിച്ചു നീറ്റും.
ചില സങ്കടങ്ങൾ
നാം കരഞ്ഞു തീർക്കും
കരഞ്ഞു തന്നെ
തീർത്തെന്നു വരുത്തും.
ചിലത് മിഴിക്കോണിലൊരു
എരിയുന്ന തുള്ളിയായി
വന്നു നിൽക്കും;
വിതുമ്പാതെ
തുള്ളിത്തുളുമ്പാതെ
വിസ്തരിച്ചൊഴുകാതെ
കവിൾത്തടങ്ങൾ നനയ്ക്കാതെ .......!
ഇനിയും ചില സങ്കടങ്ങളുണ്ട്
നമുക്കു തന്നെ അന്യമായവ.
ഭാവം കൊണ്ടു നാം അവ കടം കൊള്ളും.
ചില സങ്കടങ്ങൾ
തൊണ്ടയിൽ തടയും.
മൊഴി മുട്ടിക്കും.
ഉള്ളം കത്തിച്ചുരുക്കും.
നാളുകൾ നിന്നു കത്തും.
ചില സങ്കടങ്ങൾ
ഉള്ളിന്റെയുള്ളിൽത്തന്നെ
അടിഞ്ഞുകൂടും.
കാറിക്കരഞ്ഞിട്ടോ, കാലു പിടിച്ചിട്ടോ
തീർന്നുപോകുന്നതല്ലെന്ന്
തീർച്ചയുള്ളവ.
ആയുഷ്ക്കാലമതവിടെ
യങ്ങനെ കിടക്കും.
പൂവണിയാത്ത
ചില സ്വപ്നങ്ങൾ പോലെ
ഓർമ്മക്കീറുകൾ പോലെ.
സങ്കടക്കടലുകടക്കാൻ,
ഒഴുക്കിൽ തുഴഞ്ഞു
ചെന്നൊരിടം പറ്റാൻ
കടം കൊണ്ടു സങ്കടങ്ങൾ
കെട്ടിപ്പൂട്ടിയ ഭാണ്ഡങ്ങളും പേറി
വൃഥാ ഒരു യാത്ര പോക്കു
തന്നെയീ ജിവിതം.
സുഖത്തണലിലൊരിത്തിരി വല്ലപ്പോഴും
വിശ്രമിച്ചെന്നു വരുത്തി,
ധൃതിപ്പെട്ടുണർന്ന്
ധൃതതാളവേഗഗമനങ്ങളിൽ
പദചലനങ്ങൾ ചേർത്ത്...........
മരിക്കാൻ തന്നെയല്ലെങ്കിലെന്തിന്
ഈ ജീവിതം........? !!!!
പെയ്തു തോർന്നു തിരാൻ തന്നെയീ
കാറുരുക്കവും കാളിമപൊതിയു
മന്തർധാരാ പ്രവാഹവും.
കത്തിപ്പൊലിഞ്ഞു തീരാൻ തന്നെയീ
കരിമഷിക്കരി വീണ ഭംഗിയും
രാക്കൂന്തൽ മഴക്കാറും........!

**ആഴിതന്നിലുരഗേശനായ് മണി**
**മെത്തമേലഴകിനൊട് ചേർ**
**ന്നേഴുരണ്ടുലകമൻപിൽ നേത്രമുന**
**കൊണ്ടു കാത്തു കലിതാദരം**
**ചൂഴുമുള്ള മുനിദേവജാതി പുക**
**ഴുന്നതും പരിചിനോടു കേ**
**ട്ടാഴിമാതിനൊടു കൂടിയുള്ള കളി**
**കോലുമീശ്വരമുപാസ്മഹേ**
***പൂന്താനം. പാർത്ഥസാരഥിസ്തവം***

*മഹാവിഷ്ണു ഭഗവാൻ പാലാഴിയിൽ അനന്തനാകുന്ന വിശിഷ്ട മെത്തയിൽ അഴകായി ശമിക്കുന്നു. പതിനാലു ലോകങ്ങളും തന്റെ കടാക്ഷം കൊണ്ട് വേണ്ടവിധം പാലിക്കുന്നു. ചുറ്റും നിന്ന് മുനിമാരും ദേവൻമാരും സ്തുതിക്കുന്നത് കേട്ട് കൊണ്ട് ലക്ഷ്മീ ദേവിയോടൊത്തു കളിയാടുന്ന അങ്ങിനെയുള്ള ഭഗവാനെ ഞങ്ങൾ ഉപാസിക്കുന്നു.*

# തിരുവാതിര



**രാജലക്ഷ്മി. എം**

വൃശ്ചികമാസത്തിലെ ശക്തിയായ കാറ്റിനുശേഷം വേനലിന്റെ കൊടും ചൂട് ആരംഭിക്കുന്നതിന് മുമ്പായി ധനു മകരം മാസങ്ങളിൽ മഞ്ഞ് പെയ്യുന്നു. കൊടുവേലി പൂത്ത മണവുമായി എത്തുന്ന ധനുമാസത്തിലെ ആതിര തിരുവാതിര മഞ്ഞുതുള്ളികളെ കൊണ്ട് അതിരമണിയമായ പ്രകൃതി കുളിരണിയുമ്പോൾ മലയാളി മങ്കമാർ തിരുവാതിര ആഘോഷിക്കുന്നു. നമ്മൾ വിശേഷപ്പെട്ട ദിവസങ്ങൾ പറയുക തന്നെ ഓണം, വിഷു ,തിരുവാതിര എന്നാണല്ലോ. വർഷത്തെ മൂന്നായി വിഭജിച്ചാൽ ഇവ മൂന്നും തുല്ല്യ അകലത്തിൽ വരുന്നു. ആചാരങ്ങൾ അനുസരിച്ചു നോക്കുമ്പോൾ ഓണത്തിനും വിഷുവിനും സാമ്യമുണ്ട്. അതു കൊണ്ടായിരിക്കാം ഓണം വിഷു എന്ന് പറയുന്നത്.

പൗരാണിക കാലം മുതലെ ഭാരതത്തിൽ ആചരിച്ച് പോരുന്ന വ്രതാനുഷ്ഠാനങ്ങൾ ആത്മീയവും ഭൗതീകവും ആയ ഉന്നതിക്ക് സഹായിക്കുകയും, പുണ്യം,ആരോഗ്യം, ശ്രേയസ്സ് എന്നിവ ലഭിക്കുകയും ചെയ്യുന്നു ക്ഷേത്രദർശനംകൊണ്ട് മനഃശുദ്ധിയും ആഹാരം ,നിദ്ര, ഇന്ദ്രീയ നിയന്ത്രണം കൊണ്ട് രോഗശമനവും ലഭിക്കുന്നു കാമ ക്രോധ മദമാത്സര്യങ്ങൾ വെടിഞ്ഞ് ദയ, ദാക്ഷിണ്യം, സത്യം ക്ഷമ എന്നിവയാൽ സൽഗുണമ്പന്നൻമാരും, ബുദ്ധിശാലികളുമായി തീരുന്നു. വർഷം, അയനം , ഋതു, മാസം, പക്ഷം, തിഥി, വാരം, നക്ഷത്രം ഇവയെ അടിസ്ഥാനപ്പെടുത്തിയാണ് വ്രതാനുഷ്ഠാനങ്ങൾ കൊണ്ടാടുന്നത്. ഇതിൽപ്പെട്ട തിരുവാതിര സംഘകാലം മുതലേ ആചരിച്ചു പോരുന്നു. എന്നാൽ മറ്റ് വ്രതങ്ങളെ അപേക്ഷിച്ച് തിരുവാതിര സ്ത്രികൾക്ക് മാത്രമായി മാറ്റിവെച്ചിരിക്കുന്നു.

ധനു മാസത്തിലെ തിരുവാതിര ഭഗവാൻ പരമേശ്വരന്റെ തിരുനാളായി വിശേഷാൽ പൂജകളോടെ നടത്തുന്നു ആതിര നാളിന് ശംഭുവിന്റെ ജന്മനാൾ പൂത്തിരുവാതിരയാം ശ്രീപാർവ്വതിക്കും രരതിക്കുമിന്നു ശങ്കരൻ പ്രത്യേകം മോക്ഷം നൽകി. ഭഗവാൻ തന്റെ തിരുന്നാളല്ലൊ, ഭഗവതിക്കും തിരുനൊയമ്പ്. ഉണ്ണരുത്, ഉറങ്ങരുത് കുളിക്കണം പോൽ തുടിക്കണം പോൽ ആടണം പോൽ പാടണം പോൽ എന്നിങ്ങനെ തിരുവാതിര ദിവസം പാടികളിക്കന്നു. കത്തിച്ച നിലവിളക്കും അഷ്ടമംഗല്ല്യവും വാൽക്കണ്ണാടിയും, പൂക്കുല ചൂടി നിറപറയും വച്ച് അവക്ക് ചുറ്റും വട്ടമിട്ട് പാട്ടുപാടി പാതിര വരെ പാടികളിക്കുന്നു ഗണപതി, സരസ്വതി, ശിവൻ,കൃഷ്ണൻ മുതലായ ദേവൻമാരുടെ സ്തുതി ഗീതങ്ങൾ പാടിചുവട് വെച്ച മങ്കമാർ കളിക്കുന്നു. പാതിരപ്പൂചൂടി മംഗള ഗാനത്തോടെ കളി അവസാനിപ്പിക്കുന്നു. ബ്രഹ്മമുഹൂർത്തത്തിൽ തിരുദർശനം നടത്തുന്നു എട്ടങ്ങാടി, പുഴുക്ക്, കൂവകുറുക്കിയത്, ദശപുഷ്പം, മുറുക്കാൻ ഉള്ളവെറ്റിലപാക്ക് എന്നിവയും കരിക്കും വിളക്കിന് മുന്നിൽ നേദിക്കാൻ വക്കും. കളിയുടെ ഇടക്ക് നേദിച്ച ഭക്ഷണം കഴിക്കുന്നു. അന്നേ ദിവസം അരിഭക്ഷണം(മുഖ്യഭക്ഷണം) ഉപേക്ഷിച്ച് ഗോതമ്പ്, യവം, ചാമ മുതലായ ഭക്ഷണം കഴിക്കുന്നു. കാച്ചിൽ ചേന,ചേമ്പ്, ചെറുകിഴങ്ങ്,കൂർക്ക,മധുരകിഴങ്ങ് എന്നിവ ചുട്ടെടുത്ത് അരിഞ്ഞ് അതിൽ വേവിച്ച പയർ കൊട്ടത്തേങ്ങ,കരിമ്പ്,കദളിപ്പഴം, എള്ള്,ശർക്കര,നെയ്യ് എന്നിവ ചേർത്ത് ഇളക്കി എടുക്കുന്നതാണ് എട്ടങ്ങാടി, അതോടൊപ്പം തന്നെ പുഴുക്ക് ഏറെ പ്രസിദ്ധമാണ്.

കാമദേവൻ ശിവന്റെ തൃക്കണ്ണാൽ ഭസ്മമായി. പാർവ്വതിദേവിയുടെ അപേക്ഷയാൽ കാമദേവനെ രതീദേവിക്ക് തിരിച്ച് കിട്ടിയ ദിവസമായി ധനുമാസത്തിൽ തിരുവാതിര കൊണ്ടാടുന്നു എന്ന ഒരു ഐതഹ്യം മറ്റൊരു ഐതഹ്യം ഇങ്ങനെ പറയുന്നു.

അനന്തശയ്യയിൽ പള്ളി കൊള്ളുന്ന വിഷ്ണുവിന്റെ അടുത്ത് ബ്രഹ്മാവ് വന്നു. ഉറക്കംനടിച്ച് കിടക്കുന്ന വിഷ്ണുവിനോട് ലോകത്തിന്റെ പിതാമഹനായ താൻ വിഷ്ണാവിന്റെ രക്ഷകനാണ്. എന്നെ ആദരിക്കാത്തതിന് വിഷ്ണു പ്രായശ്ചിത്തം ചെയ്യണമെന്നായി. തന്റെ നാഭിയിൽ നിന്നാണ് ബ്രഹ്മാവ് ഉത്ഭവിച്ചതെന്ന് വിഷ്ണുവും, രണ്ടു പേരും തർക്കമായി ആരും വിട്ടുകൊടുക്കാൻ തയ്യാറല്ല. അവസാനം അത് യുദ്ധത്തിൽ കലാശിച്ചു. ദേവന്മാർ ഇതുകണ്ട് ഉൽകണഠാകുലരായി . ഇവരുടെ ഈ തർക്കം അവസാനിപ്പിക്കാൻ ദേവന്മാർ കൈലാസനാഥനെ

ശരണം പ്രാപിച്ചു. ശിവൻ ഭൂതഗണങ്ങളോട് കൂടി ദേവി സമേതനായി യുദ്ധഭൂമിയിൽ വന്നു വീക്ഷിച്ചു. രണ്ടുപേരുടെയും അസ്ത്രജ്വാലയാൽ ലോകനാശമുണ്ടാകുമെന്ന് പരമേശ്വരൻ മനസ്സിലാക്കി ഒരു വലിയ അഗ്നിസ്തംഭമായി ഭഗവാൻ കൈലാസനാഥൻ നില കൊണ്ടു ഇരുകൂട്ടരുടെയും അസ്ത്രങ്ങൾ താഴെ നിലം പതിച്ചതു കണ്ടു അത്ഭുതപ്പെട്ടു. ഈ സ്തംഭത്തിന്റെ ആദിയും അന്തവും കണ്ടുപിടിക്കാൻ ഇരുവരും തീരുമാനിച്ചു. ബ്രഹ്മാവു് അരയന്നത്തിന്റെ രുപത്തിൽ മുകളിലേക്കും വിഷ്ണു പന്നിയുടെ രൂപത്തിൽ താഴെക്കും യാത്രയായി. തന്റെ പ്രയത്നം നിഷ്ഫലമായപ്പോൾ വിഷ്ണു മടങ്ങിവന്നു. ഇതിനിടെ ശിവൻ ശിരസ്സ് ഇളകിയപ്പോൾ കൈതപ്പൂ താഴെക്ക് വീണു താഴെക്ക് വന്നുകൊണ്ടിരുന്ന കൈതപ്പൂ പറഞ്ഞു ആദിസ്തംഭത്തിൽ നിന്ന് വളരെ കാലമായി താഴൊട്ട് വന്നുകൊണ്ടിരിക്കുകയാണ്. ബ്രഹ്മാവിന്റെ ശ്രമം വെടിയുകയാണ് നല്ലത് എന്നു പറഞ്ഞു. ബ്രഹ്മാവ് താൻ ഊർദ്ധഭാഗം കണ്ടു എന്ന് സാക്ഷിപറയുവാൻ കൈതപ്പൂവിനെ നിർബന്ധിച്ചു. അതനുസരിച്ച് കൈതപ്പൂ കള്ള സാക്ഷിപറഞ്ഞു. എന്നാൽ തനിക്ക് അന്ത്യം കണ്ടുപിടിക്കാൻ സാധിച്ചില്ല എന്നു വിഷ്ണു സത്യം പറഞ്ഞു. ബ്രഹ്മാവിനെ പ്രണമിച്ചു പൂജിച്ചു ആ സമയം ശിവൻ പ്രത്യക്ഷപ്പെട്ടു സത്യം പറഞ്ഞ വിഷ്ണുവിന് തന്നൊടൊപ്പം സമാനത കൊടുത്ത് പ്രതിഷ്ഠയും ഉത്സാഹവും പൂജയും ഉണ്ടാകുമെന്നും അനുഗ്രഹിച്ചു. കള്ളം പറഞ്ഞ കൈതപ്പൂവിനോട് പറഞ്ഞു. നിന്നെ ആരും പൂജാപുഷ്പമായി എടുക്കാതെ പോകട്ടെ എന്നു ശപിച്ചു. ബ്രഹ്മാവിനെ ആരും ഭൂമിയിൽ പൂജിക്കാതെ പോകട്ടെ എന്ന് ബ്രഹ്മാവിനും ശാപം ലഭിച്ചു. ബ്രഹ്മാവിന്റെ ക്ഷമാപണത്താലും വിഷ്ണുവിന്റെ അഭ്യർത്ഥനയാലും ബ്രഹ്മാവ് പൂജാർഹനല്ലെങ്കിലും ഗൃഹയജ്ഞങ്ങളിൽ ഗുരുവിന്റെ സ്ഥാനം ലഭിക്കുമെന്നും അനുഗ്രഹിച്ചു. ധനുമാസത്തിലെ തിരുനാതിര ദിവസമാണ് ശിവൻ അഗ്നിസ്തമം രൂപത്തിൽ അവതീർണ്ണനായത്. ആ ദിവസം ശിവലിംഗമോ വിഗ്രഹമോ ദർശിക്കുന്നവർ മഹാദേവന് സുബ്രഹ്മണ്യനേക്കാൾ പ്രിയപ്പെട്ടവരാണ് എന്നാണ് മറ്റൊരു ഐതിഹ്യം. ആസ്തംഭം പൂജക്കും ദർശനത്തിനും വേണ്ടി ചെറുതായി ഭവിച്ചു. ആ സ്ഥലം അരുണുചലമെന്ന പേരിൽ പ്രശസ്തമായിതീർന്നു. അങ്ങിനെ ലോകമെമ്പാടുമുള്ള മലയാളി മങ്കമാർ ധനുമാസത്തിൽ തിരുവാതിര നോമ്പു നോറ്റ് ആഘോഷിക്കുന്നു.

**പുഴുക്ക്** ഃ കാച്ചിൽ, കൂർക്ക,ചേന, നനകിഴങ്ങ്, ചെറുകിഴങ്ങ്,മധുരകിഴങ്ങ്, ചേമ്പ്, നേന്ത്രക്കായ് എന്നിവ നുറുക്കിയത് 750ഗ്രാം വൻപയർ,കടല കുതിർത്തിയത് 25ഗ്രാം, തേങ്ങ 1, ജീരകം = ഒരു നുള്ള്, വറ്റൽമുളക് 12 എണ്ണം, മഞ്ഞൾപൊടി, വേപ്പില, വെളിച്ചെണ്ണ പാകത്തിന് വെന്ത പയർ, കടലയിലേക്ക് ഒന്നാമത്തെ ചേരുവകളും ഉപ്പും മഞ്ഞൾപൊടിയും ഇട്ട് വേവിക്കുക നാളികേരവും മുളകും ജീരകവും വെന്തകൂട്ടിലേക്കിട്ട് ഇളക്കി കയിവേപ്പിലയും വെളിഉച്ചണ്ണയും ചേർത്ത് ഇളക്കിയാൽ പുഴുക്ക് റെഡി ●

*(മിനിക്കഥ)*

# ഓർക്കാനും ഓർക്കാതിരിക്കാനും



**ഉണ്ണി വാരിയത്ത്**

**വേ**നലവധിക്കാലം കഴിഞ്ഞെത്തുന്ന മഴ കാണുമ്പോൾ പള്ളിക്കൂടത്തിലേക്ക് പുള്ളിപ്പാവാടയണിഞ്ഞ് തുള്ളിച്ചാടി വരുമായിരുന്ന സഹവിദ്യാർത്ഥിനിയെ അവന് ഓർമ്മ വരും.

മഴയുടെ ആരോഹണാവരോഹണാരവം കേൾക്കുമ്പോൾ കളിത്തോഴിയുടെ കിന്നാരം ഓർമ്മ വരും.

ഓടിൻ പുറത്ത് മഴ താളം പിടിക്കുമ്പോൾ ഇറവെള്ളത്തിൽ കടലാസു തോണിയിറക്കാൻ മത്സരിക്കുമായിരുന്ന മുറപ്പെണ്ണിനെ ഓർമ്മ വരും.

കുളക്കടവിൽ മുങ്ങാം കുഴിയിടുന്ന മഴയിൽ നാണം കുണുങ്ങി നടക്കുമായിരുന്ന അയൽക്കാരിയെ ഓർമ്മ വരും.

അഗ്നിജ്വാലയെ മഴശലഭം പുൽകുമ്പോൾ കാമുകിയെ ഓർമ്മ വരും.

പക്ഷെ, ഏതു കാലത്തും കൂട്ടായിരിക്കുന്ന ഭാര്യയെ ഓർക്കാൻ മഴ വേണമെന്നില്ല.

സത്യത്തിൽ, ഒന്നും ഓർക്കാൻ മഴ വേണമെന്നില്ല. മനസ്സു മതി.

ഓർക്കാതിരിക്കാനോ ? അല്ല, എന്തിന് ഓർക്കാതിരിക്കണം ●

*(തുടർച്ച)*

# കാതങ്ങൾ കടന്നു വന്ന കാലൊച്ച



**പത്മജ മേനോൻ**

താൻ മറ്റുള്ളവർക്ക് പത്രം വായിച്ച് കൊടുക്കുകയായിരുന്നു സ്ത്രീ സമത്വത്തെ പറ്റിയും സ്ത്രീശാക്തീകരണത്തെ പറ്റിയും വാതോരാതെ പ്രസംഗിച്ച ഒരു പ്രമുഖയുടെ റിപ്പോർട്ടാണിത്. അവൾ ഓർക്കുകയായിരുന്നു ഒരു വിഭാഗം ആളുകൾ സ്ത്രികളെ ഏകോപിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ മറ്റ് ചില സ്ത്രീകൾ സ്ത്രീയുടെ ശത്രുവായി തന്നെ മാറുകയാണ്. സ്ത്രി യുടെ ശത്രു സ്ത്രീതന്നെയായി മാറുക യാണ്. സ്വന്തമാണെന്ന് കരുതി സ്നേഹിച്ച അമ്മയുടെ പ്രകടനം അതിനു തെളി വാണല്ലോ. സ്വാർത്ഥ താൽപര്യങ്ങൾക്കാണ് അവർ മുൻതൂക്കം കൊടുക്കുന്നത്. അപ്പോഴാണ് ഡാനി വന്നത്. അച്ഛന്റെ മരണവാർത്ത അറിഞ്ഞിരിക്കുന്നു. ഡാനി പറഞ്ഞു ചെളിക്കുണ്ടിലാണ് താമരപ്പൂവ് നിൽക്കുന്നത് ചുറ്റും ക്ഷുദ്രജീവികളുമുണ്ട് എന്നിട്ടും എന്ത് പ്രസന്നവതിയാണ് ഈ താമര പൂവ് അതുപോലെ താമരയും ദുഃഖ ങ്ങളെയും പ്രശ്നങ്ങളെയും അതിജിവി ക്കണം ഒരു രക്ഷകനായി ഞാൻ എപ്പോഴും താമരയുടെ ഒപ്പമുണ്ടാകും.

''ഡാനി എനിക്ക് പുറത്തിറങ്ങണ്ടാ എന്നെ കാത്തിരിക്കുവാൻ ഇനി ആരും ഇല്ല'' 'താമരക്ക്വേണ്ടി പുറത്ത് ഒരു സസ്പെൻസ് കാത്തിരിക്കുന്നുണ്ട്. അടുത്ത ദിവസം തന്നെ കേസ്സ് വാദിക്കും. ദൃശ്യസാക്ഷിയായി സന്തോഷിനെ കൊണ്ടുപോകുന്നുണ്ട്' എന്ന് പറഞ്ഞ് ഡാനി യാത്രയായി. അവളുടെ മനസ്സിൽ അപ്പോൾ ഭയമായിരുന്നു പുറത്തിറ ങ്ങേണ്ടിവന്നാൽ എന്തുചെയ്യും. തന്റെ പ്രിയ കവിയായ ചങ്ങമ്പുഴയുടെ കവിതയാണ് അവൾക്ക് ഓർമ്മവന്നത്.

'ശരിയായിരിക്കാം ഈലോകമേറ്റം
നിരുപമാനന്ദതമായിരിക്കാം
എരിയുമെന്നാത്മാവിൽ ഏറ്റതെല്ലാം
ചുടുനെടുവിർപ്പുകളായിരുന്നു
സതതം മെൻകാതിൽ പതിച്ചതെല്ലാം
കരുണ തൻ രോദനമായിരിന്നു
എവിടെക്കു പോകും ഞാനെന്തുചെയ്യും
അവനിയിലാരെ എന്നെ ഉദ്ധരിക്കും?'

കവിതാശകലങ്ങൾ മൂളികൊണ്ട് അവൾ വിഷണ്ണയായി ഇരുന്നു. അധിക താമസ മൊന്നുമുണ്ടാവാതെ തന്നെ തന്റെ കേസ്സ് ജയിച്ചു. കർമ്മധീരനായ ഡാനിഫിഷറിനെ എല്ലാവരും ഒന്നടക്കം മുക്തകണ്ഠം പ്രശംസിച്ചു. താമര മാത്രം ഒരു ഉന്മേഷവും ഇല്ലാതെ അലംഭാവത്തോടെ ഇരുന്നു. പുറത്തിറങ്ങേണ്ട ദിവസം വന്നെത്തി വാർഡന് വലിയ സന്തോഷമായിരുന്നു ചെറിയ വാതിലൂടെ പുറത്തിറങ്ങിയപ്പോൾ ഡാനി ചിരിച്ചു കൊണ്ട് നിൽക്കുന്നു. താമരയുടെ സസ്പെൻസ് ആ ചുവന്ന കാറിലിരിക്കുന്നുണ്ട്. ഓർക്കണം വല്ലപ്പോഴും എന്നെ എന്നു പറഞ്ഞ് ഡാനി ആരെയോ ഫോൺ ചെയ്യാൻ തുടങ്ങി. താമര കാറിന്റെ അടുത്തേക്ക് നടന്നു അതിനുള്ളിലെ പുരുഷനെ കണ്ട് താമരഞെട്ടിപോയി. അത് ബാങ്ക് മാനേജരായ ഹരിദാസായിരുന്നു. അയാൾ തന്നെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു. 'താമരക്ക് ഒരു മാറ്റവുമില്ല. ഞാൻ താമരയെ കൊണ്ടു പോകുവാൻ വന്നതാണ്' 'എങ്ങോട്ട്' എന്നവൾ പെട്ടെന്ന് ചോദിച്ചു. ഞാൻ ഇപ്പോൾ ഡൈവേഴ്സിയാണ്. പൊരുത്തകേടുകളുടെ പൊരുത്തമാണ് ദാമ്പത്യം എന്നൊക്കെ പറയുമെങ്കിലും പൊരുത്തപ്പെടാൻ കഴിഞ്ഞില്ലാ എന്നതാണ് നഗ്നസത്യം ഉയർന്ന അപകർഷതാ ബോധമായിരുന്നു അവളെ ഭരിച്ചിരുന്നത്. മിടുക്കിയായ അവൾ പല പരിക്ഷകളും പാസ്സായി. ഔദ്യോഗതലത്തിൽ ഉയർന്ന നിലയിലെത്തി അവൾക്ക് താഴെയായിപോയ എന്നോട് അവൾക്ക് പുച്ഛവും പരിഹാസവുമായിരുന്നു. ആ ഭാവം വീട്ടിലും അരങ്ങേറിയപ്പോൾ ഞങ്ങൾ ഒരിക്കലും കൂട്ടിമുട്ടാത്ത രണ്ട് സമാന്തര രേഖകളായി മാറി. ഇപ്പോൾ ബന്ധം പിരിഞ്ഞിട്ട് രണ്ടു വർഷമായി ഡാനി എന്നെ തേടിപിടിച്ച് കാര്യങ്ങൾ പറഞ്ഞപ്പോഴാണ് ഞാൻ താമരയുടെ കാര്യം അറിയുന്നത്. അവിടെ നിന്ന് സ്ഥലമാറ്റം കിട്ടിപോയതിൽ പിന്നെ എനിക്ക് ഒന്നും അറിയില്ലായിരുന്നു. ഞാൻ കരുതി താമര ഒരുകുടുംബജീവിതം നയിക്കുന്നുണ്ടാവു മെന്ന് പഴമക്കാർ പറയുന്നതു പോലെ 'തനിക്ക് മീതെ ചങ്ങാതി തനിക്ക് താഴെ പിങ്ങാതി' അതു തന്നെയാണ് ശരി. 'താമര എന്നോടൊപ്പം വരണം ഞാൻ വീട്ടുകാരെ പറഞ്ഞ് മനസ്സിലാക്കാം. താമര പറഞ്ഞു' പരസ്പര വിശ്വാസമാണ് ദാമ്പത്യത്തിന്റെ അടിത്തറ. നിങ്ങളോടുള്ള വിശ്വാസം എനിക്ക് നഷ്ടപ്പെട്ട്കഴിഞ്ഞു അന്ന് നിങ്ങളെന്നെ വിളിച്ചിരുന്നെങ്കിൽ ഞാൻ ഇറ

ങ്ങിവരു മായിരുന്നു. ഇന്ന് എന്റെ മനസ്സിൽ നിങ്ങൾ ഇല്ല. സുരക്ഷിതത്വമാണ് ഏതൊരു സ്ത്രീയും അഗ്രഹിക്കുന്നത്. അതു നിങ്ങളിൽ ഞാൻ കാണുന്നില്ല. ദ്വിമുഖവ്യക്തിത്വമുള്ള നിങ്ങളെ എനിക്ക് ഭയമാണ് സ്നേഹിക്കു മ്പോൾ മാത്രമേ സ്നേഹിക്കപ്പെടുകയുള്ളു. പ്രതിസന്ധികളിലും പ്രതികൂലങ്ങളിലും കൂടെ നിൽക്കുന്നതാണ് ഉദാത്തമായ സ്നേഹ ബന്ധം. ഇവിടെ നിന്ന് എങ്ങോട്ട് പോകണമെന്ന് എനിക്ക് അറിയില്ല എങ്കിലും നിങ്ങളോടൊപ്പമുള്ള ജീവിതത്തിന് എനിക്ക് താത്പര്യമില്ല. ആഭിജാത്യമുള്ള ഒരു പെണ്ണായി പിറന്നുപൊയി ഞാൻ എന്ന് പറഞ്ഞ് അവൾ നടക്കുവാൻ തുടങ്ങി.

കുറച്ചുകഴിഞ്ഞപ്പോൾ ഹരിദാസിന്റെ കാർ തന്റെ അരികിലൂടെ ചീറിപാഞ്ഞു പോയി. താമരെ...........നിൽക്കൂ നിൽക്കൂ എന്ന് പറഞ്ഞുകൊണ്ട് ഡാനി പുറകെ ഓടിവന്നു. അവൾ ചോദിച്ചു എന്നെ പുറത്തിറക്കിയിട്ട് നിങ്ങൾ എന്താണ് നേടിയത്? ഹരിദാസ് എന്നോട് എല്ലാം പറഞ്ഞു. താമരക്ക് ഇഷ്ടമില്ലങ്കിൽ വേണ്ട. ഉപേക്ഷിക്കുവാനല്ല ഞാൻ താമരയെ പുറത്തിറക്കിയത്. വരൂ സാവകാശം താമര എല്ലാം തീരുമാനിച്ചാൽ മതി. ഞാൻ ഇവിടെ ഈ ദൈവത്തിന്റെ സ്വന്തം നാട്ടിലെത്തിയാൽ ഒരു ഹൗസ്ബോട്ട് വാടകക്ക് എടുക്കും. അവിടെയാണ് ഞാൻ താമസിക്കാറ്. ആത്മാർത്ഥ സ്നേഹത്തിന്റെ ഉരകല്ലിനെ മാറ്റുരക്കുവാൻ അവൾ തുനിഞ്ഞില്ല. മാനവികയുടെ വാക്താവായ ഡാനി എന്ന അതികായനോടൊപ്പം അവൾ നടന്നു നീങ്ങി.

അവൾ ഹൗസ്ബോട്ടിന്റെ വരിയിൽ പിടിച്ചു നിന്നു കണ്ണെത്താ ദൂരത്ത് കടൽ ആകാശവിരിവിലേക്ക് നോക്കിയപ്പോൾ മേഘങ്ങൾ വൈവിധ്യമാർന്ന രൂപം കൊള്ളുന്നു. ഏതോ സന്ദേശം അറിയിക്കുവാൻ പോകുന്ന പോലെ രാക്കിളികൾ ചിറകടിച്ച് പറന്നു പോയി. ഒരായിരം പൗർണ്ണമികളുടെ ചാന്ദ്രസൗന്ദര്യത്തിന്റെ പൂനിലാവ് കായലിന്റെ കുഞ്ഞോള ങ്ങളിൽ പതിക്കുമ്പോൾ അവ കുണുങ്ങി ചിരിക്കുന്നതുപോലെ ഭൂമിയുടെ ഒരോ ഭാവത്തിനും എന്തൊരു അഴകാണ് . ഈ നിശബ്ദസൗന്ദര്യത്തിന്റെ കാണാ കാഴ്ചകൾ കണ്ട് നിന്നപ്പോൾ രാവേറെ ചെന്നത് അവൾ അറിഞ്ഞതെ ഇല്ല. ഉറങ്ങുന്നില്ലേ എന്നു ചോദിച്ചുകൊണ്ട് ഡാനി തന്റെ കൈയ്യെത്തും ദൂരത്ത് വന്നു നിന്നു ഒന്നും ആലോചിക്കണ്ട.

" Past is History

Future is Mistory

Present is Gift'' എന്നു കരുതണം യഥാർത്ഥത്തിൽ നിങ്ങൾ ആരാണ്? ഞാൻആരുമായികൊള്ളട്ടെ. എന്നെ ഒരു ജലമായി മാത്രം കണ്ടാൽ മതി. ഏത് പാത്രത്തിൽ ഒഴിക്കുന്നുവോ ആ രൂപമായി ഞാൻ മാറികൊള്ളാം. എന്നുവെച്ചാൽ സഹോദരനോ, കൂട്ടുകാരനോ, പ്രണ യിതാവോ, ഭർത്താവോ, ആരായിട്ടാണ് താമരക്ക് തോന്നുന്നത് അത് ഞാൻ ആയികൊള്ളാം താമര സന്തോഷ മായിരിക്കണം എന്നും എപ്പോഴും അതിനു മുകളിൽ മറ്റൊരു ആഗ്രഹവും എനിക്കില്ല. 'ഡാനി എങ്ങനെയാണ് ഇത്ര നന്നായി മലയാളം സംസാരിക്കുന്നത്'? എന്റെ അമ്മക്കും അച്ഛനും ഈ സുന്ദരകേരളത്തെ വലിയ ഇഷ്ടമായിരുന്നു. ഞങ്ങൾ എപ്പോഴും ടൂറിസ്റ്റുകളായി ഇവിടെ എത്താറുണ്ട്. മലയാളഭാഷ പഠിക്കണമെന്ന് എനിക്ക് വളരെ ആഗ്രഹമായിരുന്നു. ഡോക്ടറായ എന്റെ അച്ഛനോടൊപ്പം ജോലി ചെയ്തിരുന്ന ഡോക്ടർ ശേഖരമേനോനാണ് എന്നെ മലയാളം പഠിപ്പിച്ചത്. മലയാളം പഠിക്കുവാനുള്ള എന്റെ അഭിനിവേശം അദ്ദേഹത്തെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. പല ഭാഷകളും ഞാൻ പഠിച്ചിട്ടുണ്ട് . എന്നിരുന്നാലും എന്റെ പ്രിയപ്പെട്ട ഭാഷ മലയാളമാണ് ആദ്യത്തെ മലയാളനിഘണ്ടു എഴുതിയ "Herman Gundert" ന്റെ വംശ പരമ്പരയിൽ ജനിച്ചവനാണ് ഞാൻ.

സത്യത്തിൽ നിങ്ങളെ എനിക്ക് മനസ്സിലാവുന്നില്ല. എന്നിലെ എന്താണ് നിങ്ങളെ ആകർഷിച്ചത്. എന്റെ സൗന്ദര്യം തന്നെയാണോ? സൗന്ദര്യം ഒരു ആവരണം മാത്രമല്ലേ . അത് ഒന്നിനും ഒരു മാനദണ്ഡമല്ല അതിനുള്ളിലെ മനസ്സിനല്ലേ ഏഴഴക് വേണ്ടത്. താമരയെക്കാൾ ഭംഗിയുള്ള ഒരുപാട് സ്ത്രികളെ ഞാൻ കണ്ടിട്ടുണ്ട് പക്ഷെ അവർക്കാർക്കും താമരയുടെതുപോലെ വശ്യതയാർന്ന ഈ മുഖം ഇല്ലായിരുന്നു. ഒരു യോഗ്യതയുമില്ലാത്ത കുറവുകൾ ഏറെയുള്ള എന്നെ എന്തിനാ ഇങ്ങനെ ഇഷ്ടപ്പെടുന്നത്?

Love has no reasons....

It always happens...... സ്വപ്നങ്ങൾ കാണാത്തവരായി ആരും തന്നെയില്ല. എനിക്കുമുണ്ട് എന്റെ പെണ്ണിനെ പറ്റിയുള്ള സ്വപ്നങ്ങൾ എന്റെ ഓരോ ചലനത്തിന്റെയും അർത്ഥം മനസ്സിലാക്കുന്ന, എന്റെ കൊച്ചുകൊച്ചു വികൃതികൾ പൊറുക്കുന്ന എന്നിലെ നൻമകളെ തിരിച്ചറിയുന്ന എന്റെ ആത്മാർത്ഥസ്നേഹത്തിന്റെ വ്യാപ്തി സ്വംശീകരിക്കുന്ന എന്റെ പരിമിതികൾ ഉൾകൊള്ളുന്ന, പുണർന്നാൽ പിടയാത്ത, എന്റെ നെഞ്ചിലെ ചൂടേറ്റ് ഉറങ്ങുന്ന എന്റെ രക്തത്തിലെ ഒരോ അണുവിലും നിറഞ്ഞു നിൽക്കുന്ന ഒരു പെണ്ണ്. പണ്ട് കഥകളിൽ വായിച്ചിട്ടുള്ള കാവും, കുളവും വയലും മുക്കുറ്റിപൂക്കളും ഒക്കെയുള്ള ഗ്രാമത്തിൽ സ്നേഹിക്കുന്ന ഒരു ചാത്തനും ചിരുതയും പോലെ ഒന്നു സങ്കൽപിച്ച് നോക്കു എന്ത് രസമാണ്ല്ലേ.

അവൾ പറഞ്ഞു ദൈവം പണവും പ്രതാപവും അംഗീകാരവുമെല്ലാം പലർക്കും പലവിധത്തിലും നൽകും പക്ഷെ ദൈവത്തിന്റെ മനസ്സുണ്ടല്ലോ അത് പതിനായിരത്തിൽ ഒരാൾക്ക് മാത്രമെ നൽകുകയുള്ളു വത്രെ. ആ ഒരു നല്ല മനസ്സാണ് ദൈവം നിങ്ങൾക്ക് നൽകിയിരിക്കുന്നത്. മരണത്തിന്റെ കാലൊച്ചക്കായി കാതോർത്തിരുന്ന എന്റെ അടുത്ത കാതങ്ങൾ കട ന്നു വന്നത് ഒരു രക്ഷകന്റെ കാലൊച്ചയായിരുന്നു ഒന്നും പ്രതീക്ഷിയ്ക്കാത്ത ഈ സ്നേഹത്തിന് മു ന്നിൽ ഞാൻ തോറ്റു പോകുകയാണ്. ഡാനി.......... നിങ്ങളെ ഞാൻ ഇഷ്ടപ്പെടുവാൻ തുടങ്ങിയിരിക്കുന്നു. സത്യത്തിൽ നിങ്ങൾ തന്നെയാണ് ദൈവം. ഞാൻ ആ പാദങ്ങളിൽ ഒന്നുതൊട്ടോട്ടെ എന്നുപറഞ്ഞ് അവൾ പാദങ്ങളിൽ സ്പർശിച്ചു ആ നിമിഷം ഡാ നി അവളെ പിടിച്ച് എഴുന്നേൽപ്പിച്ചു അപ്പോൾ സൂ ര്യതേജസ്സാർന്ന ആ മുഖത്ത് ഒരു രാഗാർദ്ര ഭാവമാ യിരുന്നു. വെള്ളാരം കണ്ണുകൾ വജ്രത്തെപൊലെ വെട്ടിതിളങ്ങി. ഡാനി തന്റെ നീളമുള്ള സ്വർണ്ണമാല തന്റെ കഴുത്തിലൂടെയും ഇട്ടപ്പോൾ താൻ വിരിമാറിൽ ഒട്ടികിടക്കുന്ന പൂണൂലായി മാറി ദൃഢ ആകാരത്തിൽ ചേർന്നുനിന്നു സാരൂപ്യപ്രാപ്തിയിടെ ധന്യനിമിഷ ത്തിൽ നവയൗവ്വനത്തിന്റെ മുഗ്ദ്ധാനുരാഗം കണ്ട് ഈരേഴുലോകവും ഹർഷപുളകുതയായി നോക്കി നിന്നപ്പോൾ നനുവാർന്ന മഞ്ഞുതുള്ളികൾ ഇറ്റ് ഇറ്റ് വീണ അവർക്കപ്പോൾ ആശംസകൾ അർപ്പിക്കുക യായിരുന്നു. വഴിത്താരകളിൽ കണ്ണുനീർ നിറഞ്ഞപ്പോ ഴും നല്ല കാലത്തിന്റെ പ്രണയവർണ്ണങ്ങൾ വിരിഞ്ഞു തുടങ്ങി യിരിക്കുന്നു.പ്രസാദാത്മകതയുടെ നിറവിൽ അവർ മന്ത്രിക്കുന്നുണ്ടായിരുന്നു ഈ സ്വർണ്ണ നൂലി ന്റെബന്ധനത്താൽ കല്പാന്ത കാലത്തോളം നമ്മൾ ഒന്നാകുമെന്ന്●

(അവസാനിച്ചു)

# വിശേഷ ദിവസങ്ങൾ

## 2017 ഫെബ്രുവരി 15 മുതൽ മാർച്ച് 14 വരെ

| | | |
|---|---|---|
| ഫെബ്രുവരി | 16 | വളഞ്ഞമ്പലം ക്ഷേത്രത്തിൽ ആറാട്ട്<br>തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിൽ പറയുത്സവം, കൊടിയേറ്റ് |
| | 24 | ശിവരാത്രി, തൃപ്പൂണിത്തുറ പറയുത്സവം ആറാട്ട് |
| | 25 | മന്നം ചരമദിനം |
| | 26 | കരയോഗം ശ്രീമദ്ഭാഗവത സപ്താഹയജ്ഞം ആരംഭം, ഏറ്റുമാനൂർ കൊടിയേറ്റ് |
| | 28 | ഉത്രാളിക്കാവ് പൂരം, ശ്രീകൃഷ്ണ ജയന്തി, തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിൽ കൊടിയേറ്റ്, പാഴൂർ പെരുംതൃക്കോവിൽ ക്ഷേത്രത്തിൽ കൊടിയേറ്റ് |
| മാർച്ച് | 2 | പൂന്താനദിനം |
| | 3 | കുംഭഭരണി |
| | 5 | ചോറ്റാനിക്കര കൊടിയേറ്റ്, കരയോഗം ശ്രീമദ്ഭാഗവത സപ്താഹയജ്ഞം സമാപനം |
| | 7 | ഏറ്റുമാനൂർ ആറാട്ട് |
| | 8 | വനിതാദിനം, തിരുനാവായ ഏകാദശി, മരട് കൊട്ടാരം ക്ഷേത്രത്തിൽ താലപ്പൊലി, വടക്കേ ചേരുവാരം വെടിക്കെട്ട്, ഗുരുവായൂർ കൊടിയേറ്റ് |
| | 9 | മരട് കൊട്ടാരം ക്ഷേത്രത്തിൽ താലപ്പൊലി, തെക്കേ ചേരുവാരം വെടിക്കെട്ട്, തിരുവല്ല വല്ലഭക്ഷേത്രത്തിൽ ആറാട്ട് |
| | 11 | ആറ്റുകാൽ പൊങ്കാല, ചോറ്റാനിക്കര മകം |
| | 12 | ചോറ്റാനിക്കര ആറാട്ട് |
| | 13 | തൃപ്പൂണിത്തുറ ഉത്രം തിരുനാൾ ഉത്സവം, ഹോളി |

# ബുധൻ : സൂര്യന്റെ അടുപ്പക്കാരൻ



**സി. രാമചന്ദ്രൻ**

സൗരയൂഥത്തിലെ അഷ്ടഗ്രഹങ്ങളിൽ സൂര്യനോട് ഏറ്റവും അടുത്തു സ്ഥിതിചെയ്യുന്ന ഗ്രഹമാണ് ബുധൻ. ബുധനും ശുക്രനും സൂര്യന്റെയും ഭൂമിയുടെയും ഇടയിൽ സ്ഥിതിചെയ്യുന്നവയാണ്. അതുകൊണ്ട് ഈ രണ്ടു ഗ്രഹങ്ങളേയും രാത്രിയുടെ മധ്യയാമങ്ങളിൽ കാണുവാൻ കഴിയില്ല. ഒന്നുകിൽ സൂര്യോദയത്തിന് മുൻപ് അല്ലെങ്കിൽ അസ്തമനശേഷം കുറച്ചു സമയത്തേക്കു മാത്രം. രാവിലെയും വൈകുന്നേരവും കാണപ്പെടുന്നത് ഒരു ഗ്രഹം തന്നെയാണെന്ന് തിരിച്ചറിയാതിരുന്ന യവനന്മാർ ഇതിന് ഹെർമസ് എന്നും അപ്പോളോ എന്നും രണ്ടു പേരുകൾ നൽകി.

ബുധനെ എന്തുകൊണ്ട് രാത്രിയിൽ കാണാൻ കഴിയുന്നില്ല എന്ന ചോദ്യമാണ് കോപ്പർനിക്കസ്സിനെ സൂര്യനാണ് പ്രപഞ്ചകേന്ദ്രത്തിൽ എന്ന നിഗമനത്തിലേക്കും സൂര്യൻ ഒരു ഗ്രഹമല്ല എന്ന അറിവിലേക്കും ഭൂമി ഒരു ഗ്രഹമാണെന്ന യാഥാർത്ഥ്യത്തിലേക്കും എത്തിച്ചത്. എട്ടു ഗ്രഹങ്ങളിൽ വെച്ച് ഏറ്റവും ചെറിയ ഗ്രഹവും ബുധനാണ്. സൂര്യനോടടുത്തു സ്ഥിതിചെയ്യുന്ന ബുധൻ, ശുക്രൻ,ഭൂമി ചൊവ്വ എന്നീ നാലുഗ്രഹങ്ങളും തറ ഉറപ്പുള്ളതാണ്. ഏതാണ്ട് ചന്ദ്രന്റേതുപോലുള്ള ഉപരിതലമാണ് ബുധന്റേത് എന്നാൽ ചന്ദ്രനിലുള്ളതുപോലെ ആഴത്തിലുള്ള കുഴികളും പൊക്കമുള്ള കുന്നുകളുമില്ല. ഉല്ക്കാപാതം മൂലമുണ്ടായതാണ് കുഴികൾ. അന്തരീക്ഷമില്ലാത്തതുമൂലമാണ് ഉൽക്കകൾ കത്തിനശിക്കാതെ പ്രതലത്തിൽ വീഴുന്നത്. ഭൂമിയിലേക്ക് പതിക്കുന്ന ഉൽക്കകൾ അന്തരീക്ഷവുമായി ഉരസുമ്പോഴുണ്ടാകുന്ന ഘർഷണം മൂലം കത്തിപോകുന്നതുകൊണ്ടാണ് ഭൂമിയും അതിലെ ജീവജാലങ്ങളും സുരക്ഷിതമായിട്ടിരിക്കുന്നത്.

സൂര്യനിൽ നിന്ന് ബുധനിലേയ്ക്കുള്ള ദൂരം 6 കോടി കിലോമീറ്ററാണ് തൊട്ടടുത്ത ശുക്രനിലേക്ക് 11കോടിയും തുടർന്ന് ഭൂമിയിലേയ്ക്ക് 15 കോടി കിലോമീറ്ററുമാണ് . ഏറ്റവും കുറഞ്ഞ സമയം കൊണ്ട് സൂര്യനെ പ്രദക്ഷിണം ചെയ്യുന്ന ഗ്രഹം ബുധനാണ്. അതിന് 88 ദിവസങ്ങൾ മതി അച്ചുതണ്ടിൽ സ്വയം തിരിയുവാനും 59 ദിവസം വേണം അതായത് 29 1/2 ദിവസം നീളുന്ന പകലും രാത്രിയും അതുകൊണ്ട് പകലുകളിൽ ഉഗ്രതാപവും രാത്രികളിൽ അതിശൈത്യവും അനുഭവപ്പെടും. സൂര്യനെ ചുറ്റുന്ന പഥത്തിന് ഭൂമിയെ അപേക്ഷിച്ച് ദൈർഘ്യത കൂടുതലായതിനാൽ ബുധനിൽ നിന്നു നോക്കുന്നതായി സങ്കൽപിച്ചാൽ ചില കാലങ്ങളിൽ സൂര്യൻ വലുതായും മറ്റു കാലങ്ങളിൽ ചെറുതായും തോന്നും. 1974 ൽ ത്തനെ നാസയുടെ മാരിനർ10 എന്ന ഗവേഷണ പേടകം ബുധന്റെ സമീപത്തെത്തി ചിത്രങ്ങളെടുത്തിട്ടുണ്ട്. 2008 ൽ മെസഞ്ചർ എന്ന മറ്റൊരു ഉപഗ്രഹം ബുധന്റെ ഉപരിതലത്തിന്റെ 30 ശതമാനം ഭാഗം ചിത്രീകരിച്ചു.2009 ൽ ബുധനിലേക്ക് മറ്റൊരു വിക്ഷേപണം നടത്തി കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയുണ്ടായിട്ടുണ്ട്.

ബുധന് കാന്തിക വലയമുള്ളതുകൊണ്ട് അതിന്റെ ഉൾക്കാമ്പിൽ ഇരുമ്പ് ഉണ്ട് എന്ന് അനുമാനിക്കുന്നു എന്നാൽ കാന്തികവലയത്തുന്റെ ശക്തി ഭൂമിയുടേതിന്റെ വളരെ ചെറിയ അംശമേ വരൂ. ബുധന്റെ ഭ്രമണ പഥത്തിന് ഓരോ ഭ്രമണം കഴിയുമ്പോഴും ചെറിയതെങ്കിലും ഒരു സ്ഥാനവ്യതിയാനം സംഭവിക്കുന്നുണ്ട്. നൂറു വർഷം കൂടുമ്പോൾ അതിന്റെ സ്ഥാനത്തിന് 43 ആർക സെക്കന്റ് സ്ഥാനവ്യതിയാനമുണ്ടാകും( ഒരു ആർക്ക് സെക്കന്റ് എന്നാൽ ഒരു ഡിഗ്രിയുടെ 3600 ൽ ഒരംശമാണ്) ഇത് ന്യൂട്ടന്റെയും കെപ്ലറുടെയും ഭ്രമണ നിയമങ്ങൾക്കനുസരണമല്ലാത്തതിനാൽ ശാസ്ത്രജ്ഞന്മാരെ കുഴക്കിയിരുന്നു. ആൽബർട്ട് ഐൻസ്റ്റൈൻ ആപേക്ഷിതസിദ്ധാന്തത്തിലെ ഗുരുത്വം സ്ഥലകാലത്തെ വളയ്ക്കും എന്ന വകുപ്പ് കണ്ടെത്തിയ ശേഷമാണ് ശാസ്ത്രലോകത്തിന് ഈ പ്രതിഭാസം വിശദീകരിക്കുവാനായത്. സൂര്യനോടടുത്തു നിൽക്കയാൽ അതിന്റെ വലിവ് ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ബുധനാണ്. അതുമായി പൊരുത്തപ്പെട്ട് സ്ഥലകാല സംബന്ധമായ സമതുലിതത നിലനിറുത്തുവാനുള്ള ബുധന്റെ തത്രപ്പാടാണ് ഇവിടെ കാണുന്നത്. മറ്റുഗ്രഹങ്ങൾ

കൂടുതൽ അകലങ്ങളിലാകയാൽ ഈ പ്രതിഭാസം നിസ്സാരമായേ അനുഭവപ്പെടൂ.

ഭാവനാവൈഭവവും ഗണിതപരമായ നിർദ്ധാരണശേഷിയുമായിരുന്നു ഐൻസ്റ്റൈന്റെ മാഹാത്മ്യം. ഗുരുത്വം പ്രകാശത്തെ വളക്കും എന്ന അദ്ദേഹത്തിന്റെ കണ്ടെത്തൽ സമകാലീനരായ ഉന്നത ശാസ്ത്രജ്ഞന്മാർ പോലും വിശ്വസിച്ചില്ല. പിന്നിടാണ് അത് പരീക്ഷണത്തിലൂടെ തെളിയിക്കപ്പെട്ടത്. പ്രപഞ്ചം വികസിക്കുന്നു എന്ന് അദ്ദേഹം ഗണിതപരമായി നിർദ്ധാരണം ചെയ്തത്. അദ്ദേഹം തന്നെ സ്വയം വിശ്വസിച്ചില്ല. കണക്കുപിശകിയെന്നാണ് ധരിച്ചത്. പിന്നിടാണ് ഡോപ്ലർ പ്രഭാവത്തിലൂടെ പ്രപഞ്ചം വികസിക്കുകയാണെന്നും ഗാലക്സികൾ അകന്നു പോകുകയാണെന്നും എഡ്വിൻ ഹബിൾ എന്ന ശാസ്ത്രജ്ഞൻ കണ്ടെത്തിയത് ഐൻസ്റ്റൈനും തന്റെ കണ്ടെത്തൽ ശരിയെന്നു ബോധ്യപ്പെട്ടതപ്പോഴാണ്.

ബുധന് അന്തരീക്ഷമില്ലാത്തതിനാൽ ഹരിതഗൃഹപ്രഭാവമില്ല. സൂര്യനിൽ നിന്നുവരുന്ന താപം പിടിച്ചുവെയ്ക്കുന്നില്ല. എന്നാൽ ശുക്രൻ സൂര്യനിൽ നിന്ന് അകലെയാണെങ്കിലും അന്തരീക്ഷമുള്ളതിനാൽ ചൂട് പിടിച്ചുവയ്ക്കുകയും ഉപരിതലതാപം ബുധന്റേതിനെ കുറച്ചു വെയ്ക്കുകയും ചെയ്യുന്നു.

പ്ലൂട്ടോക്ക് ഗ്രഹപദവി നഷ്ടപ്പെട്ടതോടെയാണ് ബുധൻ സൗരയൂഥത്തിലെ ഏറ്റവും ചെറിയ ഗ്രഹമായത്. ക്രിസ്തുവിന് ആയിരം കൊല്ലം മുമ്പു മുതൽ തന്നെ ബുധനെ ഒരു ഗ്രഹമെന്നനിലയിൽ തിരിച്ചറിഞ്ഞിരുന്നു. റോമാക്കാരാണ് ഇതിനെ അവരുടെ ഒരു ദൈവത്തിന്റെ പേരായ മെർക്കുറി എന്ന് വിളിച്ചത്. ബാബിലോണിയക്കാർ നബു എന്നും ചൈനക്കാർ ചെൻഷിങ്ങ് എന്നും ഇതിനെ അറിഞ്ഞിരുന്നു. ഭാരതീയർക്ക് ഇതു ബുധൻ. ഭൂമിയുടെ പരിക്രമണതലവുമായി ബുധന്റേതിന് ഏഴുഡിഗ്രി വ്യത്യാസമുണ്ട്. എന്നാൽ ഭൂമിക്ക് അച്ചുതണ്ടിൽ 23ഡിഗ്രി ചരിവുള്ളതുപോലെ ബുധന് ഒട്ടും തന്നെ ചരിവില്ല. ബുധനും ശുക്രനും ഉപഗ്രഹങ്ങളില്ല.ബുധന്റെ അകക്കാമ്പിൽ സമൃദ്ധമായി ഇരുമ്പു ഉണ്ട്. അതു ഉരുകിയ അവസ്ഥയിലും ഉറച്ച അവസ്ഥയിലുമുണ്ട്. അതുകൊണ്ട് ബുധന്റെ സാന്ദ്രത മൊത്തത്തിൽ കൂടുതലാണ്. അതു 5.4ഴ/രര ആണ്. താപനില രാത്രിയിൽ 180ര ഉം പകൽ 470 വരെയുമാണ്. ഭൂമിയെപ്പോലെ വിവിധതരം ശിലകളാൽ ആവൃതമാണ് ഉപരിതലം, അതുകൊണ്ട് കൂടിയാണ് ഇതിനെ ഭൗമഗ്രഹങ്ങളുടെ പട്ടികയിൽ പെടുത്തിയിരിക്കുന്നത്. ബുധന്റെ വ്യാസം 5000 കീ. മീറ്ററിലധികമില്ല. വ്യാഴത്തിന്റെ ഉപഗ്രഹമായ ഗാനിമേഡ്, ടൈറ്റൻ തുടങ്ങിയവ പോലും ബുധനേക്കാൾ വലുതാണ്. പക്ഷെ സാന്ദ്രത കൂടുതലാകയാൽ ദ്രവ്യമാനം കൂടുതലാണ്. 70% ലോഹധാതുക്കളും 30% സിലിക്കേറ്റ് ധാതുക്കളും അടങ്ങിയിരിക്കുന്നു. ബുധന് അകക്കാമ്പ് ബഹിരാവരണം പുറന്തോട് എന്നിങ്ങനെ മുന്നു ഭാഗങ്ങളുണ്ട് . ഇരുമ്പ് സമ്പുഷ്ടമായ അകക്കാമ്പിന് 3500കി.മീറ്റർ വ്യാസമുണ്ട്. 600 കി.മീറ്റർ ബഹിരാവരണവും100 കി.മീറ്റർ ബാഹ്യാവരണവുമാണ്. കുന്നുകളും കുഴികളും ഇല്ലെങ്കിലും ഞൊറികളുള്ള നീണ്ട തിട്ടകൾ ബുധോപരിതലത്തിലുണ്ട്. മരിനർവിക്ഷേപണവും ഭൂമിയിൽ നിന്ന് വലിയ ടെലസ്കോപ്പുകളിലൂടെയുള്ള നിരീക്ഷണവുമാണ് ബുധനെ സംബന്ധിച്ച വിവരങ്ങളെ സമ്പുഷ്ടമാക്കിയത്. കാറിന്റെ ചില്ലിന് ഏറുകൊണ്ടാൽ ചിന്നൽ വീഴുമ്പോൾ ചിലന്തിവലയുടെതുപോലെയുണ്ടാകുന്ന മാതൃക ബുധന്റെ ഉപരിതലത്തിലുള്ളതും മെസഞ്ചർ പേടകം എടുത്തയച്ച ചിത്രങ്ങളിലുണ്ട്.

ഉയർന്ന താപനിലയും കുറഞ്ഞ ഗുരുത്വവും കാരണമാണ് ബുധന് അന്തരീക്ഷമില്ലാത്തത് അന്തരീക്ഷമില്ലാത്തതിനാൽ സൗരവാതം ഉൽക്കാവർഷം എന്നിവക്ക് നിരന്തരം വിധേയമാണ്. ബുധന്റെ ഉപരിതലം അന്തരീക്ഷമില്ല എങ്കിലും ഉപരിതലത്തിനോട് ചേർന്ന് ഒരു നേരിയ ബാഹ്യമണ്ഡലം ഇതിനുണ്ട്. ഹൈഡ്രജൻ, ഹീലിയം, ഒക്സിജൻ ജലബാഷ്പം തുടങ്ങിയവയാണ് ഇതിലടങ്ങിയിരിക്കുന്നത് സൗരക്കാറ്റിൽ നിന്നും ബുധൻ ആകർഷിച്ചെടുക്കുന്നതാണ് ഇതത്രേ.

ഗലീലിയോ ആണ് ആദ്യമായി ബുധനെ ടെലസ്ക്കോപ്പിലൂടെ നിരീക്ഷിക്കുന്നത്. എന്നാൽ തികച്ചും പ്രാകൃതമായ(എന്നാൽ അന്ന് ഏറ്റവും പരിഷ്കൃതം) അതിലൂടെ ബുധനെക്കുറിച്ചുള്ള വിവരം വളരെ കുറച്ചുമാത്രമേ ലഭിച്ചുള്ളൂ. ബുധന്റെ വൃദ്ധി വൃദ്ധിക്ഷയങ്ങൾ അദ്ദേഹം തിരിച്ചറിഞ്ഞില്ല.എന്നാൽ ശുക്രന്റേത് അദ്ദേഹം തിരിച്ചറിയുകയും ചെയ്തു. ബുധൻ സൂര്യബിംബത്തിന് കുറുകേ സഞ്ചരിക്കുന്ന ബുധസംതരണം (ട്രാൻസിറ്റ് ഓഫ് മെർക്കുറി) ആദ്യമായി നീരിക്ഷിച്ചത് 1631ൽ പിയറി ഗാസെൻഡി എന്ന ഫ്രഞ്ച് ദാർശനിക ശാസ്ത്രജ്ഞനാണ്.

പഴയ ജ്യോതിഷത്തിൽ ചൊവ്വക്ക് താഴെ സൂര്യൻ സൂര്യനു താഴെ ബുധൻ എന്നാണ് കണക്ക്. ബുധൻ ശുഭയോഗമുള്ള ഗ്രഹമാണത്രേ എന്നാൽ പാപഗ്രഹവുമായി ചേർന്നുനിന്നാൽ പാപനായിമാ

റുകയും ചെയ്യും. ബുധൻ ഒരുനപുംസക ഗ്രഹമാണെന്നാണ് ജോതിഷി വിശദികരിക്കുന്നത്. ഇതെല്ലാം ഇരുപത്തിഒന്നാം നൂറ്റാണ്ടിന്റെ വിജ്ഞാനപശ്ചാത്തലത്തിലും പ്രസക്തമാണോ എന്ന് സ്വയം ആലോചിച്ചു നോക്കേണ്ടതാണ്.

**ബുധൻ അടിസ്ഥാനവിവരങ്ങൾ**

| | | |
|---|---|---|
| സൂര്യനിൽനിന്നുള്ള ശരാശരി ദൂരം | ః | 5.8 കോടി കി.മീറ്റർ |
| പരിക്രമണകാലം | ః | 88 ദിവസം |
| ഭ്രമണകാലം | ః | 58.6 ദിവസം |
| പരിക്രമണവേഗം | ః | 48 കി മീ /സെക്കന്റ് |
| താപനില | ః | പകൽ 700k, രാത്രി 100k (K കെൽവിൻ) |
| വ്യാസം | ః | 4900 കി.മീ. |
| സാന്ദ്രത | ః | 5.4 g/c-c● |

# ഹെൽത്ത് ടിപ്സ്
# (Health Tips)



**ഡോ.പാർവ്വതി കെ.എസ്**

ആരോഗ്യമുള്ള ശരീരത്തിന് പോഷകങ്ങളും വിറ്റാമിനുകളും എല്ലാം അടങ്ങിയ ഭക്ഷണം ആവശ്യമാണ്. നമ്മുടെ വീട്ടു മുറ്റത്തു തന്നെ നട്ടു വളർത്തുവാൻ പറ്റിയ ഒരു ചെടിയാണ് പപ്പായ.

പപ്പായ പച്ചയോടെയായാലും പഴുത്ത രൂപത്തിലായാലും നല്ലതു തന്നെ. വളരെയധികം പോഷകങ്ങളടങ്ങിയ ഒരു പഴ വർഗ്ഗമാണ് പപ്പായ. പച്ച പപ്പായയിൽ പപെയ്ൻ എന്ന എൻസൈം (enzyme) അടങ്ങിയിരുന്നു ഇതു പ്രോട്ടീനുകളെ വിഘടിപ്പിക്കുന്നു. ദഹനം സുഗമമാക്കുകയും അതു വഴി വിശപ്പുണ്ടാക്കുകയും ചെയ്യുന്നു. പച്ച പപ്പായ കൃമിശല്യത്തിന് ഉത്തമമാണ്.

പഴുത്ത പപ്പായയിൽ വിറ്റാമിൻ സി, എ എന്നിവ ധാരാളം അടങ്ങിയിട്ടുണ്ട് . കൊളസ്ട്രോൾ രക്തകുഴലിൽ അടിയുന്നത് തടയാൻ സഹായിക്കുന്നു അതു വഴി ഹാർട്ട് അറ്റാക്കിനെ തടയുന്നു. ഇവയിൽ ധാരാളം നാരുകൾ അടങ്ങിയിരിക്കുന്നതിനൊപ്പം മഗ്നീഷം,കോപ്പർ,പൊട്ടാസ്യം, വിറ്റാമിൻ കെ എന്നിവയും ധാരാളമായി പപ്പായയിൽ ഉണ്ട്.

ചില ഭക്ഷണങ്ങൾ സമയം തെറ്റി കഴിക്കുന്നത് ഗുണത്തെക്കാളേറേ ദോഷം ചെയ്യുന്നു. ആരോഗ്യത്തിന് ഉത്തമമാണ് തൈര്. എന്നാൽ രാത്രി സമയങ്ങളിൽ തൈരും മോരും കഴിക്കുന്നത് പല തരത്തിലുള്ള ദഹന പ്രശ്നങ്ങൾക്കും കാരണമാകും. ഇതു ശരീരത്തിലെ ചൂട് വർദ്ധിപ്പിക്കുന്നതോടൊപ്പം അസിഡിറ്റിക്കും കാരണമാകും. ചുമ കഫക്കെട്ട് എന്നിവയ്ക്ക് കാരണമായേക്കാം.

ആരോഗ്യത്തിന് ഉത്തമമാണ് ആപ്പിൾ എന്നാൽ രാത്രി സമയങ്ങളിൽ ആപ്പിൾ കഴിക്കുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും. ആപ്പിളിൽ അടങ്ങിയിരിക്കുന്ന ഓർഗാനിക്ക് ആസിഡ് (Organic Acid) ആമാശയത്തിലെ അമ്ലം ഉയർത്താൻ ഇടയാക്കിയേക്കും.

രാത്രി കിടക്കുന്നതിന് മുൻപ് വാഴപ്പഴം കഴിക്കുന്നത് ശരീരത്തിന് നല്ലതല്ല. ഇത് ചുമ, ജലദോഷം പിന്നെ വയറിലെ പലതരത്തിലുള്ള അസ്വസ്ഥതകൾക്കും കാരണമാകാനിടയുണ്ട് ഇതു മൂലം ഉറക്കം നഷ്ടപ്പെടാനുമിടയാകും●



**വേദാന്ത പഠനക്ലാസ്സ്**

**എറണാകുളം ടിഡിഎം ഹാളിൽ ആചാര്യൻ ശ്രീ കെ.ആർ. നമ്പ്യാരുടെ കീഴിലുള്ള വേദാന്ത പഠനക്ലാസ്സ് എല്ലാ ശനിയാഴ്ചയും രാവിലെ 10.00 മണിക്ക് നടന്നു വരുന്നു.**

***കൂടുതൽ വിവരങ്ങൾക്ക്.***

**ഫോൺ ః 0484 2361160**

# ഉപനിഷത്തുകളിലൂടെ....



എൻ. ഗോപിനാഥൻ നായർ

## നചികേതസ്സും, യമധർമ്മനും

'ഓം സഹനാവവതു,സഹനൗ ഭുനക്തു,
സഹവീര്യം കരവാവഹൈ,
തേജസ്വി നാവധീതമസ്തു,
മാ വിദ്വിഷാവഹൈ,
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

ബ്രഹ്മം നമ്മളെ ഒന്നിച്ച് രക്ഷിക്കട്ടെ; നമ്മളെ ഒന്നച്ച് പോഷിപ്പിക്കട്ടെ; വിദ്യാപ്രാപ്തി കൊണ്ട് നമ്മൾക്ക് ഒന്നിച്ച് തേജസ്സ് സമ്പാദിക്കാൻ ഇടയാകട്ടെ; നമ്മൾ അന്യോന്യം ദ്വേഷിക്കാനിടയാകാതിരിക്കട്ടെ. ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ .

കഠോപനിഷത്തിൽ കാണുന്ന ശാന്തിപാഠമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ദശോപനിഷത്തുകളിലുൾപ്പെട്ട കഠോപനിഷത്ത് സർവ്വധാ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അത്യന്തം ലളിതവും കാവ്യാത്മകവുമായ ഇത് കൃഷ്ണായജുർവേദവുമായി ബന്ധപ്പെട്ടിരിക്കുന്നു.

മരണാനന്തരം ഒരുവന് എന്തു സംഭവിക്കുന്നു എന്ന ചോദ്യമാണ് ഇന്നും മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്നത്. കഠോപനിഷത്ത് ഈ പ്രശ്നത്തിന് ഉത്തരം നൽകി നമ്മെ സഹായിക്കുന്നു.

അരുണ പുത്രനും ഉദ്ദാലകന്റെ വളർത്തു പുത്രനുമായ 'ഗൗതമൻ' 'വിശ്വജിത്ത്' എന്ന ഒരു യാഗം നടത്തുകയാണ്. ഈ യാഗത്തിന് സർവ്വ സ്വത്തും ദാനമാണ് ദക്ഷിണയായി വിധിച്ചിട്ടുള്ളത്. ആദ്യം ഗോക്കളെയാണ് ദാനമായി നൽകിയത്. കറവ വറ്റിയ വയസ്സായി വീണ്ടും പ്രസവിക്കാൻ സാധ്യതയില്ലാത്ത ചാവാലി പശുക്കളെയാണ് ഗൗതമൻ ബ്രാഹ്മണർക്ക് ദാനമായി നൽകിയത്. പുത്രനായ നചികേതസ്സ് വളരെ ശ്രദ്ധയോടെ ഈ ദാന കർമ്മം വീക്ഷിച്ചുകൊണ്ട് യാഗശാലയിൽ നിൽക്കുന്നുണ്ടായിരുന്നു. ആ ബാലൻ ഇപ്രകാരം ചിന്തിച്ചു; ഇമ്മാതിരി പശുക്കളെ ദാനം ചെയ്യുന്നതു മൂലം ബ്രാഹ്മണരുടെ ശാപം വാങ്ങി അച്ഛൻ നരകത്തിലേക്കാണല്ലോ പോവുക. അതിൽ നിന്നും അച്ഛനെ രക്ഷിക്കേണ്ടത് പുത്രനായ എന്റെ കടമയാകുന്നു. ഞാനും അച്ഛന്റെ സ്വത്തിന്റെ ഭാഗമാണ്. അതിനാൽ എന്നേയും ദാനം ചെയ്യേണ്ടതാണല്ലോ.

നചികേതസ്സ് പിതാവിന്റെ സമീപം ചെന്ന് ഇപ്രകാരം ചോദിച്ചു. അച്ഛൻ എന്നെ ആർക്കാണ് ദാനം ചെയ്യുന്നത്? മകന്റെ ചോദ്യം കേട്ടതായി നടിക്കാത്ത ഗൗതമനോട് പുത്രൻ വീണ്ടും വീണ്ടും ചോദ്യം ആവർത്തിച്ചു. ക്രുദ്ധനായ പിതാവ് ഒട്ടും ആലോചിക്കാതെ പറഞ്ഞു, ഞാൻ നിന്നെ കാലനാണ് കൊടുക്കുന്നത്. അടുത്ത നിമിഷം പശ്ചാതാപവിവശനായ മുനി മകനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. ബാലനായ നചികേതസ്സ് ചിന്തിച്ചത് ഇപ്രകാരമാണ്. പുത്രൻമാരിൽ ഉത്തമനായിട്ടാണ് ഞാൻ എന്നെ കരുതുന്നത്. പൂർവികരും ഇന്നുള്ളവരും സത്യസന്ധരും വാക്കു പാലിക്കുന്നവരുമാണ്. അതിനാൽ അച്ഛന്റെ വാക്കു പാലിക്കേണ്ടത് എന്റെ കടമയാണ്. യമധർമ്മ രാജാവിനെ കണ്ട് സ്വയം സമർപ്പിക്കാൻ അദ്ദേഹത്തിന്റെ രാജധാനിയിലേക്ക് നചികേതസ്സ് യാത്രയായി. യമനെ കാണാൻ സാധിക്കാതെ വന്നതിൽ നിരാഹാരം അനുഷ്ഠിച്ച് മൂന്നു ദിവസം അവിടെ കഴിച്ചു കൂട്ടി. നിരാഹാരിയായ ബ്രാഹ്മണ കുമാരന്റെ അവസ്ഥയറിഞ്ഞ് അസ്വസ്ഥനായ യമധർമ്മൻ നചികേതസ്സിനെ സന്തോഷിപ്പിക്കുവാനായി ഇഷ്ടമുള്ള മൂന്നു വരങ്ങൾ ചോദിക്കുവാൻ അനുവദിച്ചു.

രാജൻ! ഒന്നാമത്തെ വരമായി ഞാൻ ആവശ്യപ്പെടുന്നത് ഇതാണ്. എന്റെ അച്ഛൻ എന്നെ തിരിച്ചറിഞ്ഞ് യാതൊരു വിദ്വേഷവുമില്ലാതെ സന്തോഷത്തോടെ സ്വീകരിച്ച് അനുഗ്രഹിച്ച് എന്നോട് സംസാരിക്കണം. അങ്ങിനെ തന്നെ സംഭവിക്കട്ടെയെന്ന് അനുഗ്രഹിച്ച ശേഷം അടുത്ത വരം എന്താണെന്ന് യമൻ ആരാഞ്ഞു.

ധർമ്മരാജാവേ! അങ്ങേക്ക് സ്വർഗ്ഗ പ്രാപ്തിക്കുതകുന്ന അഗ്നിയെപ്പറ്റി അറിയാമല്ലോ? അഗ്നിചയനം ചെയ്യുന്നവർക്ക് അമൃതത്വം ലഭിക്കുന്നു. ആയതിനാൽ അഗ്നി വിജ്ഞാനം രണ്ടാമത്തെ വരമായി ഞാൻ ആവശ്യപ്പെടുന്നു. സകല ചരാചരങ്ങൾക്കും ആശ്രയഭൂതമായ അഗ്നി ബുദ്ധിമാൻമാരുടെ ചിന്തയ്ക്ക് മാത്രം ലഭ്യമായിട്ടുള്ളതാണെന്ന് യമൻ നചികേതസ്സിനോട് പറയുന്നു. തുടർന്ന് ലോകങ്ങളുടെയെല്ലാം ആദിയായ അഗ്നിയെപ്പറ്റിയും അഗ്നിചയനം എന്ന ക്രിയ എങ്ങനെ ചെയ്യണമെന്നും മറ്റുമുള്ള എല്ലാ അറിവുകളും വിശദീകരിച്ചു കൊടുത്തു. എല്ലാം വി

ശദമായി കേട്ടറിഞ്ഞ് മനസ്സിലാക്കിയ നചികേതസ്സ് സന്തുഷ്ഠനായി തീർന്നു. യമധർമ്മൻ തുടർന്നു, ഹേ,നചികേതസ്സേ , രണ്ടാമത്തെ വരത്താൽ നിനക്കു ലഭിച്ച അഗ്നി വിജ്ഞാനം ഇനി മുതൽ നിന്റെ പേരിലാണ് അറിയപ്പെടുക. അടുത്തതായി നിന്റെ മൂന്നാമത്തെ വരം. എന്താണെന്ന് പറഞ്ഞാലും.

നചികേതസ്സ് പറഞ്ഞു, മനുഷ്യന്റെ മരണശേഷം ശരീരം നശിച്ചാലും പിന്നേയും എന്തോ ഒന്ന് അവശേഷിക്കുന്നുണ്ടെന്നും, ഇല്ലെന്നും രണ്ട് അഭിപ്രായമുണ്ട്. ഇതിലേതാണ് സത്യം. ഈ സംശയത്തിന് പരിഹാരം ഉണ്ടാക്കി തരണമെന്നതാണ് എന്റെ മൂന്നാമത്തെ വരം.

യമൻ പറഞ്ഞ, നചികേതസ്സേ , പകരമായി നിനക്ക് മറ്റൊരു വരം ചോദിക്കാം, കാരണം ഈ വിശ്വം എളുപ്പത്തിൽ മനസ്സിലാക്കാൻ സാധ്യമല്ലാത്തതാണ്. ദേവൻമാർക്കു പോലും സംശയത്തിന് ഇടം കൊടുത്തിട്ടുള്ളതാണ്, ഈ കാര്യം. അതിനാൽ നീ എന്നെ നിർബന്ധിക്കാതിരിക്കണം.

രാജൻ, ഈ വിഷയം മനസ്സിലാക്കുവാനുള്ള അവസരം പിന്നീടൊരിക്കലും എനിക്ക് ലഭിച്ചുവെന്ന് വരികയില്ല. മാത്രമല്ല ഇതിനു തുല്യമായ വേറൊരു വരവും ഞാൻ കാണുന്നില്ല. നചികേതസ്സിന്റെ ഈ മറുപടി യമധർമ്മനെ അല്പസമയം ചിന്താവിഷ്ടനാക്കി. അദ്ദേഹം തുടർന്ന് പറഞ്ഞു, നൂറ് വർഷം ആയുസ്സുള്ള പുത്ര പൗത്രൻമാരേയും, പശുക്കൾ, ആനകൾ, കുതിരകൾ, സ്വർണ്ണം, ഒരു വലിയ സാമ്രാജ്യം ഇവയെല്ലാം പകരം വരമായി നിനക്ക് ആവശ്യപ്പെടാം. സാധാരണ നിലയിൽ മനുഷ്യലോകത്ത് ലഭിക്കാൻ സാധ്യമല്ലാത്ത എന്തും നിനക്ക് ആവശ്യപ്പെടാം. മരണത്തെപ്പറ്റി മാത്രം എന്നോട് ചോദിക്കാതിരിക്കുക.

നചികേതസ്സ് മറുപടിയായി പറഞ്ഞു, ധർമ്മരാജാവേ, അങ്ങ് തരാമെന്നു പറഞ്ഞ സുഖസമ്മാനങ്ങളെല്ലാം ക്ഷണികമാണ്, നശ്വരമാണ്, ഇന്ദ്രിയബലം നശിപ്പിക്കാനേ അവയെല്ലാം ഉപകരിക്കൂ. അതുകൊണ്ട് അവയെല്ലാം അങ്ങ് തന്നെ വച്ചുകൊള്ളുക. എനിക്ക് ആയുസ്സിനും ധനത്തിനും, ഉപരിയായി ആത്മജ്ഞാനമാണാവശ്യം. മനുഷ്യ ജീവിതത്തിൽ മഹത്തായ ഫലം നൽകുന്ന പരലോക വിദ്യയെപ്പറ്റിയുള്ള സംശയങ്ങൾ തീർക്കുന്നതരത്തിലുള്ള ആത്മജ്ഞാനം എനിക്ക് ഉപദേശിച്ചു തന്നാലും. മറ്റൊന്നും ഈ നചികേതസ്സിന് ആവശ്യമില്ല.

സന്തുഷ്ടനായ യമൻ പറഞ്ഞു , ഏറെ പ്രലോഭിപ്പിച്ചിട്ടും നീ അവയെല്ലാം ക്ഷണികവും, നശ്വരവും, നിസ്സാരമെന്നും പറഞ്ഞ് തള്ളിക്കളഞ്ഞു. മിക്ക ജനങ്ങളും ആസക്തരായിത്തീരുന്ന ഇന്ദ്രിയ സുഖാദികളെ നീ കൈക്കൊണ്ടില്ല.

നചികേതസ്സിന്റെ മനോബലത്തിൽ ആകർഷ്ടനായ യമധർമ്മൻ ജീവിതത്തേയും മരണത്തേയും പറ്റിയുള്ള ഗഹനങ്ങളായ പാഠങ്ങൾ ബാലനായ നചികേതസ്സിനെ പഠിപ്പിക്കുന്നു.

ഒരു മനുഷ്യൻ ചൈതന്യ സ്വരൂപമായ ജീവനവും, ജഡമായ ശരീരവും ചേർന്നതാണ്. മരണം സംഭവിക്കുമ്പോൾ ശരീരം നശിക്കുന്നു. പക്ഷേ ജീവൻ അഥവാ ജീവാത്മാവ് നിലനിൽക്കുന്നു. സാധനകൾ അനുഷ്ഠിച്ച്, അജ്ഞാനം നശിപ്പിച്ച് സ്വരുപജ്ഞാനം ഉണ്ടാകുമ്പോൾ ജീവാത്മാവ് പരമാത്മ ഭാവത്തെ പ്രാപിക്കുന്നു. അല്ലാത്ത പക്ഷം, ജീവൻ വീണ്ടും ഒരു ശരീരം സ്വീകരിച്ച് പുനർ ജനിക്കുന്നു. സദാചാര നിരതവും ധർമ്മത്തിലധിഷ്ഠിതവുമായ ജീവിതം നയിക്കുന്ന ഒരുവന് മരണാനര ജീവിതത്തെപ്പറ്റി ആശങ്കപ്പെടേണ്ടതില്ല.

ധർമ്മരാജാവിന്റെ ബ്രഹ്മ വിദ്യയെപ്പറ്റിയുള്ള മഹത്തായ ഉപദേശങ്ങൾ കഠോപനിഷത്തിൽ സവിസ്തരം പ്രതിപാദിക്കുന്നു. മൃത്യുപ്രേക്തമായ ബ്രഹ്മവിദ്യയേയും അനുഷ്ഠാന കർമ്മങ്ങളേയും അനുസരിച്ച് ജീവിതം തുടർന്ന നചികേതസ്സ് ബ്രഹ്മപ്രാപ്തനും വിരജനും വിമൃത്യുവാനുമായിത്തീർന്നു●

## 2-ാം ചരമവാർഷികം

**12. 02 .2017**



### എ. ആർ. സതി

**ആളാഴത്ത് ഹൗസ്**
**കെ.പി. വള്ളോൻ റോഡ്**
**കടവന്ത്ര, കൊച്ചി 682020**

# കുഞ്ഞുണ്ണി മാസ്റ്റർ
## (1927–2006)



യു. എസ്. രവീന്ദ്രൻ

കുഞ്ഞുണ്ണിമാസ്റ്ററുടെ ദേഹവിയോഗമുണ്ടായിട്ട് ഈ മാർച്ചിൽ പതിനൊന്ന് വർഷങ്ങൾ തികയുന്നു. അദ്ദേഹത്തിന്റെ പാദാരവിന്ദങ്ങളിൽ സ്മരണാഞ്ജലി അർപ്പിച്ചുകൊണ്ട്

സഹൃദയനായ മലയാളിക്ക് കുഞ്ഞുണ്ണി മാഷിനെ പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. മഹത്വം എത്ര ലളിത മാകാമെന്നും എത്ര ചെറുതാകാമെന്നും ഏറ്റവും ലളിതമായതും ചെറുതായതും എത്ര മഹത്വരമാകാമെന്നുള്ളതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് കുഞ്ഞുണ്ണിമാഷ്. കുഞ്ഞുണ്ണി കവിതകൾ ഓരോന്നും ഓരോ വെളിപാടാണ്. ഭാഷയെ വഞ്ചിക്കാതെ വാക്കുകളശ്വാസം മുട്ടിക്കാതെ മൗനത്തിൽ നിന്നും നീറ്റി എടുത്ത പ്രണവസ്വരൂപമാണ് കുഞ്ഞുണ്ണിമാഷിന്റെ കാവ്യലോകം. വായനക്കാരന്റെ നർമ്മബോധത്തെ ഉണർത്തിയെടുത്ത് അതിനെ വേറൊരു അർത്ഥതലത്തിലേക്ക് എത്തിക്കുന്ന മാസ്മരിക വിദ്യയാണ് കുഞ്ഞുണ്ണിമാഷിന്റെ കുഞ്ഞു കവിതകളിൽ. 'വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചു വളർത്താൻ വിളയും വായിക്കാതെ വളർന്നാൽ വളയും'. 'എനിക്കുണ്ടൊരു ലോകം നിനക്കുണ്ടൊരു ലോകം നമുക്കില്ലൊരു ലോകം'. അച്ഛൻ ഇന്റർനെറ്റിലും അമ്മ വാട്ട്സ് ആപ്പിലും മക്കൾ ഫെയ്സ്ബുക്കിലും അവരവരുടെ ലോകത്ത് പരതിക്കൊണ്ടിരിക്കുമ്പോൾ കുടുംബം എന്ന അവരുടെ ലോകത്തിന് സ്ഥാനമില്ല. വായിച്ചു വളരാൻ സമയമില്ല. വായിക്കാതെ വളർന്ന് വളഞ്ഞു പോയി. ദേശീയഗാനം പോലും വേണ്ടാതായി. ഇതെല്ലാം കുഞ്ഞുണ്ണിമാഷ് നേരത്തെ തന്നെ പറഞ്ഞു വെച്ചിട്ടുണ്ട്. ഹിമാലയ മഹാപർവ്വതം കാണുക ആ മഹാന്റെ മുൻപിൽ ചെന്ന് ഒന്നു നോക്കി കാണുക കുഞ്ഞുണ്ണിമാഷിന്റെ ഒരു ജീവിതാഭിലാഷമായിരുന്നു. ജീവിതസായാഹ്നത്തിൽ അതു സാധിച്ചു. എണ്ണായിരം മീറ്റർ ഉയരമുള്ള പർവ്വതശൃംഗം. മുന്നിൽ നിൽക്കുന്ന കുഞ്ഞു മനുഷ്യന്റെ ഉയരം ഒന്നരമീറ്റർ . പരസ്പരം കണ്ണു ചിമ്മാതെ നോക്കി നിൽക്കുന്ന രണ്ടു മഹാസംഭവങ്ങൾഹിമാലയവും കുഞ്ഞുണ്ണിയും. ആർക്കും നുണഞ്ഞു രസിക്കാൻ പറ്റിയ ഒരു കാഴ്ച. വലിയ പ്രപഞ്ചവും വളരെ ചെറിയ ഞാനും ഇതാണ് കുഞ്ഞുണ്ണിമാഷിന്റെ എല്ലാ അത്ഭുതങ്ങൾക്കിടയിൽ കിടക്കുന്ന യാ ഥാർത്ഥ്യം. സ്വന്തം രൂപത്തിലും സ്വന്തം പേരിൽ പോലും പതിഞ്ഞു കിടക്കുന്ന ഈ ചെറുപ്പം കുഞ്ഞുണ്ണി കവിതയുടെ പ്രമേയമാകുന്നു. എത്തറചെറിയൊറുമ്പ്, അവനെത്തറ വലിയ കുറുമ്പ്, എത്തറ വലിയവനേയും അവനിത്തിരി വേദനയാക്കും എത്തറ വലിയൊരു കൊമ്പൻ

അവനിത്തിരിയില്ലൊരു വമ്പ്, എത്തറ ചെറിയവനേയും, അവനേറ്റി കൊണ്ടു നടക്കും. കുട്ടികളെ സ്നേഹിക്കുകയും അവരുടെ കവിയായി തീരുകയും ചെയ്ത കുഞ്ഞുണ്ണിമാഷിന് സ്വന്തം ജീവിതത്തിൽ കുട്ടികൾ വേണമെന്ന് തോന്നിയില്ല. എന്തുകൊണ്ടെന്നാൽ നിലാവിനെ സ്നേഹിക്കുന്ന കവിക്ക് ഇരുട്ട് ഇഷ്ടമാണ്. കറന്റ് പോയാൽ മെഴുകുതിരി കത്തിക്കാറില്ലത്രേ!. കുട്ടിക്കാലത്തെ കുഞ്ഞുണ്ണി മാഷ് വയസ്സനാണ്. വയസ്സു കാലത്തും കുഞ്ഞുണ്ണി മാഷ് കുട്ടിയാണ്.

തീരെ പകിട്ടില്ലാത്തതായിരുന്നു കുഞ്ഞുണ്ണിമാഷിന്റെ ജീവിതം. ലളിതമായ വസ്ത്രധാരണരീതി ആർഭാടങ്ങളൊന്നു മില്ലാത്ത ജീവിതം. എനിക്കു പൊക്കം കുറവാണെന്ന ബോധം കവിയെ ഭരിക്കുന്നു. ലോകം മറിച്ചിട്ട് കോലമാക്കാമെന്നും കോലം മറിച്ചിട്ട് ലോകമാക്കാമെന്നും പറഞ്ഞു വച്ചിട്ട് പൊക്കമില്ലാത്തതാണ് തന്റെ പൊക്കം എന്ന് കവി തെളിയിക്കുന്നു. വലിയലോകം നന്നാക്കാൻ ചെറിയ ചെറിയ സൂത്ര വാക്യങ്ങൾ മെനഞ്ഞെടുക്കുന്നു. വൈദ്യ കുടുംബത്തിൽ പിറന്ന് വൈദ്യനാകാൻ പഠിച്ച് വൈദ്യനാകാതെ പോകുന്നതിൽ ദുഃഖിച്ച വനാണ് കുഞ്ഞുണ്ണിമാഷ്. എന്നാൽ വിരുദ്ധദ്വന്ദങ്ങളെ ഉരുട്ടിയെടുത്ത് ഗുളിക രൂപത്തിലാക്കി പ്രേക്ഷകന് നലകുമ്പോൾ ആ ഒറ്റമൂലി അവന്റെ വായനയോടുള്ള വിശപ്പും രുചിയും വർദ്ധിക്കുന്നു. ഇരുളിന്നൊളിക്കുവാൻ വെളിച്ചമൊന്നാന്തരം, വിശ്വാസം വെളിച്ചമാണിരുട്ടും അതു തന്നെ. മാത്രവുമല്ല ഇരുട്ട് ഉരുട്ടിയെടുത്ത് വെട്ടത്തിട്ട്, മവട്ടമുരുട്ടിയെടുത്ത് ഇരുട്ടത്തിട്ട ഇരുട്ടും വെളിച്ചവും തൂടി എടുത്ത് തട്ടത്തിട്ട്

വാക്കുകൊണ്ടും പ്രതീകം കൊണ്ടും അദ്ദേഹം തട്ടിക്കളിക്കുന്നു. ഒരു കവിതാ സങ്കല്പം തനിക്കുണ്ടോ എന്ന് അദ്ദേഹത്തിനു തന്നെ സംശയമായിരുന്നു. ബുദ്ധി ജീവികളായ ചില കവികൾ മറ്റു കവികളെ കവികളല്ലെന്നും, സവർണ്ണ കവിയാണെന്നും, അല്ലെങ്കിൽ ചിലരുടെ കവിതകൾ അഞ്ചട്ടി കവിതകളെന്നും വിലയിരുത്തുമ്പോൾ കവിതയിൽ ഒരു വിതയുണ്ടെന്നും നല്ലത് വിതച്ചാൽ നല്ലത് കൊയ്യാമെന്നും കുഞ്ഞിണ്ണി മാഷ് പറഞ്ഞു. നാടകം നാടിന്റെ അകമാണെന്നും നോവ് ഇല്ലെങ്കിൽ നോവലില്ല എന്ന് കുഞ്ഞുണ്ണി മാഷ് പറഞ്ഞു. മനസ്സിൽ കുരുത്ത മണിമുത്ത് പറിച്ചെടുത്ത് വായനക്കാരന് സമർപ്പിക്കുന്ന പ്രക്രിയയിൽ എഴുത്തുകാരൻ അനുഭവിക്കുന്ന ആത്മപീഢനം തന്നെയല്ലേ നോവൽ. എഴുതുന്നതല്ല, എഴുതന്നുന്നതാണെഴുത്ത്, വാക്ക് ഒതുക്കുന്നവൻ ഊക്കൻ, കവിത കണ്ടുകിട്ടലാണ്, കവിത വായന കണ്ടുപിടുത്തവും. തീർച്ചയുള്ള വാക്കിനേ മൂർച്ചയുള്ളു. രചനയെക്കുറിച്ചും ആസ്വാദനത്തെക്കുറിച്ചും കുഞ്ഞുണ്ണി മാഷിനുള്ള വെളിപാടുകൾ ഇതൊക്കെയാണ്. കീറ്റ്സ് മരിച്ചിട്ടില്ല. കവിതയായി രൂപാന്തരപ്പെട്ടതാണ് എന്ന് ഷെല്ലി പറഞ്ഞപോലെ കവികൾ മരിക്കുന്നില്ല. അവർ കവിതകളായി രൂപാന്തരപ്പെടുക മാത്രമേ ചെയ്യുന്നുള്ളു. 'കാലമില്ലാതാകുന്നു,ദേശമില്ലാതാകുന്നു. കവിതേ നീ എത്തുമ്പോൾ ഞാൻ ഇല്ലാതാകുന്നു.' എത്ര ആത്മനിഷ്ഠമായ കുഞ്ഞുണ്ണി കവിത. അക്ഷരം തനിക്ക് ക്ഷപിടിച്ചത് അതിൽ അരം ഉള്ളതുകൊണ്ടാണ് എന്ന് അദ്ദേഹം പറയുന്നു. 'അലങ്കാരം അലങ്കോലം എൻ കവിതയ്ക്കുമേ'. അദ്ദേഹത്തിന്റെ കവിതകൾ അനാർ ഭാടമാണ്. ജാഡയില്ലാത്തതാണ്. ഇത്തിരിയേയുള്ളു ഞാൻ എനിക്കു പറയുവാനിത്തിരി വിഷയമേയുള്ളു, അതു പറയാനിത്തിരിയേ വാക്കും വേണ്ടൂ, വാക്കിനോളം തൂക്കമില്ലീയൂക്കൻ ഭൂമിക്കുപോലുമേ എന്ന് അദ്ദേഹത്തിന്റെ കവിതകളിൽ സ്പഷ്ടമാണ്. സ്വന്തം അനുഭവങ്ങളുടെ വെയിൽ തട്ടി മുളച്ചാലേ രചനയ്ക്ക് കരുത്തുണ്ടാകൂ, ഏതനുഭവവും സാംശീകരിക്കുക ഏതവിഷ്കാരത്തിലും ആത്മാംശത്തിന്റെ ഊഷ്മളത കലർത്തുക എന്ന നിഷ്ഠ കുഞ്ഞുണ്ണിമാഷ് എപ്പോഴും പാലിക്കുന്നു. ഉമിനീരു ചേർക്കാതെ ഒന്നും ഇറക്കരുതാരും ഒരിക്കലും ഉമിനീരു ചേർക്കാതെ ഒന്നു ഉരക്കരുതാരും ഒരിക്കലും എന്ന മൊഴിയുടെ അന്തസത്ത അതാണ്. ആദികവിയിൽ ശോകം ശ്ലോകമായി (മാനിഷാദാ) എന്ന് നമ്മുടെ കവി പാരമ്പര്യം പറയുന്നു. കുഞ്ഞുണ്ണി മാഷിന്റ കവിതാ നിർവചനം ഇങ്ങനെയാണ്. തുമ്പപ്പൂവാണ് കവിത. തുമ്പത്തിന്റെ പൂവ് തുമ്പം തീർക്കുന്ന പൂവ്. ഓമനത്വം തുളുമ്പുന്ന വാക്കുകൾ, പൂമ്പൊടി പോലെ മൃദുലമായ വികാരങ്ങൾ ലഹരി പകരുന്ന സംഗീതം ഇവയൊന്നും കുഞ്ഞുണ്ണി കവിതകൾക്കില്ല. അവ കുപ്പിച്ചില്ലുപോലെ മൂർച്ചയുള്ളവയാണ്. 'മണി കൈവശമില്ലെന്ന കാരണം കൊണ്ട് ഒരേടവും ഏണിയോ കോണിയോ കിട്ടാതെ ഏങ്കോണിച്ചു കിടപ്പവൻ എന്നും കുഞ്ഞുണ്ണിയമ്മാവൻ' താൻ എന്നും താനായിരിക്കുക നമ്മുടെ കാലഘട്ടത്തിൽ ഇത്രയും പ്രയാസം മറ്റൊന്നിനും ഇല്ല. പുറമേ ഒരു ലോകം, തന്റെ മാത്രമായ വേറൊരു ലോകം ഈ ലോകങ്ങൾ സമന്വയിപ്പി ക്കുമ്പോഴാണ് പ്രശ്നങ്ങൾ ഉദിക്കുക. സത്യസന്ധതയുടെ പ്രശ്നം നീക്കു പോക്കു കളുടെ പ്രശ്നം 'എനിക്കുണ്ടൊരു ലോകം, നിനക്കുണ്ടൊരു ലോകം നമുക്കില്ലൊരു ലോകം'. ദുര്യോധനന് ഒരു ലോകം ധർമ്മപുത്രർക്ക് മറ്റൊരു ലോകം.. അവിടെനിന്നും കുരുക്ഷേത്രത്തിലേക്കും ശരശയ്യയിലേക്കും അധികം ദൂരമുണ്ടായിരുന്നില്ല. രാമരാജ്യത്തിന്റെ കഥയും ഇതുതന്നെയായിരുന്നു. ഇന്നത്തെ കുടുംബവ്യവസ്ഥിതിയും സാമൂഹിക വ്യവസ്ഥതിയും ഇതു തന്നെ. ദുരിതങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കുട്ടിക്കൊരു മോഹം മുതിർന്നവനാകുവാൻ, കുട്ടിയായ് തീരുവാൻ മുതിർന്നവനും, താനായിതന്നെ യിരി ക്കുവാൻ ആർക്കും ആഗ്രഹം കാണുന്നില്ലിജഗത്തിൽ.

തന്റെ പരിമിതികൾ അറിയുന്നവനാണ് തന്റെ വലിപ്പം അറിയുന്നവൻ. 'ഏകാന്തതയോളം നല്ല കാന്തയില്ല' എന്നെഴുതിയ കുഞ്ഞുണ്ണിമാഷ് മറ്റുള്ളവരെ അലോസര പ്പെടുത്താതിരിക്കലാണ് മഹത്വം എന്നു മനസ്സിലാക്കിയിരിക്കുന്നു. 'ഒരു വളപ്പൊട്ടുണ്ടെൻ കയ്യിൽ, ഒരു മയിൽ പീലിയുണ്ടുള്ളിൽ വിരസനിമിഷങ്ങൾ സരസ മാക്കാനിവ ധാരാളമാണെനിക്കെന്നും'. തന്നിലേക്ക് നോക്കാൻ തുടങ്ങുമ്പോൾ നിർലേപത്വം സ്വഭാവമായി തീരുന്നു. സഹൃദയത്തിന്റെ വളപ്പൊട്ടുകളും മയിൽ പ്പീലികളും പെറുക്കി സൂക്ഷിക്കുക. വിരസ നിമിഷങ്ങൾ സരസമാക്കാമെന്ന് കവി ഉപദേശിക്കുന്നു.ഹാസ്യം ക്രിയാത്മകമാകുമ്പോൾ തന്റേയും സമൂഹത്തിന്റേയും വൈകൃതങ്ങളെ സഹാനുഭൂതിയോടെ കളിയാക്കാം. 'ഒരു കഷ്ണം പുട്ടു തിന്നുവാൻ പപ്പടം വേണ്ടാത്തതുപോലെ ഒരു ജന്മം കഴിച്ചീടാൻ വേളി വേണ്ട' എന്ന് പറഞ്ഞ കവി അതുകൊണ്ടാണ് കുഞ്ഞുണ്ണിമാഷും കെട്ട്യോളും എന്ന് പറയാൻ ഇട വരുത്താതെ കുഞ്ഞുണ്ണി മാഷും കുട്ട്യോളും എന്ന് പറയിപ്പിച്ച് ജന്മം കഴിച്ചത്. തന്റെ പരിമിതികളെപ്പറ്റി ബോധവാനായി വ്യക്തി എപ്പോഴും സമാദരണീയനാണ്. 'പൊക്ക

മില്ലായ്മയാണെന്റെ പൊക്കം എന്നറിയുന്ന ഞാൻ എന്നു മാത്രമല്ല എനിക്ക് പൊക്കം കുറവാണെന്നെ പൊക്കാതിരിക്കുവാൻ' എന്നഭ്യർത്ഥിക്കുക കൂടി ചെയ്യുന്നു. വിരിഞ്ഞ പൂവേ കണ്ടിട്ടുള്ളു പൂ വിരിയുന്നത് കണ്ടിട്ടില്ല ഞാനെന്നിട്ടും ഞെളിയുന്നു ഞാനൊരു കവിയെന്ന്. കുഞ്ഞുണ്ണിമാഷിന് സ്വന്തം പരിമിതികൾ അറിയുമായിരുന്നു. സ്നേഹം എന്ന വികാരം സ്വാർത്ഥതയുടെ വേറൊരു രൂപമാണെന്ന് വിശ്വസിക്കുന്നതുകൊണ്ടാവാം 'അഗാധമായ സ്നേഹം നിഷ്ക്കാമമായ സ്നേഹം നിഷ്കളങ്കസ്നേഹം ഇതൊന്നും എനിക്ക് ആരോടുമില്ല എന്നോടുമില്ല' എന്നു കുഞ്ഞുണ്ണി മാഷ് പറഞ്ഞത്. ഇതു തുറന്നു പറയുവാൻ ആരും ധൈര്യപ്പെടുന്നില്ല. ഇതാണ് സത്യം. കാമുകിയുടെ തുടുത്ത ചുണ്ടിൽ അമർത്തി ചുംബിക്കവേ 'എൻ ചുണ്ടിലൊട്ടിടയ്ക്കൂറിയ മാധുരി നിൻചുണ്ടിനുള്ളതോ, ലിപ്സ്റ്റിക്കിനുള്ളതോ' എന്ന ചോദ്യം മനസ്സിൽ ഉയരുന്ന സാഹചര്യത്തിൻ എന്തു സ്നേഹം എന്തു ഭക്തി ? കപടലോകത്തിലെന്നുടെ കാപട്യം സകലരും കണ്ടതാണെന്റെ പരാജയം എന്ന മൂർച്ചയുള്ള സത്യത്തിന്റെ അമ്പ് കൊള്ളാത്തവർ ആരുമില്ല. മംഗ്ലീഷുകാർ ഏറി വരുന്ന ഇക്കാലത്ത് 'ആറു മലയാളികൾക്ക് നൂറ് മലയാളം അര മലയാളിക്കും ഒരു മലയാളം ഒരു മലയാളിക്കും മലയാളമില്ല'. എന്നത് എത്ര പ്രസക്തമാണ്!!. ഇന്റർനെറ്റും ഫേസ്ബുക്കും വാട്സ്ആപ്പും വ്യക്തികൾ തമ്മിലുള്ള ദൂരം കുറച്ചിട്ടുണ്ട്. പക്ഷേ മനസ്സു കൊണ്ട് അങ്ങിനെ ആയിട്ടുണ്ടോ? തീവ്രവദവും അതിർത്തിയുദ്ധങ്ങളും അഭയാർത്ഥി പ്രശ്നങ്ങളും മതവിദ്വേഷങ്ങളും ഏറി വരുന്ന ഈ കാലത്ത് ലോകമെല്ലാം ഒന്നായിരിക്കുന്നു കമ്പികൊണ്ടും കമ്പിയില്ലാകമ്പി കൊണ്ടും കരളു കൊണ്ടല്ല എന്ന കുഞ്ഞുണ്ണി പ്രവചനം സത്യമായിരിക്കുന്നു. ദേശീയ ഗാനം ചിലർക്ക് അലർജിയായ ഈ അവസരത്തിൽ കുഞ്ഞുണ്ണിമാഷിന്റെ പണ്ടത്തെ കണ്ടെത്തൽ എത്ര സത്യമാണ്. ഇന്ത്യാക്കാരില്ലാത്ത ഒരു രാജ്യമുണ്ടുലകത്തിൽ ഇന്ത്യയെന്നൊരു രാജ്യം. ഇവിടെയുള്ളവർ പാക്കിസ്ഥാനി കളാണെന്നോ , ചൈനാക്കാരാണെന്നോ, ഇറ്റലിക്കാരാണെന്നോ പറഞ്ഞിട്ടില്ലെന്ന് മാത്രം. ഭരണം നന്നാവാത്തതിന് കുറ്റം പറയുന്നവരോട് മാഷ് പറയും 'ഭരണോം ഭരണീം നാത്തൂനേ നന്നാക്യാലേ നന്നാവൂ'. നാത്തൂനും പെങ്ങളും ഭരണിയിൽ കയ്യിട്ടു വാരുക എന്നതിലപ്പുറം ഒരു വർഗ്ഗ താല്പര്യ വുമില്ല എന്ന് മാഷ് പറഞ്ഞിട്ടില്ല. കേളേജ് അദ്ധ്യാപകരുടെ (UGC you get cash) ശമ്പളം വാങ്ങി മിണ്ടാതിരിക്കുക. കിമ്പളം വാങ്ങി ജോലി ചെയ്യുക എന്ന ധർമ്മച്യുതി ക്കെതിരെയും കുഞ്ഞുണ്ണിമാഷ് വിരൽ ചൂണ്ടിയിട്ടുണ്ട്. രാഷ്ട്രത്തിൽ ഈയം ഉരുക്കി ഒഴിക്കുന്നവരെ ഉപജീവന രാഷ്ട്രീയക്കാർ എന്നാണ് മാഷ് പറയാറുള്ളത്. 'യഥാ നാട്ടാർ തഥാ സർക്കാർ' നാട്ടുകാർക്ക് അർഹി ക്കുന്നത് അവർക്ക് ലഭിക്കുന്നു. 'പാർട്ടി പെറും, പാർട്ടി പിളരും പൊളിറ്റിക്സ് ഇങ്ങനെ യെന്നെന്നും പൊളിയാനെന്തു കാരണം? പൊളിയാവതു കാരണം, പ്ലേഗു പരന്നാലുണ്ടു നിവൃത്തി' ഫ്ളാഗ് പറന്നാലില്ല നിവർത്തി ഈ വെളിപാടുകൾ ചിരിപടർത്തും എന്നത് തീർച്ചയാണ്. ആ ചിരി ആത്മനിന്ദയിൽ കൊണ്ടെത്തിക്കുന്നു. അധികാരം തിന്നണമെന്നും ഞാനതു മറ്റാരെകൊണ്ടും തീറ്റില്ല ഇതു മാത്രമാണ് രാഷ്ട്രീയം. വോട്ടിന്റെ വട്ടത്തിൽ ചുറ്റികറങ്ങുന്ന രാഷ്ട്രീയം നാട് ഓട്ടയാക്കുന്നത് കണ്ടു പേടിക്കുന്ന ഒരു പാവത്താൻ ഓട്ട് ചെയ്ത് ഓട്ട് ചെയ്ത് ഓട്ട് ചെയ്ത് ഒരോട്ടക്കാലമായി ഞങ്ങൾ എന്നു കുഞ്ഞുണ്ണിമാഷിലൂടെ പറയുന്നു. രാക്ഷസനിൽ നിന്നും 'രാ' ദുഷ്ടനിൽ നിന്നും 'ഷ്ട' പീറയിൽ നിന്നും ഈച്ചയിൽ നിന്നും ഈ മായത്തിൽ നിന്നും 'യം'. എല്ലാം കൂടി ചേർന്നാൽ രാഷ്ട്രീയം. ഇത്രയും കാലം മുഷ്ടികൊണ്ടിടിച്ചിട്ടും ഇങ്ക്വിലാബ് എന്ന വാക്ക് മലയാളമായില്ല മലയാളം ശ്രേഷ്ഠഭാഷ ആയിട്ടും ലോകത്തിന് ഒരു റിപ്പയറിങ്ങിനുള്ള സമയം അടുത്തുപോയ്, പണിവേഗം തുടങ്ങണം, മതത്തിൽ പുകകൊണ്ടാകെ കരിപിടിച്ചുപോയ്, രാഷ്ട്രീയ ചിതൽ തിന്നിട്ട് അടിത്തട്ടും ദ്രവിച്ചു പോയ്, ശാസ്ത്രകമ്പം കൊണ്ടതിന്റെ അടിത്തറ ഇടിഞ്ഞുപോയ്. കുഞ്ഞുണ്ണിമാഷിന്റെ കവിതകളിലെ രാഷ്ട്രീയസ്വരം ഇതൊക്കെയാണ്. നർമ്മരസം തുളുമ്പന്നതാണ് കുഞ്ഞുണ്ണിമാഷിന്റെ ചില കുട്ടി കവിതകൾ. 'ഏശുവിലാണെൻ വ ിശ്വാസം, കീശയിലാണെന്നാശ്വാസം'. പലതിലും പ്രാസത്തിനേക്കാൾ പ്രാധാന്യം ആശയങ്ങൾക്കാണ്. നല്ല ദാമ്പത്യത്തിനു വേണ്ട സൂത്രവാക്യം ഇങ്ങിനെയാണ്. 'കാന്തയ്ക്കു കണ്ണു പാടില്ല, കാതു പാടില്ല കാന്തനും, ദാമ്പത്യം കാന്തമാമെന്നാൽ , അല്ലെങ്കിൽ കുന്തമായിടും.' ചില സത്യങ്ങൾ ഇങ്ങിനെയൊക്കെ ആണ് പതുക്കെ പറയാനും ഉറക്കെ പറയാനും എനിക്കുണ്ടൊരു കാര്യം സ്വകാര്യം സ്വന്തം കാര്യം. ഞാൻ നിൻ കഴുത്തിൽ താലികെട്ടി, നീയെൻ കാലിൽ കയറു കെട്ടി. തലയിൽ കഷണ്ടിയുള്ളവർ കുറവാണ്. മനസ്സിൽ കഷണ്ടിയില്ലാത്തവരും. സാധാരണ ആളുകൾ കാണുന്ന കാഴ്ചപ്പാടിൽ നിന്നും ഭിന്നമായ മറ്റൊരു കാഴ്ചപ്പാടിൽ കാണുന്നതിൽ കുഞ്ഞുണ്ണിമാഷിന് പ്രയാസമില്ല. അതുകൊണ്ടാവാം കല്ലിനെ പൂജിക്കുന്നോർ പ്രാർത്ഥിപ്പതൊരു വൈരക്കല്ലു കിട്ടുവാനാവാം എന്ന് പറഞ്ഞിട്ടുള്ളത്. ഒരു

പ്രത്യേക വീക്ഷണ വിശേഷത, വൈരുദ്ധ്യങ്ങളിൽ അഭിരമിക്കുന്ന മനസ്സ് കുഞ്ഞുണ്ണി മാഷിന്റെ പ്രത്യേകത യാണ്. വിരുദ്ധോക്തി ജന്യമായ ഹാസ്യം ധാരാളം കാണുന്നത് അതുകൊണ്ടാണ്. ചിലയിടങ്ങളിൽ നർമ്മവും ദർശനവും ഊടും പാവും പോലെ നെയ്തെടുത്തിരിക്കുന്നു. ഞാൻ ബ്രഹ്മമാണെന്ന അഹം ബ്രഹ്മാസ്മി കുഞ്ഞുണ്ണിമാഷ് എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്. 'ഈ ഞാനങ്ങനെയല്ലാ തായാൽ ഈ ബ്രഹ്മാണ്ഡവും ഇങ്ങനെ ഇല്ലാതായിട്ടും അമ്പട ഞാനേ' എന്നാണ് . പാലിന്റെ വെളുപ്പും മുല്ലപ്പൂവിന്റെ വെളുപ്പും വെളുപ്പാണ്. സാക്ഷാൽ വെളുപ്പാരു കണ്ടു.? നീലവാനം നോക്കി മലർന്നു കിടക്കാം, കല്ലിനേപ്പോലും വെണ്ണയാക്കുന്ന പ്രേമം ഉള്ളിൽ കൊണ്ടു നടക്കാം, ചിത്രങ്ങളെഴുതാം, കവിത പാടാം, കയ്പും ചവർപ്പും കൂടുതലാണെങ്കിലും ജീവിതം എത്ര നന്ന് എന്ന് അദ്ദേഹം പറയും. 'വിടാനുള്ളതാണ് വീട്' എന്ന് അദ്ദേഹം ഓർമ്മിപ്പിക്കും. ജീവിതം മരണത്തെ ഒന്നും പഠിപ്പിച്ചിട്ടില്ല. എന്നാൽ മരണം ജീവതത്തെ പലതും പഠിപ്പിച്ചിട്ടുണ്ട് എന്ന് അദ്ദേഹം കണ്ടെത്തിയിട്ടുണ്ട്. ജനനം ദയനീയമായ ഒരു ചുരുങ്ങലാണ്. മരണം മഹനീയമായ വികാസവും. കാലത്തിന്റെ തത്വം ഇങ്ങിനെയാണ്, എബിസിഡിയിലുണ്ടൊരു തത്വം, കാലത്തിന്റെ തത്വം, എസിക്കുള്ളിൽ കിടക്കുന്നു ബിസി എന്നാണാ തത്വം.

മലയാളിയെ മഴവിട്ട് പോയിട്ട് മാസങ്ങളായി. നമുക്ക് വേണ്ടപ്പോൾ വേണ്ടപോലെ മഴ കിട്ടിയ ഒരു കാലമുണ്ടായിരുന്നു. അന്ന് കവി പാടി 'എന്തു രസമാണതു കാണുവാൻ അതിൻ ഗാനം കേൾക്കുവാൻ മേടചൂടിലതു കൊതിപ്പൂ ഞാൻ'. 'മഴപെയ്ത് ചെടികൾ തളിർത്ത് പുഷ്പിക്കുമ്പോൾ കവി പാടുന്നു' മണ്ണിന്റെ മനസ്സല്ലോ മലരിൻ മന്ദസ്മിതം എന്നാൽ നഗരത്തിന്റെ കടന്നാക്രമണം നമ്മുടെ ജീവിതക്രമത്തെ മാറ്റി മറിച്ചതിൽ അദ്ദേഹത്തിന് ദുഃഖമുണ്ട്. അന്തിക്ക് ചന്തം ഇരട്ടിക്കുന്ന പുഷ്പങ്ങൾ നമുക്ക് ഇന്ന് അന്യമായിരിക്കുന്നു. ഇന്നത്തെ വീടുകളെ കുഞ്ഞുണ്ണിമാഷ് അങ്ങാടി വീടുകൾ എന്നാണ് വിളിക്കുന്നത്. അമ്മിയില്ലാത്ത അമ്മയില്ലാത്ത അങ്ങാടി വീടുകൾ! എന്തിന്റേയും അളവു കോൽ പണം മാത്രമായി തീർന്നിരിക്കുന്നു. സ്നേഹബന്ധങ്ങൾ മണി ഓർഡറിലും ബാങ്ക് ഡ്രാഫ്ടിലും ഒതുങ്ങുന്നു. ഗുരുവിനും ശിഷ്യനും മദ്ധ്യത്തിൽ പുസ്തകം ഗുരുതരമായ തടസ്സമാണെന്ന് നാം മറന്നു. ഫലമോ കോളേജെല്ലാം കുന്നിൻമേൽ കുട്ടികളെല്ലാം കുനിൻമേൽ. കുട്ടികളിൽ നിന്ന് ശൈശവും കൂമാരവും തട്ടി പറിക്കുന്നു. ലോവർ കിന്റർഗാർഡനിൽ പോലും കുട്ടികളെ ക്രൂരമായി പഠിപ്പിക്കുന്നു. 'മുട്ടായിൽ ബുദ്ധിചേർത്ത് ബുദ്ധിമുട്ടാക്കി' മാറ്റുന്നു. ഡാഡിമാർക്കും മമ്മിമാർക്കും ആന്റിമാർക്കും ഇതു കേൾക്കാൻ സമയമില്ല. 'അകത്ത് ആയ പുറത്ത് നായ' വലിയ വീടായി എന്നാണ് സങ്കല്പം. പേറ്റു നോവറിയാത്ത അമ്മ മാരുടേയും പോറ്റു നോവറിയാത്ത മക്കളുടെയും തലമുറ വളർന്നിരിക്കുന്നു. മലയാളിക്ക് തനിമ നഷ്ടപ്പെട്ടിരിക്കുന്നു. 'ജനിക്കും നിമിഷം മുതൽ മകന് ഇംഗ്ലീഷ് പഠിക്കണം അതിനായി പ്രസവം അങ്ങ് ഇംഗ്ലണ്ടിൽ തന്നെയാക്കി ഞാൻ', ഇന്നത്തെ വേറൊരു സ്ഥിതി വിശേഷം ഇങ്ങിനെയാണ്. ഒറ്റിക്കൊടുക്കാൻ ആളുകൾ ഏറെയുണ്ട്, ചൂടിക്കാൻ മുൾക്കിരീടവുമുണ്ട്, തറയ്ക്കാൻ കുരിശുമുണ്ട്. അതുകൊണ്ട് കൃസ്തുവിനെ നിർമ്മിക്കാൻ ഒരു നേരം മതി. ദൈവത്തിന്റെ പേരിൽ കാട്ടികൂട്ടുന്ന കോപ്രായങ്ങൾ കണ്ട് ഒരിക്കൽ അദ്ദേഹം പറഞ്ഞു 'പശു തൊഴുത്തിൽ പിറന്നു വീണതും, മരക്കുരിശിൻമേൽ മരിച്ച് ഉയർന്നതും വളരെ നന്നായി, മനുഷ്യപുത്രാ നീ ഉയർ ത്തെഴുന്നേറ്റതോ പരമ വിഢിത്തം'. എന്തെല്ലാം കണ്ടു കൊണ്ടിരിക്കുന്നു..!! 'മനസ്സിൽ അല്പം വിശുദ്ധിയുണ്ടായാൽ മതി കണ്ണൻ ഓടിയെത്തും' എന്ന് കവി പറയുന്നു. കണ്ടീടാനെളുപ്പം കള കമലദളകണ്ണനാം ഉണ്ണിയേ, നാം തേടേണ്ട നാടുതോറും ഗുരുപവന പുരത്തിങ്കലും ചെന്നിടേണ്ട, ഉണ്ടോ പൈമ്പാലല്പം മതിമതി യതു നാം ഉള്ളിൽ വെക്കേണമെന്നാൽ കണ്ടീടാം, കണ്ണനെത്തും, കൊതിയൻ അതു കവർന്നുണ്ണാൻ മെല്ലെ, മെല്ലെ വിഢിത്തമോരോന്നു ചൊല്ലുക എന്ന വാസന അങ്ങു തന്നെ കല്പിച്ചരുളിയതാണ്. അതുകൊണ്ടാണ് സദാ നാരായണ നാമം ചൊല്ലുവാൻ സാധിക്കാത്തത്. എങ്കിലും ചേറിലാണല്ലോ താമര വിരിയുക എന്നിട്ടും വേണ്ടോളം ചേറെഴുന്നൊരു പൊയ്ക യാണെൻ മാനസം, എന്നിട്ടെന്തതിലില്ലാത്തതു നിൻപാദപങ്കജം. കാരണം അങ്ങു തന്നെയാണ്. എന്നിൽ വിഢിത്തവും നിറച്ചത് അങ്ങു തന്നെയല്ലേ. കവിയായ കുഞ്ഞുണ്ണിമാഷിന് തന്റെ നിയോഗ ത്തെപ്പറ്റിയുള്ള ബോധമുണ്ട്.

'കുഞ്ഞുണ്ണിക്കൊരു മോഹം എന്നും കുഞ്ഞായിട്ടു രമിക്കാൻ കുഞ്ഞുങ്ങൾക്കു രസീച്ചീടുന്നൊരു കുഞ്ഞായിട്ടു മരിക്കാൻ.' കുഞ്ഞാവുക എന്നാൽ നിഷ്കളങ്കതയുടെ മൂർത്തിമത്ഭാവമാകുക എന്നാണർത്ഥം. ഈശ്വരനാകുക എന്നതു തന്നെ. മനുഷ്യനാകുകപോലും വിഷമമായ നമ്മുടെ ലോകത്ത് എത്രത്തോളം പ്രയാസമുള്ളതാണ് ഈശ്വരനാകുക.

ഇരുപത്തെട്ടാം നാളിൽ അമ്മയെന്നെ കു

ളിപ്പിച്ച് വിദ്യയെ ധ്യാനിച്ച് വയമ്പു തന്ന് വിണ്ണിനെ ധ്യാനിച്ച് കണ്ണെഴുതിച്ച്, പഞ്ച ഭൂതങ്ങളേയും പഞ്ചപ്രാണനേയും ധ്യാനിച്ച്, ഐമ്പൊന്നിൽ പേരുമണി അരയിലണിയിച്ച് കലാ സ്വരൂപനെ ധ്യാനിച്ച് കാലിൽ ഇരുമ്പു തള അണിയിച്ച് കർമ്മസിദ്ധിയും, കർമ്മ ശുദ്ധിയും നേർന്ന്, കൈകളിൽ കരിവള അണിയിച്ച് കുളിച്ച് ജപിച്ച് ശുദ്ധമായി കോടിയലക്കിയ തുടുത്ത് അഞ്ച് തിരിയിട്ട് കെ ാളുത്തിയ നിലവിളക്കിൻ മുന്നിൽ ചമ്രം പടിഞ്ഞിരിക്കുന്ന അമ്മാവന്റെ മടിയിൽ ഭക്തി പൂർവ്വമർപ്പിച്ച്, അമ്മാവൻ കണ്ണടച്ച് അല്പനേരം ധ്യാനിച്ച് രണ്ടു കൈ കൊണ്ടുമെന്നെ പൊക്കി മാറോടടുപ്പിച്ച് കൃഷ്ണാ, രാമാ, ഗോവിന്ദ, എന്നിങ്ങിനെ എന്റെ ചെവിയിൽ മൂന്നു പ്രാവശ്യം മൂന്നു ലോകനാരായപേര് വിളിച്ച് എന്റെ കുഞ്ഞിമുഖത്തു നോക്കി വൈദ്യൻ കുഞ്ഞുണ്ണിമാമനേപ്പോലെ സിദ്ധനും പ്രസിദ്ധനുമാകണേ എന്ന് പ്രാർത്ഥിച്ച് എനിക്ക് കുഞ്ഞുണ്ണി എന്ന പേരിട്ടു, അങ്ങനെ അനന്ത കോടി ജീവജാലങ്ങളിൽ അഞ്ഞുറു കോടി മനുഷ്യർക്കിടയിൽ ഞാൻ അതിയാരത്ത് തേറമ്പിൽ നാരായണി ഞായപ്പിള്ളി ഇല്ലത്ത് നീലകണ്ഠൻ മൂസ്സത് എന്നിവരുടെ മകനായി കുഞ്ഞുണ്ണി നായരായി കാലം കൊണ്ട് കുഞ്ഞുണ്ണിയായി.

2006 മാർച്ച് 26-ാം തിയതി യാത്ര പറഞ്ഞെങ്കിലും കുഞ്ഞുണ്ണിമാഷ് കാലം കൊണ്ട് ഇല്ലാതായിട്ടില്ല. കുട്ടിക്കവിതകളുടെ രൂപത്തിൽ സഹൃദയരുടെ മനസ്സിൽ ഇപ്പോഴും ജീവിക്കുന്നു●

(അവലംബം കുഞ്ഞുണ്ണികവിതകൾ)

ഗാന്ധിസൂക്തം

# സത്യത്തിന്റെ സ്വരം

ഗ്രാമങ്ങൾക്ക് യോജിച്ച വിദ്യാഭ്യാസമാണ് നമ്മുടെ ലക്ഷ്യമെങ്കിൽ സർവ്വകലാശാലയുടെ ആസ്ഥാനം ഗ്രാമങ്ങളിലാവണം. ഗ്രാമീണരുടെ ആവശ്യങ്ങൾക്കനുസരിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകാനുള്ള കേന്ദ്രങ്ങളാവണം അവ. നഗരത്തിലെ പരിശീലനകേന്ദ്രത്തിൽ നിന്നും ഗ്രാമീണർക്ക് ആവശ്യമുള്ളത് കിട്ടില്ല. നഗരവാസികൾക്ക് ഗ്രാമങ്ങളിൽ താല്പര്യമുണ്ടാകുക എന്നതും അവരെ ഗ്രാമങ്ങളിലേക്ക് കൊണ്ടുവരിക എന്നതും എളുപ്പമുള്ള കാര്യങ്ങളല്ല. സേവാഗ്രാമിലെ അനുഭവങ്ങൾ എന്നെ അതാണ് പഠിപ്പിച്ചത്. ഒരു വർഷം അവിടെ താമസിച്ചിട്ടും ഞങ്ങൾ ഗ്രാമീണരായി എന്ന് ഉറപ്പിച്ചു പറയാനാവില്ല. പ്രാഥമിക വിദ്യാഭ്യാസം അക്ഷരമാലയിലൂടെ എഴുത്തും വായനയും കൊണ്ട് ആരംഭിക്കുന്നതുമൂലം അവരുടെ ബൗദ്ധിക വളർച്ചയ്ക്ക് തടസ്സം ഉണ്ടാകുന്നു. കുറച്ചു ചരിത്രവും ഭൂമിശാസ്ത്രവും മനകണക്കും. പിന്നിട് നൂൽനൂൽപു പോലൊരു വിദ്യയും പഠിപ്പിക്കാതെ ഞാനവരെ അക്ഷരങ്ങൾ എഴുതാൻ പഠിപ്പിക്കില്ല. മേൽപ്പറഞ്ഞ വിഷയങ്ങളിലുടെ അവരുടെ ബുദ്ധി വികസിക്കുന്നു. തകളിയിലൂടെ അഥവാ ചർക്കയിലൂടെ എങ്ങനെ ബുദ്ധിവികാസം ഉണ്ടാകുന്നു എന്ന ചോദ്യം വരാം. യാന്ത്രികമായല്ല അതു പഠിപ്പിക്കുന്നതെങ്കിൽ തീർച്ചയായും അവരുടെ ബുദ്ധി അത്ഭുതകരമായി വളരുക തന്നെ ചെയ്യും. ഒരോ പ്രക്രിയയുടെയും കാര്യകാരണങ്ങളെകുറിച്ച് നിങ്ങൾ കുട്ടിയോട് പറയുമ്പേൾ തക്ളിയുടെ പ്രവർത്തനത്തെക്കുറിച്ച് അവന് വിശദീകരണം നൽകുമ്പോൾ പഞ്ഞി വിളയുന്ന പാടങ്ങൾക്കു നടുവിലേക്ക് അവനെ കൊണ്ടുപോയി പരുത്തി കൃഷിയുടെ ചരിത്രത്തെക്കുറിച്ചും സാംസ്കാരിക വളർച്ചയിൽ അതിനുള്ള പങ്കിനേക്കുറിച്ചും അവനോട് പറഞ്ഞ് മനസ്സിലാക്കി കൊടുക്കുമ്പൊൾ എത്ര കഴി നൂലുണ്ടാക്കിയെന്നും എത്രത്തോളം നേർമ്മയിലാണ് ആ നൂലുണ്ടാക്കിയതെന്നും അവർ പഠിച്ചറിയുമ്പോൾ അവരുടെ താല്പര്യം താനെ വളരുന്നു. കയ്യും കണ്ണും മനസ്സും ഒരേ പോലെ ഏകാഗ്രമാക്കി അവർ ജോലി ചെയ്യും. ഒരാറുമാസം ഈ രീതിയിൽ പരിശീലനം നേടികഴിഞ്ഞാൽ കുട്ടി അക്ഷരമാല വായിക്കാൻ പഠിക്കട്ടെ. വായനയിൽ വേഗത നേടികഴിഞ്ഞാൽ വരക്കാൻ പഠിക്കുക എളുപ്പമാണ്. അതിനുശേഷം ക്ഷേത്രഗണിതരൂപങ്ങളും പക്ഷികളുടെ രൂപങ്ങളും വരയ്ക്കാൻ പഠിച്ചാൽ അക്ഷരങ്ങൾ ഭംഗിയായി എഴുതാം. അക്ഷരവിദ്യ പഠിച്ചിരുന്ന ആ ചെറുപ്പകാലം ഞാനോർമ്മിക്കുന്നു. എന്തൊരു മുഷിപ്പൻ കാലമായിരുന്നു അത്. എന്റെ ബുദ്ധി തുരുമ്പെടുത്ത് കഴിയുകയായിരുന്നു. എഴുത്ത് എന്നത് സുന്ദരമായ ഒരു കലയാണ്, അക്ഷരമാല ആരംഭത്തിൽ തന്നെ അടിച്ചേൽപിച്ച് നാമത്തിന്റെ വശ്യത ഇല്ലാതാക്കുന്നു. അങ്ങനെ വരമൊഴി എന്ന കലയെ നാം ധ്വംസിക്കുന്നു. കുട്ടിയുടെ വളർച്ചയെ നാം മുരടിപ്പിക്കുന്നു●

**ഹരിജൻ 5-6-1937 പുറം 130**

# മലയാള സാഹിത്യവും വനിതകളും

**രാധ ദാമോദരൻ**

മലയാള ഭാഷയുടെ വികാസവും വളർച്ചയും, അത് കൈവരിച്ചിട്ടുള്ള സമുന്നത പദവിയും ഏതൊരു കേരളീയനും അഭിമാനജനകമാണെല്ലോ. നൂറ്റാണ്ടുകളായി, ക്രമാനുഗതമായി കൈവന്ന അത്ഭുത കരമായ പുരോഗതി, മറ്റേത് ശ്രേഷ്ഠ ഭാഷയോടും കിടപിടിക്കുവാൻ തക്ക യോഗ്യത നമ്മുടെ ഭാഷക്ക് നേടിതന്നു. പുരസ്കാരങ്ങൾ ഒന്നിനു പുറകേ മറ്റൊന്നായി എത്തിക്കൊ ണ്ടിരിക്കുന്നു. ആദ്യത്തെ ജ്ഞാനപീഠ പുരസ്കാരം ലഭിച്ചത് മലയാളത്തിനാണല്ലോ. ഭാരതത്തിൽ , വളരെ കുറച്ചുപേർ മാത്രം സംസാരിക്കുന്ന ഈ ഭാഷ ഇന്ന് ഭാരതീയ സാഹിത്യത്തിൽ പ്രമുഖസ്ഥാനം നേടിക്കഴിഞ്ഞു.

എന്നാൽ പിന്നോക്കം തിരിഞ്ഞു നോക്കുമ്പോൾ വലിയ ഒരു സന്ദേഹം നമ്മുടെ മനസ്സിൽ വരുന്നുണ്ട്. എന്തു കൊണ്ടാണ് ഈ സാഹിത്യ സദസ്സിൽ വനിതകളുടെ ചിത്രം തെളിയാത്തത്? ഇരുപതാം നൂറ്റാണ്ടിലെ കാര്യം തന്നെ യെടുക്കാം.വിദ്യാഭ്യാസ മേഖലയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിൽ സ്ത്രീകൾ തുടക്കം മുതലേ സജീവ പങ്കുവഹിച്ചിരുന്നു. അദ്ധ്യാപികമാർ, നേഴ്സുമാർ, ഡോക്ടർമാർ എന്നുവേണ്ട സാഹിത്യ രംഗമൊഴികെ മറ്റെല്ലായിടത്തും സ്ത്രീകൾ മുൻനിരയിൽ ഉണ്ടായിരുന്നു. വൈദുഷ്യവും ഭാവനാ സമ്പന്നതയും രചനാ വൈഭവവും കൈമുതലാണെങ്കിൽ പോലും അവരിൽ പലരും രംഗത്ത് വരാൻ മടിച്ചു. സ്ത്രീ, സാഹിത്യ രംഗത്ത് തിളങ്ങുന്നതിൽ ചിലർക്കെ ങ്കിലും അസഹിഷ്ണത ഉണ്ടായിരുന്നു എന്നു വേണം കരുതുവാൻ. അനുഭവങ്ങൾ പലതും ഈ വിശ്വാസത്തിന് അടിവരയിടുന്നു. ഒരു നല്ല കാവ്യമെഴുതി പ്രസിദ്ധീകരിച്ച കവയിത്രിയെ പരിഹസിച്ച് ഒരാൾ എഴുതിയ വരികൾ പ്രസിദ്ധമാണ്. അത് ഒരു പുരുഷൻ എഴുതിയതാണ്. പേരു മാത്രം സ്ത്രീയുടേത് എന്നായിരുന്നു സൂചന.

''മൻ ആടി ആരുടെയിതെ
ന്നൊരു ശങ്ക തോന്നി''

കൂട്ടി വായിക്കുമ്പോൾ

''മന്നാടി യാരുടെയിതെന്നൊരു
ശങ്ക തോന്നി'' എന്നാകും.

സുഹൃത്തായിരുന്ന ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ എഴുതി കൊടുത്തതാണെന്ന് പരിഹാസം. ക്ഷുഭിതയായ കവയിത്രി എഴുതിയ ശ്ലോകം വളരെ പ്രസിദ്ധമാണ്.

മല്ലാരി പ്രിയയായ ഭാമ സമരം ചെയ്തീലയോ തേർതെളി
ച്ചില്ലേ പണ്ട് സുഭദ്ര, പാരിത് ഭരിക്കുന്നില്ലേ വിക്ടോറിയാ
മല്ലാക്ഷി മണിയാൾക്ക് പാടവമിവക്കെല്ലാം ഭവിച്ചീടുകിൽ
ചൊല്ലേറും കവിയ്ക്കു മാത്രമവരാളല്ലെന്ന് വന്നീടുമോ?

ഇതൊരു ഉദാഹരണം മാത്രം.

കഥയുടേയും നോവലിന്റേയും കാര്യം പറയാനുമില്ല. സ്ത്രീ പുരുഷ ബന്ധത്തെ ക്കുറിച്ചോ പ്രണയ വ്യവഹാരങ്ങളെക്കുറിച്ചോ അവളെന്തെങ്കിലും എഴുതിയാൽ കഥ തീർന്നു. പുരുഷനെ പോലെ സ്ത്രീക്കും നിരീക്ഷണ പാടവമുണ്ടെന്നും ചുറ്റുപാടുമുള്ള പലരുടേയും ജീവിതങ്ങളും സംഘർഷങ്ങളും അവൾ മനസ്സിലാക്കുന്നുണ്ടെന്നും വ്യക്തമായിട്ടറിയാമെങ്കിലും അത് സമ്മതിച്ചു കൊടുക്കുവാൻ ചിലർക്കെങ്കിലും വലിയ മടിയായിരുന്നു. അയ്യേ അവൾക്ക് നാണമില്ലേ ഇങ്ങനെയൊക്കെ എഴുതാൻ. ഇതൊക്കെ അവളുടെ സ്വന്തം അനുഭവമായിരിക്കും. എന്നൊക്കെ പറയാൻ പലർക്കും മടിയുണ്ടായിരുന്നില്ല. പുരുഷന് എന്തും എഴുതാം. സ്ത്രീ അങ്ങനെ ചെയ്യാൻ പാടില്ല എന്നായിരുന്നു ചിലരുടെ നിയമം. അപ്പോൾ സ്ത്രീയുടെ കഴിവുകൾ ശത്രുവിനെ കണ്ട ആമയെ പോലെ ഉൾവലിഞ്ഞു പോയി എന്നു കരുതാം. ഇരുപതാം നൂറ്റാണ്ടിലെ കഥാകാരികളെ കുറിച്ച് ചിന്തിക്കുമ്പോൾ പെട്ടെന്ന് മനസ്സിൽ തെളിയുന്നത് ലളിതാംബികാ അന്തർജ്ജനം, സരസ്വതി യമ്മ, രാജലക്ഷ്മി, മാധവിക്കുട്ടി, വത്സല എന്നിവരെയാണ്. ഇവരിൽ വത്സല മാത്രമേ ഇപ്പോൾ നമ്മോടു കൂടെയുള്ളൂ. വിമർശനങ്ങളെ പുല്ലു പോലെ തള്ളി തന്റെ

മനസ്സിൽ വന്ന ആശയങ്ങൾ വെട്ടിത്തുറന്നെഴുതിയത് മാധവിക്കുട്ടിയാണ്. വിമർശനങ്ങളുടെ മുൾമുനയേറ്റാണെന്ന് പറയുന്നു. (വാസ്തവം നമുക്ക് അറിയില്ല) രാജലക്ഷ്മി സ്വന്തം ജീവൻ ഹോമിച്ചു കളഞ്ഞു. ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് ,ആൺകുട്ടികളെ പോലെ മുടി പറ്റെവെട്ടി ഓടി നടന്നിരുന്ന അതിബുദ്ധിമതിയായിരുന്ന രാജലക്ഷ്മിയിൽ ഒരു കഥാകാരിയുണ്ടെന്ന് അറിഞ്ഞിരുന്നില്ല. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ, തുടർക്കഥയായി അവരുടെ നോവലുകൾ വന്നുതുടങ്ങിയപ്പോൾ വളരെ സന്തോഷിച്ചു. അവരുടെ ആത്മഹത്യ ഒരു നടക്കത്തോടെ യാണ് ശ്രവിച്ചത്.

